

നരേന്ദ്രപ്രസാദ്

മലയാളനാട്

മാനേജിംഗ് എഡിറ്റർ
എസ്. കെ. നായർ
ചീഫ് എഡിറ്റർ
പ്രേമാനായർ
എഡിറ്റർ
വി. ബി. സി. നായർ

17th July 1977
Phone: 2825, 3362

ലേഖനം

ഭ്രംശനത്തെ അതിജീവിക്കുന്ന
ത്രികോണസംയോഗം
നരേന്ദ്രപ്രസാദ്

സാഹിത്യവാരഫലം
എം. കൃഷ്ണൻനായർ

“ദുബായ്” — ഒരു മലയാളിയുടെ
കാഴ്ചപ്പാടിലൂടെ”
പി. ഉണ്ണിമേനോൻ

ബോംബെയിലെ രാത്രികൾ
കൊളാബാവാല

കവിത

പിശക് ഒ. വി. ഉഷ

മണലാരണ്യത്തിലൂടെ ഒരൊട്ടകം
പി. ടി. അബ്ദുറഹിമാൻ

കഥ

മലകയറാൻ മടിക്കുന്ന പെൺകുട്ടികൾ
പെരുന്ന എൻ. ആർ.

മോചനം
പ്രഭാമേനോൻ

നോവൽ

പയ്യന്റെ ഫസ്റ്റ് ലേഡി
വി. കെ. എൻ

പാപമോക്ഷം
പമ്മൻ

അമാവാസി
എൻ. കൃഷ്ണൻനായർ

വിളക്കിനുമാത്രമോ ചുവപ്പ്
കണ്ണദാസൻ

സ്ഥിരംപംക്തികൾ

കഷായം
സുകുമാർ

ഗ്രന്ഥനിരൂപണം
വെന്നി വാസുപിള്ള

പുസ്തകം ഒൻപതു് ∧ ലക്കം ഒൻപതു് ∧ 1152 കർക്കിടകം 2

ഭ്രംശനത്തെ അതിജീവിക്കുന്ന ത്രികോണ സംയോഗം

[കുട്ടപ്പച്ചെട്ടിയാരുടെ മാന്ത്രികവിദ്യകൾ കാഴ്ചക്കാരിൽ ഭയം ജനിപ്പിച്ചു— എന്നിലും ഇണചേരുന്നത്രികോണങ്ങളുടെ ചിത്രം സാക്ഷിയാക്കിക്കൊണ്ട്, കുഷ്ഠം പിടിച്ച വിരലുകളുള്ള കുട്ടപ്പച്ചെട്ടിയാർ മാജിക്കുകാണിച്ചു. ഒരു ഹിപ്നോട്ടിക് സജസ്ഷനിലൂടെ കുഷ്ഠം എന്നിലേക്കു വന്നു. കരയോഗമന്ദിരത്തിന്റെ തിണ്ണയിൽ ചെവിപ്പാമ്പുകളോടൊപ്പം ഉറങ്ങിയ മാജിക്കുകാരന്റെ നിഴലായിരുന്നു മുരുകൻ. ഒരുദിവസം സ്വന്തം വാൾ വയറ്റിൽ കുത്തിക്കയറ്റി, മുരുകനെ കീഴ്പ്പെടുത്തുന്ന മാസ്മരശക്തിക്കു സ്വയം കീഴ്പ്പെട്ട് കുട്ടപ്പച്ചെട്ടിയാർ മരിച്ചു. അപ്പോൾ നാട്ടുകാർ അയാളുടെ ഗ്രന്ഥക്കെട്ടും മന്ത്രക്കുഴലുമെല്ലാം എടുത്തുകൊണ്ടുപോയി. വിരലുകളിൽ ചുറ്റിയിരുന്ന തുണിക്കെട്ടുകൾ മാത്രം ആർക്കും വേണ്ടാതെ കിടന്നു. മുരുകനു കരയാനറിഞ്ഞുകൂടാ അവൻ അലറി. കുട്ടപ്പച്ചെട്ടിയാരുടെ പ്രേതത്തിൽനിന്നു രക്ഷപ്പെടാൻ നാട്ടുകാർ അവനെ മറ്റൊരു മന്ത്രവാദത്തിനു വിധേയനാക്കി ഒന്നും ചെയ്യാനില്ലാതെ അവൻ നടന്നു. ഒടുവിൽ പാമ്പുകളെ പിടിച്ചുവയ്ക്കാൻ തുടങ്ങി. അവൻ എന്നെ ചങ്ങാതിയാക്കാൻ ശ്രമിച്ചു. ഒരിക്കൽ അവനിലൂടെ കുട്ടപ്പച്ചെട്ടിയാർ എന്നോടു സംസാരിച്ചു. എന്റെ മേൽ ആ വികൃതമായ, ഭീതിദമായ മാന്ത്രികമായ വിരലുകൾ വീശി. ഞാൻ ഭയന്നു. അവന്റെ ശക്തിയിൽനിന്ന്, പ്രാകൃതമായ അവന്റെ സ്നേഹവായ്പിൽനിന്ന് ഞാൻ കുതറിമാറി. അവൻ കീഴടക്കിയ പാമ്പുകളെയും അവൻ വരച്ച ത്രികോണങ്ങളെയും ഞാൻ ഭയന്നു. ഞാൻ പരാജയപ്പെടുകയായിരുന്നു. ഒരുദിവസം, തോൽവിയുടെ ആത്യന്തികഘട്ടത്തിൽ, ഞാൻ അവനെ തൊഴിച്ചു. അവനെ ചവിട്ടി എറിഞ്ഞു. അവൻ മരിച്ചു എന്നക തി തിരികെപ്പോന്നു.

കാലം എത്രയോ കഴിഞ്ഞു! എനിക്ക ന്ന് കറുത്ത കണ്ണടയും തുടുത്ത കവിളു ണ്ട്. ഇന്നലെ പെരുവഴിയിൽവച്ചു ണ്ടപ്പോൾ മുരുകൻ എന്നെ തിരിച്ചറി ഞ്ഞില്ല. ആ പാമ്പാട്ടിയുടെ വിരലുകൾ കുട്ടപ്പച്ചെട്ടിയാരുടെ വിരലുകൾപോലെ കുഷ്ഠംപിടിച്ചിരുന്നു. അവൻ പോയിക ഴിഞ്ഞിട്ടും എനിക്കെന്റെ വിരലുകൾ നോക്കാൻ വയ്യ... വയ്യ... വയ്യ ...]

ഒരു കണ്ടുമുട്ടലിന്റേയും ഒരു രൂപാന്ത രീകരണത്തിന്റെയും കഥയാണ് എ പി നാരായണപിള്ളയുടെ "മുരുകൻ എ ന്ന പാമ്പാട്ടി" വക്താവ് കഥ തുടങ്ങു ന്നത് ഇങ്ങിനെയാണ്. "ഇന്നലെ പെരു ഴിയിൽവച്ച് കണ്ടപ്പോൾ മുരുകൻ എ ന്നെ തിരിച്ചറിഞ്ഞില്ല. കറുത്ത കണ്ണടയു തുടുത്ത കവിളും ഉള്ള ഒരു മാന്യനാണ് ഈ വക്താവ്. കുഷ്ഠരോഗിയേയും മ്പിനേയും വെറുക്കുന്ന ഒരു സാധാരണ മാന്യൻ. ഈ ശരാശരി മനുഷ്യൻ കണ്ടുമുട്ടുന്ന ശരാശരിയല്ലാത്ത മനുഷ്യനാണ് മുരുകൻ.

സ്വന്തം മോഹങ്ങൾ അഥവാ ആദർശങ്ങൾ കൊണ്ട് കഥാകൃത്ത് വക്താവിനെ മഹത്വവൽക്കരിക്കുന്നില്ല. സംഭവങ്ങൾ തന്നിലേൽപ്പിക്കുന്ന മാറ്റങ്ങൾ സൂക്ഷ്മമായി കണ്ടുപിടിക്കുവാൻ ഉള്ള ഉപാധിയാണ് ഇവിടെ വക്താവ്. വക്താവിന്റെ സാക്ഷിയും നിയമപാലകനുമായി സ്വയം അവരോധിക്കുന്ന കഥാകൃത്ത് ത രശ്ശീലയ്ക്കുള്ളിലാണ്. വക്താവിന്റെ നി ശ്ശബ്ദനിരൂപകനാണ് ഇവിടെ കഥാകൃത്ത്. നിസ്സംഗമായ ആഖ്യാതമാർഗ്ഗമാണ് അ കൊണ്ട് ഇവിടെ അവലംബിച്ചിട്ടുള്ളത്. ചുരുക്കിപ്പറഞ്ഞാൽ വക്താവിന് വായ ക്കാരനെക്കാൾ കൂടുതലായി മഹത്വം ഒന്നും ഇല്ല.

"ദിവസവും ഞാൻ പരാജയപ്പെടുകയായിരുന്നു. ആ പരാജയബോധം, അപകർഷതാബോധം, ഇന്നുമെനിക്ക് വിട്ടുമാറിയിട്ടില്ല. പാമ്പുകൾക്കും കറുത്ത കണ്ണടകൾക്കും അതിനെ കീഴടക്കാനാവില്ല."

അതിന്റെ ഓർമ്മകളിൽനിന്ന് രക്ഷ നേടാനാണ് ഞാനീ നടപ്പൊക്കെ നടന്നത്. ആദ്യനഖക്ഷതങ്ങൾപോലെ അവയെന്നെ പിൻതുടരുന്നു."

ടി. പത്മനാഭന്റെയും മറ്റും കഥകളിൽ സ്വന്തം സ്വഭാവത്തിന്റെ സവിശേഷതകൾകൊണ്ട് ജീവിതത്തെ നിയന്ത്രിക്കുന്ന ആളാണ് വക്താവ്. സ്വയം നശിക്കുമ്പോഴും, തന്റെ സ്വഭാവത്തിൽനിന്നുണ്ടായ തീരുമാനമായിരിക്കും അതിന് കാരണമാകുന്നത്. വക്താവിന്റെ തീരുമാനം ശരിയോ തെറ്റോ ആവാം. എങ്കിലും ആ തീരുമാനത്തിലൂടെ പ്രകാശിക്കുന്ന അയാളുടെ സ്വഭാവമാണ് അത്തരം കഥകളുടെ ചൈതന്യം. എന്നാൽ സ്വഭാവമെന്നത് മനുഷ്യജീവിതത്തെ സംബന്ധിച്ച മൗലികയാഥാർത്ഥ്യമല്ലെന്ന കാഴ്ചപ്പാടാണ് ഈ കഥയിൽ കൂടി ആവിഷ്കൃതമാകുന്നത്. ഇവിടെ വക്താവ് തന്റെ ജീവിതത്തിന്റെ വിധേയത്വം അംഗീകരിക്കുകയാണ്. തന്റെ ജീവിതഗതിയുടെ കാരണം തന്റെ സ്വഭാവത്തിനതീതമായ മറ്റു പല ഘടകങ്ങളുമാണ്.

പരാജയം അംഗീകരിക്കുന്ന ഒരുവനാണ് ഈ കഥയിലെ വക്താവായ "ഞാൻ" കാല്പനിക കഥാകൃത്തുക്കളുടെ വക്താക്കളെ പോലെ പരാജയത്തെ അയാൾ ധാർമ്മികമായ രക്തസാക്ഷിത്വമാക്കി മാറ്റുന്നില്ല. — വേദനയെ ലഹരിയാക്കി മാറ്റുന്നില്ല എന്നർത്ഥം. ലോകത്തിന്റെ അന്ധമായ നിയമങ്ങളാൽ കളിപ്പന്താക്കപ്പെട്ട ഒരുവന്റെ പരാജയമാണത്. സ്വന്തം ശൂന്യതയെക്കുറിച്ചറിയുന്ന ഒരുവന്റെ പരാജയമാണത്. ഭയവും പരാജയബോധവും അപകർഷാബോധവും ഉള്ള വക്താവിനെ നിസ്സംഗതനായി അവതരിപ്പിക്കുന്നത് എന്തുപറയാൻ വേണ്ടിയാണ്? മുരുകൻ എന്ന പ്രാകൃതജീവിയെക്കാൾ അധഃസ്ഥിതനാണ് വക്താവ് എന്ന പ്രതീതി ഇവിടെ ജനിക്കുന്നു. വക്താവിലൂടെ— വക്താവിന്റെ അവസ്ഥയിലൂടെ ആവിഷ്കരിക്കുന്ന ലോകത്തെ കഴിയുന്നതും വസ്തുനിഷ്ഠമായി അവതരിപ്പിക്കുകയാണ് ഇതിന്റെ പ്രയോജനം. വക്താവ് മാത്രമല്ല, അയാളുൾക്കൊള്ളുന്ന സമൂഹവും ഭയത്തേയും പരാജയബോധത്തേയും മറച്ചുപിടിക്കാൻ ശ്രമിക്കുന്നു.

"കുട്ടപ്പച്ചെട്ടിയാർ മാജിക്കുകാണിക്കുമ്പോഴും നിലത്ത് മഞ്ഞൾപ്പൊടിയിൽ ഈ ചിത്രം വരച്ചിടാറുണ്ട്. മാപ്പിളമാർ അതിനെ ഭയത്തോടെയാണ് നോക്കുക. ചിലപ്പോൾ, കണ്ണുകാട്ടിപ്പോകുമെന്നു ഭയം തോന്നിയാൽ, തിരിഞ്ഞുനിന്നു കുരിശു വരയ്ക്കും, പൊന്നിൻകുരിശുമല മുത്തപ്പനു നേർച്ചനേരും."

ഒരു മാസ്മരശക്തിയെക്കുറിച്ചുള്ള ഭയത്തെ മറ്റൊരു ഭയംകൊണ്ട് കീഴടക്കുന്നവരാണ് ഈ മനുഷ്യർ, കുട്ടപ്പച്ചെട്ടിയാർ മരിച്ചദിവസം എന്താണ് ചെയ്തത്?

നരേന്ദ്രപ്രസാദ്

"മാപ്പിളമാർ കൺകെട്ടിന്റെ രഹസ്യമറിയാൻ കുട്ടപ്പച്ചെട്ടിയാരുടെ ഭൗതികാവശിഷ്ടങ്ങൾ ചികഞ്ഞുനോക്കി. പണ്ടാരൻ വാളെടുത്തുകൊണ്ടുപോയി. നനവുമുറ്റിനിന്ന തുണിക്കെട്ടുകൾമാത്രം ആർക്കും വേണ്ടാതെ കിടന്നു—"

സജീവമായ സാന്നിദ്ധ്യങ്ങളെ ഭയക്കുകയും മരണത്തിന്റെ അവശിഷ്ടങ്ങൾക്കു വേണ്ടി കടിപിടികൂടുകയുംചെയ്യുന്നവരാണിവർ. പ്രാകൃതമായ ഒരു നിർഭയതയ്ക്കു വേണ്ടി, കീഴടക്കാനുള്ള ശക്തിക്കുവേണ്ടി, കുട്ടപ്പച്ചെട്ടിയാർ നൽകേണ്ടിവന്ന വിലയാണ് കുഷ്ഠം. കുഷ്ഠത്തിൽ ചുറ്റിയ ആ തുണി ആർക്കും വേണ്ടായിരുന്നു.

"അതൊക്കെ ചിതലുതിന്നു. അവ മണ്ണിലേക്കു തിരിച്ചുപോയി."

നിരുപദ്രവമെന്നു പ്രത്യക്ഷത്തിൽ തോന്നുന്ന ഈ വാക്യത്തിലും ഇതുപോലെയു

ള്ള മററനവധി വാക്യങ്ങളിലും ഭാഷാപരമായ ഒരുതരം സ്ഫോടകശക്തി ഗോപനംചെയ്തിരിക്കുന്നു. അതു് ഈ കഥയെ ഉത്തമമായ ഒരനുഭവമാക്കുന്നു.

ഇവിടെ കുട്ടപ്പച്ചെട്ടിയാർ ഒരു ഭൗമസ്മൃതിയാകുകയാണ്. അയാൾ ഒരു പാരമ്പര്യമായി, പിതാവായി മാറുകയാണ്. അയാളിൽനിന്ന്, ഈ പ്രാചീന മാന്ത്രികനിൽനിന്ന്, അപഹരിച്ചെടുത്ത ഗ്രന്ഥക്കെട്ടും വാളുമൊക്കെയല്ലേ, നാം സംസ്കാരമെന്നുവച്ചനുഭവിക്കുന്ന സാധനം? അതെ. അതുകൊണ്ടുതന്നെയാണ്, ആ സ്മൃതികൾ ഉറക്കുന്നതുകൊണ്ടുതന്നെയാണ്, ഒരു പിതൃബിംബത്തോടുള്ള അഭിനിവേശമായി കുട്ടപ്പച്ചെട്ടിയാർ നമ്മിലേക്ക് അഭിസംക്രമിക്കുന്നതു്, നമ്മുടെ കാലഘട്ടത്തിൽ ഈ പ്രാകൃതമനുഷ്യന് കഷ്ടവും ദുർഗ്രഹമായ ഒരു സാംസ്കാരികശൃംഖലയുടെ അംഗത്വംമാത്രമേയുള്ളൂ. ആവർത്തനത്തിന്റെ മുരടിപ്പാണ് ഇവിടെ കഷ്ടമാകുന്നതു്. ശരീരത്തിനും ആത്മാവിനും ജീവിതത്തിനും കഷ്ടം. ആധുനിക ശരാശരിമനുഷ്യൻ ഈ ദുരിതത്തെ ഒഴിവാക്കുന്നു. പക്ഷേ, അതോടൊപ്പം കുട്ടപ്പച്ചെട്ടിയാരുടെ പ്രചണ്ഡമായ ഇച്ഛാശക്തിയും നമ്മുടെ ജീവിതങ്ങളിൽനിന്നു് അസ്തമിച്ചിട്ടുണ്ടു്.

മുരുകൻ എന്ന പാമ്പാട്ടിയേയും അവന്റെ വഴികാട്ടിയായ കുട്ടപ്പച്ചെട്ടിയാരെയും നാം കൂട്ടത്തിൽ കൂട്ടുന്നില്ല. എന്നുവച്ച് അവർ ലോകത്ത് നിലനില്ക്കുന്നില്ലെന്ന് വിചാരിച്ചുകളയരുതു്. അവരെയും നമ്മെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു ജൈവശക്തി, മനുഷ്യസമൂഹത്തെയാകെ ഉൾക്കൊള്ളുന്നു. ഈ ജൈവശക്തിയുടെ പ്രതീകമാണ് ഇണചേരുന്ന ത്രികോണങ്ങൾ.

“ഇന്നലെ മുരുകൻ കൊണ്ടുവന്ന ഇണചേരുന്ന ത്രികോണങ്ങൾ ഏഴു സർപ്പങ്ങളെ കീഴടക്കിയതാണ്. അവനും ആ ത്രികോണസംയോഗത്തിന്റെ അടിമയാണ്, ഞാനും.”

ദുർജ്ഞേയമായ ഈ ജൈവശക്തി ചരിത്രത്തിന്റെ നന്ദികെട്ട മർദ്ദനങ്ങളും തള്ളിപ്പറച്ചിലുമേററിട്ടും, നിലനില്ക്കുന്നു. ഈ ശക്തി ലൗഞ്ജുകളിലോ വീടുകളിലോ കാണുകയില്ല. വിഘടനം സംഭവിച്ച്, വിരഹികളും ഭേദങ്ങളുമായി ജീവിക്കുന്ന നഗരവാസികളുടെ ചരിത്രസന്ധിയിൽ ഇതു് കണ്ടെന്നുവരില്ല. അവർ മുരുകനെ തിരിച്ചറിയുന്നില്ല. അവർ ഭയപ്പെടുകയോ അറപ്പോടെ കാറിത്തുപ്പുകയോ ചെയ്തേക്കാം. എന്നാൽ ഒരുകാര്യമുണ്ടു്. വീടുകളെയും വേശ്യാലയങ്ങളെയും സൃഷ്ടിച്ചതു് ഒരേ ലോകമാണ്. സമൂഹഭ്രഷ്ടരെയും സമൂഹത്തെയും സൃഷ്ടിക്കുന്നതു് ഒരേ ലോകമാണ്. പരസ്പരം തിരിച്ചറിയാത്ത ഈ മനുഷ്യധ്രുവങ്ങളിൽ, പ്രസ്ഥാനധ്രുവങ്ങളിൽ, ഒരേ ജീവച്ഛക്തി തന്നെയാണല്ലോ പ്രവർത്തിക്കുന്നതു്. സാധാരണഗതിയിൽ ഇവയെയാകെയുൾക്കൊള്ളുന്ന ഒരു മാനസികനില—ഒരു പൂർണ്ണതാബോധം—നമുക്കു ലഭിക്കാറില്ല. ഇതു ലഭിക്കുവാനുള്ള പ്രാചീനമാർഗ്ഗമായിരുന്നു മാന്ത്രികത്വം. ശ്രീചക്രപൂജയും മററും ഉദാഹരണമായെടുക്കാം. മന്ത്രക്കളം ലോകത്തിന്റെ ഘടനയാണ്. അതിൽ അനുഷ്ഠാനം നടത്തുമ്പോൾ നിങ്ങൾ ലോകത്തെയാകെ ഉൾക്കൊള്ളുകയാണ്. ഇന്നത്തെ മനുഷ്യനെ സംബന്ധിച്ചിടത്തോളം മാന്ത്രികത്വത്തിന് ആ മഹത്വമൊന്നുമില്ല. അതിനെ നാം പരിഷ്കൃതസമൂഹത്തിനു വെളിയിൽ എറിഞ്ഞിരിക്കുന്നു. പക്ഷേ, പൂർണ്ണ മനുഷ്യത്വത്തിന്റെ നൈമിഷികാനുഭവമെങ്കിലും നൽകുന്ന ഒരു ചര്യയിൽ നാം എത്തിച്ചേർന്നിട്ടില്ല. നാം നമ്മുടെ അദ്ധ്വാനത്തിൽനിന്നും നമ്മുടെതന്നെ വികാരങ്ങളിൽനിന്നും അന്യരായിരിക്കുന്നു. നാം അംശങ്ങളായിരിക്കുന്നു. വിരഹികളായിരിക്കുന്നു. ഭയചകിതരായ വിശ്വാസികളായിരിക്കുന്നു. അതുമല്ലെങ്കിൽ ഒരു വിശ്വാസത്തിനുവേണ്ടി അലയുന്നവരായിരിക്കുന്നു.

II

മാസ്മരശക്തികൾക്കുമുമ്പിൽ ഭയചകിതരായിനില്ക്കുന്ന മനുഷ്യരും മാസ്മരശക്തിയുടെ സജീവരൂപമായിനില്ക്കുന്ന മനുഷ്യരും തമ്മിലുള്ള വ്യത്യാസം കണ്ടെത്തിയതാണ് എം. പി. നാരായണപിള്ളയുടെ കൈവല്യം. കുട്ടപ്പച്ചെട്ടിയാർ സജീവമായ മാസ്മരശക്തിയാണ് എന്നുവെച്ചാൽ സ്വന്തം വികാരങ്ങളെയാകെ സംതൃപ്തി

അടിയന്തിരാവസ്ഥയുടെ
ഉരുക്കുമുഷ്ടിയിലമർന്നുപോയ

ഓ. വി. വിജയന്റെ

ധർമ്മപുരാണം.

ഇതാ വെളിച്ചം കാണുന്നു.

മനുഷ്യസ്വാതന്ത്ര്യത്തിലുള്ള വിശ്വാസത്തെ ഭാവിയുള്ള വിശ്വാസത്തെ, നിരന്തര വിപ്ലവത്തിലുള്ള വിശ്വാസത്തെ, വായനക്കാരുമായി പങ്കിടുന്ന ധർമ്മപുരാണം —
ഇൻഡ്യൻ സാഹിത്യത്തിലെ ആദ്യത്തെ സമ്പൂർണ്ണ രാഷ്ട്രീയ പരിഹാസ നോവലായിരിക്കും.

1977 ആഗസ്റ്റ് അവസാനംമുതൽ
മലയാളനാടിൽ
പ്രസിദ്ധീകരിച്ചുതുടങ്ങുന്നു

ച്ചു് ആന്തരികമായ ഐക്യവും ശക്തിയും നേടിയവനാണു് കുട്ടപ്പച്ചെട്ടിയാർ. കുട്ടപ്പച്ചെട്ടിയാരുടെ മാസ്മരശക്തിക്കു കീഴടങ്ങിയ മുരുകൻ ആ ശക്തിയെ അധീനപ്പെടുത്തുന്നതിന്റെ ചരിത്രമാണു് കുട്ടപ്പച്ചെട്ടിയാരിൽനിന്നു് മുരുകനിലേക്കുള്ള ജീവിതപ്രവാഹം. മുരുകനിലൂടെ കുട്ടപ്പച്ചെട്ടിയാർ സംസാരിച്ചുതുടങ്ങിയതു ശ്രദ്ധിക്കുക. കുട്ടപ്പച്ചെട്ടിയാർ മുരുകന്റെ മേൽ പ്രയോഗിച്ച മാസ്മരശക്തികൊണ്ടാണു് മുരുകൻ സർപ്പങ്ങളെ കീഴടക്കുന്നതു്. ഈ മാസ്മരശക്തി ഒരു വിശ്വാസവും ഒരു പ്രതീകവുമാണു്. രൂപരഹിതമായ ജീവിതപ്രതിഭാസങ്ങളുടേയും നിഗൂഢമായ ചേർച്ചകളുടേയും പ്രതീകമാണതു്, അതു് പ്രതീകമായി ഉപയോഗിക്കുന്നതു്, രക്ഷയെഴുതികെട്ടുന്നതുപോലെയാണു്. കരയോഗമന്ദിരവും വേശ്യാലയവും ഹിജഡയുമെല്ലാം രക്ഷയെഴുതി സൂക്ഷിക്കുന്നതു് ഏതു് ദുരൂഹപ്രപഞ്ചം വികിരണംചെയ്യുന്ന ഭീതിയിൽനിന്നു മോചിക്കാനാണോ, ആ ഭീതിയെ അധീനപ്പെടുത്തി എന്നതാണു് കുട്ടപ്പച്ചെട്ടിയാരുടെയും മുരുകന്റെയും അവസ്ഥ. തനിക്കു ഭയമില്ലെന്നു സ്വയം തെളിയിച്ചവരാണു് ഇവരിരുവരും. ഭയവും നിർഭയത്വവും തമ്മിലുള്ള അഭിമുഖസംവാദമാണവിടെ നടക്കുന്നതു്. ഈ നിർഭയത്വത്തിനു്, സ്വയം പൂർണ്ണതാബോധമാണു് കാരണം. പക്ഷേ, ഇതിനു് ഇവർ ഭീമമായ തുക കൊടുക്കേണ്ടിവന്നു. ജീവിതത്തിന്റെ ഭൗതികമായ നേട്ടങ്ങളെല്ലാം—ചരിത്രത്തിന്റെ സൗജന്യങ്ങളെല്ലാം—അവർക്കു നഷ്ടപ്പെട്ടിരിക്കുന്നു,

III

മുരുകനെക്കുറിച്ചോർക്കുമ്പോൾ വക്താവു് ഇണചേർന്നു കിടക്കുന്ന ത്രികോണങ്ങളെക്കുറിച്ചു് ഓർമ്മിക്കുന്നു. പൈതഗോറസ് മുതൽ താൻവരെയുള്ള ഗണിതശാസ്ത്രത്തിന്റെ പ്രതീകമാണതു്. ആ ചിത്രത്തിന്റെ അജ്ഞേയശക്തിയിൽ സ്വയം സമർപ്പിക്കുന്നവരാണു് മാന്ത്രികർ. എന്നാൽ ഈ ത്രികോണചിഹ്നം മന്ത്രത്തിലെയോ തന്ത്രത്തിലെയോ ഒരു സത്യമായിട്ടല്ല വിവക്ഷിക്കപ്പെടുന്നതു്. കഥയുടെ ഘടനയിൽ ആ പരാമർശങ്ങൾക്കുള്ള ധർമ്മം, ജീവിതത്തെച്ചുഴലുന്ന അജ്ഞേയതയെക്കുറിച്ചുള്ള ഒരു വേദന നമ്മിൽ അഭിസംക്രമിപ്പിക്കുക എന്നതാണു്. അതു് ഒരു മനുഷ്യഭാഗധേയത്തിന്റെ ഭാഗമാണു്. അതിൽ യാതൊരു കാല്പനികവിശുദ്ധിയുമില്ല നേരേമറിച്ചു് കുഷ്ഠരോഗത്തിന്റെ ഔദ്ധത്യവും വൈരൂപ്യവുമുണ്ടു്. പരിഷ്കൃതസമൂഹത്തിനു വെളിയിൽ, നമ്മുടെ വഴിയരികിൽ തുടർന്നു പോകുന്ന ഭൂതകാലാവശിഷ്ടം പോലെയുള്ള ജീവിതങ്ങളുടെ യാഥാർത്ഥ്യം നമ്മുടെ മുന്നിൽ കൊണ്ടുവരുന്ന പ്രതീകമായി അതു മാറുന്നു. പകൽ രഹസ്യമായി നടത്തുന്ന വേശ്യാലയങ്ങളും ഹിജഡകളും കരയോഗമന്ദിരവും അതിന്റെ നിഴലിലാണു നില്ക്കുന്നതു്.

ത്രികോണചിഹ്നം മനുഷ്യരുടെ പൊതു പാരമ്പര്യത്തിന്റെ ആദിമ ചിഹ്നങ്ങളിലൊന്നാണു്. അതു കുട്ടപ്പച്ചെട്ടിയാരുമായി ബന്ധിപ്പിക്കുകവഴി, നമ്മുടെതന്നെ രൂപാന്തരങ്ങളായി കുട്ടപ്പച്ചെട്ടിയാരും മുരുകനും മാറുന്നു. ത്രികോണചിഹ്നത്തെ വരച്ചുമാററി, ഭയപ്പെടുന്നതുപോലെ, കുരിശിനെ വരച്ചുമാററി ഭയപ്പെടുമ്പോലെ, നമ്മൾ മുരുകനെയും അകററിക്കളയുന്നു.

ഓരോ ശരാശരി മനുഷ്യനും ഒരു മുരുകനെ അകററിക്കളയുന്നു.

ഇതിന്റെ അർത്ഥം മുരുകൻ ഒരു വ്യക്തിയായിരിക്കുമ്പോൾത്തന്നെ വ്യക്തിയല്ലാതായിരിക്കുന്നു എന്നാണു്. മുരുകൻ ഒരു അവസ്ഥയാണു്. ഒരു സാദ്ധ്യതയാണു്.

ഏതോ പ്രാക്തനതമസ്സിൽനിന്നു് അന്യംനിന്ന കരയോഗമന്ദിരത്തിന്റെ ഇരുണ്ട തിണ്ണയിലേക്കു വരികയും ഒരിക്കൽക്കൂടി പുറന്തള്ളപ്പെട്ടു് പാമ്പാട്ടിയായി അകന്നുപോവുകയും ചെയ്യുന്ന മുരുകൻ, ഭ്രഷ്ടമായ എല്ലാ ജീവിതങ്ങളുടെയും ആദിരൂപമാണു്. ശാശ്വതമായ പുറന്തള്ളലിനെ അതിജീവിക്കുന്ന മനുഷ്യശക്തിയാണു് മുരുകൻ. സ്ഥലകാലങ്ങളിലെല്ലാം കാണാവുന്ന ഒരു ചരിത്രസത്യംപോലെ, ചരിത്രത്തിന്റെ വൃദ്ധിക്ഷയങ്ങളിലെല്ലാം സ്ഥിരമായി കിടക്കുന്ന അംഗഭംഗംവന്ന കൽപ്രതിമപോലെയാണവൻ.

IV

“ഇന്നലെ” എന്നാണു് കഥ തുടങ്ങുന്നതു്. ഇവിടെയാണു് കഥാകൃത്തു് നമ്മോടു നേരിട്ടു സംസാരിക്കുന്നതു്. ഇതു് വെറുമൊരു കഥയാണു്, “സാഹിത്യ”മൊന്നുമല്ലഎന്ന വിചാരം നമുക്കുണ്ടാകുന്നു. ഈ നാടൻ കഥാശൈലിയിൽ കാല്പനിക ശൈലിയുടെ തെരഞ്ഞെടുക്കപ്പെട്ട മൃദുലപദങ്ങളെ നിരാകരിക്കുന്നുണ്ടു്. അതിനുപകരം, വാക്യങ്ങളുടെ പരസ്പരബന്ധംകൊണ്ടുണ്ടാകുന്ന ആന്തരശില്പത്തിന്റെ വാസ്തുവിദ്യാപരമായ അനുപാത സൗന്ദര്യത്തിലാണു് കഥാകൃത്തു് ശ്രദ്ധിച്ചിട്ടുള്ളതു്. ഇണചേർന്നു കിടക്കുന്ന ത്രികോണങ്ങളുടെ ശില്പമാണു് ഈ കഥയ്ക്കുള്ളതു്. ഞാൻ, കുട്ടപ്പച്ചെട്ടിയാർ, മുരുകൻ — ഒരു ത്രികോണത്തിന്റെ മൂന്നു വശങ്ങൾ. മുരുകൻ, കുട്ടപ്പച്ചെട്ടിയാർ, ഞാൻ — മറെറ ത്രികോണത്തിന്റെ മൂന്നുവശങ്ങൾ. ഇവ സൃഷ്ടിക്കുന്ന ഷഡ്കോണത്തിനുള്ളിൽ, ഒരു നാടു്, അതിന്റെ ഭാവവൈചിത്ര്യങ്ങളോടെ, കാണാറാകുന്നു: കരയോഗമന്ദിരം, കച്ചവടക്കാർ, തമിഴന്മാർ, മാപ്പിളമാർ, പൂജകൾ, പ്രേതബാധകൾ, ശംഖുവിളി കേട്ടുണർന്ന സന്ധ്യകൾ···

മുരുകൻ, കുട്ടപ്പച്ചെട്ടിയാർ, ഞാൻ എന്നിവരെ ബന്ധിക്കുന്ന ത്രികോണത്തിന്റെ രേഖയിലൂടെ പ്രവഹിക്കുന്ന വൈദ്യുതിയാണു് ഈ കഥയുടെ ഭാഷ. “എന്റെ” ജീവിതം ഋജുരേഖയിലൂടെ പോകുന്നു. അപ്പോഴാണു് കുട്ടപ്പച്ചെട്ടിയാരുമായി ഞാൻ കുറുകെ വരുന്നതു്! “ഒരു ഹിപ്പ്നോട്ടിക് സജസ്ഷനിലൂടെ കുഷ്ഠം എന്നിലേക്കുവന്നു.” അതു് കുട്ടപ്പച്ചെട്ടിയാരും മുരുകനും തമ്മിലുള്ള ബന്ധത്തെ ഓർമ്മിപ്പിക്കുന്നു: “അവന്റെ കണ്ണുകളിൽ ചുവപ്പുവ്യാപിച്ചു കൈ ആകാശത്തിലേക്കുയർത്തി. കഴുത്തിലെ ഞരമ്പുകൾ ത്രസിച്ചു. ചെവിക്കു കീഴെ രക്തം കെട്ടിനിന്നു—” ത്രികോണത്തിന്റെ മൂന്നാമത്തെ സന്ധിബിന്ദു ഞാനും മുരുകനും തമ്മിൽ കുറുകെ വരുമ്പോഴാണു്: “അവൻ പൊയ്ക്കഴിഞ്ഞിട്ടും എനിക്കെന്റെ വിരലുകളിലേക്കു നോക്കാൻ വയ്യ—വയ്യ—വയ്യ—)

ഇത്തരം അനവധി മുക്കോണുകൾ— മനുഷ്യസന്ദർഭങ്ങൾ പരസ്പരപൂരകങ്ങളായി നില്ക്കുന്ന ത്രിത്വങ്ങൾ— ഈ കഥയിൽ കാണാം. ഈ ത്രികോണസംയോഗത്തിൽ സ്വയം ഉൾപ്പെടുന്നതാണു് ശരാശരി മനുഷ്യനായ വക്താവിനുണ്ടാകുന്ന രൂപാന്തരീകരണം.

ഈ കഥയുടെ വിഷയസ്വീകരണത്തിലും ശൈലിയിലും കുറെ പൊതുക്കാര്യങ്ങൾ പ്രകടമായിട്ടുണ്ടു്.

(1) ആത്മാലാപത്തിന്റെ കാല്പനികാംശം ഇവിടെയില്ല. വികാരങ്ങളെ സന്ദർഭത്തിനനുബന്ധമായിട്ടല്ലാതെ വലുതാക്കിക്കാട്ടാനുള്ള ശ്രമം ഇവിടെയില്ല. മുരുകനുമായുള്ള ആത്മബന്ധം വായനക്കാരൻ നേടുന്നതു് സഹതാപം കൊണ്ടോ, ആരാ

പിശക്

ഒ. വി. ഉഷ

പഴയ കോട്ടയെച്ചുററുന്ന
കിടങ്ങിൽ
വെള്ളം നിശ്ചലമായിരുന്നു.
വേനലിന്റെ ലാഞ്ഛനകൾ പററിയ
ദിക്കുകൾ
വെള്ളത്തിൽ നിഴലിച്ചതു് നോക്കി
പുല്ലിലിരുന്നപ്പോൾ
പിണഞ്ഞ പിശകിന്റെ
ഓർമ്മയിൽ തടഞ്ഞു്
മനസ്സൊന്നു മുറിഞ്ഞു.
വഴിയിൽ
ഒററപ്പൂവും വിരിഞ്ഞതായോർക്കുന്നില്ല.
ചെറുകാററൊന്നെങ്കിലും
തൊട്ടുപോയതോർക്കുന്നില്ല...
ഇളവെയിൽതട്ടി
ഒരിയ്ക്കലെങ്കിലും മനസ്സു ദഹിച്ചില്ല—
ഇക്കുറി
വസന്തം വന്നുപോയതു്
ഞാനറിഞ്ഞേയില്ല—

—o—

ധനമകൊണ്ടോ അല്ല. അതായതു്, മുരുകന്റെ ജീവിതചലനത്തിന്റെ അവസ്ഥ, തന്റെ ജീവിതാവസ്ഥയിൽ അഗാധമായ സ്വാധീനം ചെലുത്തുന്നതായി വക്താവു സമ്മതിക്കുന്നു. ഇതു് യാഥാർത്ഥ്യത്തെക്കുറിച്ചുള്ള ഒരുദാർശനികമായവിഹ്വലതയിൽ സ്വയം കത്തിപ്പിടയുന്ന സ്വഭാവമാണു്.

(2) ശരാശരിത്വം ബാധിച്ച തന്റെ മനസ്സിന്റെ ഭീതികളെയും ദൗർബ്ബല്യങ്ങളെയും തുറന്നു പരാമർശിക്കുന്നതിലൂടെ, താനുൾക്കൊള്ളുന്നസാമൂഹ്യജീവിതബന്ധങ്ങളിലെ വികലവിശ്വാസങ്ങളും പൊള്ളയായ ലക്ഷ്യമാർഗ്ഗങ്ങളും വക്താവു് ധ്വനിപ്പിക്കുന്നു. ലോകത്തിന്റെ കുററം വക്താവു് ഏറെറടുക്കുകയാണു്. കാരണം വക്താവു് തന്റെ മനസ്സിനെത്തന്നെ വിമർശിക്കുന്നു. ഈ കഥയ്ക്കു് ഒരു കുററസമ്മതത്തിന്റെ സ്വഭാവം വന്നുചേർന്നിട്ടുണ്ടു്. സമകാലികമൂല്യഘടനയെ നിലനിർത്തുന്നതിന്റെ കുററം സ്വയം ഏറെറടുക്കുന്ന കഥാകൃത്തിന്റെ കുററസമ്മതമാണതു്.

(3) നിരന്തരമായി മാറിക്കൊണ്ടിരിക്കുന്ന അനുഭവങ്ങളിലൂടെ ഓരോ മനുഷ്യന്റെയും അവസ്ഥാവിശേഷങ്ങൾ അവതരിപ്പിക്കാനാണു് ഇവിടെ കഥാകാരൻ ശ്രമിക്കുന്നതു്. ഇതിന്റെ പിന്നിൽ ആധുനികമായ ഒരു ജീവിതവീക്ഷണമുണ്ടു്. മനുഷ്യപ്രകൃതി എന്നൊന്നില്ല, ഉള്ളതു് സന്ദർഭങ്ങൾ മാത്രം. അവയുടെ പരസ്പരവിനിമയമായ അസ്തിത്വമാണു് പ്രാഥമികം.

(4) മാമൂലുകളെ നിഷേധിക്കുകയും, അവയുടെ ചെമ്പുതെളിച്ചുകാട്ടുകയും ചെയ്യുന്നതിലൂടെ, മനുഷ്യജീവിതത്തെ അഭിമുഖീകരിക്കാൻ, അതുവരെ എഴുത്തുകാർ കാട്ടിയിട്ടില്ലാത്ത ഒരു ധൈര്യം എം. പി. നാരായണപിള്ള പ്രദർശിപ്പിച്ചു. ഈ ധൈര്യമാണു് ആധുനികഭാവുകത്വത്തിന്റെ ആണിക്കല്ലു്. ദുരൂഹമായ സത്യത്തെ മനസ്സിലാക്കാനും മാനുഷികമാക്കാനും (humanise) മനുഷ്യരാശി ചരിത്രപരമായി നടത്തുന്ന ശ്രമത്തിന്റെ ഭാഗമായി സാഹിത്യത്തെ ഉയർത്തുകയാണു് ഇവിടെ കഥാകൃത്തു് മനഃപൂർവ്വമല്ലാതെ തന്നെ, ചെയ്യുന്നതു്. മതം, തത്വശാസ്ത്രം, രാഷ്ട്രീയം തുടങ്ങിയ മാനുഷിക സത്യാന്വേഷണമേഖലകളെ സാഹിത്യകാരൻ ദൂരെ നിർത്തേണ്ടതില്ലെന്ന ധാരണയാണു് ഈ പ്രവൃത്തിയെ സാദ്ധ്യമാക്കിയിട്ടുള്ളതു്.

(5) സാമൂഹ്യഭ്രഷ്ടന്റെ ജീവിതത്തിലൂടെ സമൂഹത്തെ അറിയുവാനുള്ള ശ്രമം ഈ കഥയിൽ ആരംഭിക്കുന്നു.

(6) യാഥാതഥ്യവും(realism) ഭ്രമകല്പനയും (fantasy) തമ്മിലുള്ള അതിർവരമ്പുകൾ അപ്രത്യക്ഷമാകുന്നു. ഇതിന്റെ കാരണം വർത്തമാനകാലത്തിന്റെ കത്തിമുനയിലേക്കു് ചരിത്രത്തിന്റെ പ്രവാഹത്തെയാകെ കൊണ്ടുവന്നുനിർത്തുന്നതാണു്. അമൂർത്തമായ ത്രികോണ സംയോഗ ചിന്തയും പാലോത്തമ്മയുടെ പീടികയും ഒരേ കഥാഘടനയിൽ അവതരിപ്പിക്കാൻ കഴിയും വിധം, യഥാർത്ഥ മനുഷ്യ പ്രതികരണങ്ങളുടെ ഒരു ലോഹച്ചരടിൽ, യഥാതഥ ചിത്രങ്ങളും അമൂർത്ത പ്രതീതികളും അവതരിപ്പിക്കാൻ എം. പി. നാരായണപിള്ളയ്ക്കു കഴിഞ്ഞിരിക്കുന്നു. ഓരോ വാക്യവും വിവിധ വർണ്ണമാനങ്ങളുള്ള ചിത്രമാക്കാൻ കഴിഞ്ഞ കഥാകൃത്തു് ചിത്രകാരന്റെയും നാടൻ കഥാകാരന്റെയും അപൂർവ്വ സംയോഗമാണു്.

മലയാളത്തിലെ ആധുനിക ചെറുകഥയിൽ പിൽക്കാലത്തു വികസിച്ചുവന്നിട്ടുള്ള സഹജഭാവങ്ങളാണു് മേൽ സൂചിപ്പിച്ച കാര്യങ്ങൾ. "മുരുകൻ എന്ന പാമ്പാട്ടി" എന്ന കഥ, നമ്മുടെ ചെറുകഥാസാഹിത്യത്തിൽ, നവീനവും ഫലസമൃദ്ധവുമായ ഒരു യുഗത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു. ഇതിന്റെയർത്ഥം, ഈ കഥയ്ക്കു് ചരിത്രപരമായ പ്രാധാന്യമാണുള്ളതെന്നല്ല. സത്യത്തിന്റെ സൗന്ദര്യത്തിലേക്കു മനുഷ്യനെ ഇത്ര ശക്തിയായി വലിച്ചെറിയുന്ന മലയാള കഥകൾ വിരലിലെണ്ണാവുന്നത്രയേ ഉള്ളൂ. "ഒരു ഹിപ്നോട്ടിക് സജഷനിലൂടെ" ഈ കഥ നമ്മിലേക്കു വരുന്നു. കവി പറഞ്ഞതുപോലെ, ഒരിക്കൽ വന്നാൽ അതു് ഒരിക്കലും തിരിച്ചുപോകുന്നില്ല. മലയാളത്തിലെ ഒരു ക്ലാസ്സിക്കാണു് "മുരുകൻ എന്ന പാമ്പാട്ടി."

—o—

മലയാളഭാഷയിൽ എന്നും സ്മരിക്കപ്പെടുന്ന സാഹിത്യസൃഷ്ടികളുടെ സമാഹാരം!

മലയാളനാട്
ഓണം സ്പെഷ്യൽ
1977

ഇൻഡ്യയിലെ വിവിധ ഭാഷകളിലേക്കു് തർജ്ജമചെയ്യപ്പെട്ട
വി. ബി. സി. നായരുടെ
ഫീച്ചർ
"പൂർണ്ണതതേടുന്ന അപൂർണ്ണ ബിന്ദുക്കൾ"

△ △ △

മയ്യഴിപ്പുഴയുടെ തീരങ്ങൾക്കുശേഷം
എം. മുകുന്ദൻ എഴുതിയ
ഏററവും ശ്രദ്ധേയമായ നോവൽ!
"ചാർളിമാസ്റ്റർ"
പൂർണ്ണമായും സ്പെഷ്യലിൽ വായിക്കുക!
പുസ്തകരൂപത്തിൽ ഈ നോവലിനു് 6 രൂപയോളം വിലവരും.

△ △ △

കഥകൾ, ലേഖനങ്ങൾ, കവിതകൾ!
ഒററപ്രതി 2 രൂപ

സാഹിത്യവാരഫലം

എം. കൃഷ്ണൻനായർ

കാലം എന്ന സംസ്കൃതപദത്തിനു് കണക്കാക്കുന്നതു് എന്നാണു് അർത്ഥം. (കാല: എന്നു സംസ്കൃതത്തിൽ) കലയുടെ ഏററവും വലിയ ശത്രു ഈ കാലമാണു്. വാല്മീകിയുടെ "രാമായണ"ത്തെപ്പോലും ഒരിക്കൽ കാലം സംഹരിച്ചുകളയും. കലാസൃഷ്ടികളുടെ കാര്യം പോകട്ടെ. ഭൂമിയെയും കാലം ഇല്ലാതാക്കും. ഭൂമിക്കു് ഒരുതവണ കറങ്ങിവരുന്നതിനു് ഒരു ദിവസം വേണം. ഈ ദിവസത്തെ നമ്മൾ 86400 ഏകകങ്ങളായി വിഭജിച്ചു് ഓരോ ഏകകത്തിനും സെക്കൻഡ് എന്നു പേരിട്ടിരിക്കുന്നു എന്നാൽ അറേറാമിക് ക്ലോക്കുകൊണ്ടു് നിർണ്ണയിക്കപ്പെടുന്ന സെക്കൻഡിനെക്കാൾ ഓരോ സെക്കൻഡിനും അല്പം ദൈർഘ്യംകൂടും. ഇതിനു കാരണം ഭൂമിയുടെ ഭ്രമണം ക്രമാനുഗതമായി കുറഞ്ഞുവരുന്നു എന്നതാണു്. പതിനഞ്ചു് വർഷം ഭൂമി കറങ്ങിക്കഴിയുമ്പോൾ ഏതാണ്ടു് പത്തുസെക്കൻഡു് നഷ്ടമായി ബ്ഭവിക്കും. ഇതു ശരിയാണെന്നു ശാസ്ത്രജ്ഞന്മാരാണു് പറയുന്നതു്. അങ്ങനെയാണെങ്കിൽ കോടാനുകോടി വർഷങ്ങൾ കഴിയുമ്പോൾ ഭൂമി നിശ്ചലമാവുകയില്ലേ? കാലത്തിന്റെ സംഹാരശക്തി എന്നല്ലാതെന്തുപറയാൻ? ഉത്കൃഷ്ടങ്ങളായ സാഹിത്യകൃതികൾ വായിക്കുമ്പോൾ കാലത്തിന്റെ പ്രവാഹത്തെക്കുറിച്ചും അതിന്റെ ഹനനശക്തിയെക്കുറിച്ചും നമുക്കു ബോധമുണ്ടാകും. ഒരു ഉദാഹരണം ഗാവ്റിയേൽ ഗാർതിയ മാർകേസ് എഴുതിയ One Hundred Years of Solitude എന്ന നോവലാണു്. ഇരുപതാം ശതാബ്ദത്തിലെ ഏററവും പ്രധാനപ്പെട്ട നോവലാണതു്. അതു വായിക്കുമ്പോൾ നമ്മൾ കാലത്തിന്റെ ആഘാതമേററു് പ്രകമ്പനം കൊള്ളുന്നു. ചെറിയ അളവിൽ ഈ അനുഭൂതി ഉളവാക്കുന്ന കഥകളുണ്ടു്. നോർവീജിയൻ നോവലിസ്റ്റായ ബ്യേറൻസൺ (Bjornson) രചിച്ച Father എന്ന ചെറുകഥ വായിക്കുമ്പോൾ കാലത്തിന്റെ അപ്രതിഹതത്വവും അനിവാര്യതയും നമുക്കു് അനുഭവപ്പെടുന്നു. "മാതൃഭൂമി"യിൽ ശ്രീമതി വത്സല എഴുതിയ "ഒരു ചരമഗാനം" എന്ന ചെറുകഥയും എനിക്കു് ഈ അനുഭൂതി നല്കുകയുണ്ടായി. ആധ്യാത്മികതയുടെ മുഖംമൂടി ധരിച്ചുനില്ക്കുന്ന കാപട്യത്തിന്റെ നേർക്കു് അധിക്ഷേപത്തിന്റെ അമ്പുകൾ അയയ്ക്കാനാണു് വത്സലയ്ക്കു കൗതുകം. ലക്ഷ്യവേധികളാണു് ആ ശരങ്ങളെന്നു് സമ്മതിക്കാം. എങ്കിലും അതിനെക്കാൾ പ്രധാനമായതു് കാലത്തിന്റെ സംഹാരാത്മകത്വം തന്നെയാണു്. ആശ്രയമില്ലാതെ ഒരു സ്ഥലത്തു് വന്നുചേരുന്ന ഒരു യുവതി ഏതോ ഒരുവനിൽനിന്നു് ഗർഭം ധരിക്കുന്നു. അവൾ പ്രസവിക്കുന്നു. കുഞ്ഞു് വളർന്നുവരുന്നു. അമ്മ രോഗംപിടിച്ചു മരിക്കുന്നു. ദയനീയമായ ഈ ജീവിതത്തിൽ പ്രകാശം പ്രസരിപ്പിക്കാനെന്ന മട്ടിൽ ഒരു പുരോഹിതൻ പ്രത്യക്ഷനാകുന്നു. അയാൾ വെറുമൊരു കാപട്യക്കാരനാണു്, ചൂഷകനാണു് എന്നൊക്കെ വത്സല വൈദഗ്ദ്ധ്യത്തോടെ അഭിവ്യഞ്ജിപ്പിക്കുന്നു. ഒടുവിൽ, മരിച്ച സ്ത്രീയുടെ ഫോട്ടോ എടുത്തുകഴിയുമ്പോൾ "അമ്പേ! എന്തൊരു കാപട്യം!" എന്നു് നമ്മൾ പറഞ്ഞുപോകുന്നു. വായനക്കാരനെക്കൊണ്ടു് ഇങ്ങനെ ഉദീരണം ചെയ്യിക്കുന്നതിലല്ല നാം കഥാകാരിയുടെ സാമർത്ഥ്യം കാണേണ്ടതെന്നു് ഞാൻ മുൻപു് പറഞ്ഞല്ലോ. ആരോരുമില്ലാതെ ഒരു സ്ഥലത്തു് വന്നുചേരുന്ന ഒരു തരുണിയോടു് കാലം പറയുന്നു: "ഞാൻ നിന്നെ ഇല്ലാതാക്കും." അവളെ ഇല്ലാതാക്കിയതിനുശേഷം അതു് അവളുടെ മകളെ കൊണ്ടുവരുന്നു. ആ കുഞ്ഞിനെ നോക്കി കാലം ഗർജ്ജിക്കുന്നു. "ഞാൻ നിന്നെയും ഇല്ലാതാക്കും." ഈ ഗർജ്ജനങ്ങളാണു് എന്റെ ജീവിതാവബോധത്തെ തീക്ഷ്ണമാക്കുന്നതു്. ഈ കഥയിലെ ടെക്നിക്കിനെക്കുറിച്ചു് ഒരു വാക്കു്. ഇന്നരീതിയിലേ എഴുതാവൂ എന്നാരും നിർബ്ബന്ധംപിടിക്കാൻ പാടില്ല. ഔർബാക്ഹിന്റെ Mimesis [Auerbach] എന്ന ഗ്രന്ഥം great criticism എന്നതിലാണു് ഉൾപ്പെടുക. ഔർബാക്ഹ് എവിടെ? ഞാനെവിടെ? എങ്കിലും 19-ാം ശതാബ്ദത്തിലെ സാഹിത്യകൃതികളിലെ റീയലിസം മാനദണ്ഡമാക്കിക്കൊണ്ടാണു് അദ്ദേഹം ഇരുപതാം ശതാബ്ദത്തിലെ കൃതികളെ വിലയിരുത്തുന്നതെന്ന വസ്തുത ചൂണ്ടിക്കാണിക്കട്ടെ. അങ്ങനെ പ്രവർത്തിക്കുന്ന ഔർബാക്ഹ് ജോയിസിന്റെ "യുലീസസ്സി"നെ hodge podge (ഹോജ്പോജ് = പലതും കൂട്ടിക്കലർത്തിയതു്) എന്നു വിളിക്കുന്നു. വർജീനിയ വുൾഫിനെയും പ്രൂസ്തിനെയും ഔർബാക്ഹിനു് ഇഷ്ടമല്ല. സങ്കുചിതമായ വീക്ഷണഗതി അവലംബിക്കുന്നതിന്റെ തകരാറാണിതു്. അതിനാൽ തകഴി ശിവശങ്കരപ്പിള്ളയുടെ റീയലിസം വത്സലയുടെ ചെറുകഥയിൽ കാണുന്നില്ലെന്നു പറയുന്നതു് മൗഢ്യമാണു്. ഇതു് മനസ്സിലാക്കിക്കൊണ്ടുതന്നെ എഴുതട്ടെ. വത്സലയുടെ ടെക്നിക് കൃത്രിമമാണു്. സ്വാഭാവികമായി കഥ പറഞ്ഞിരുന്നെങ്കിൽ അതിന്റെ ആർദ്രീകരണശക്തി കൂടുമായിരുന്നു എന്നതിൽ ഒരു സംശയവുമില്ല. താജ്മഹലിനെപ്പോലും ഇല്ലാതാക്കുന്ന കാലമേ നിനക്കു നമോവാകം,

* * *

സ്ത്രീകൾ പുരുഷന്മാരോടു പകരംവീട്ടുന്നതു് പലതരത്തിലാണു്. പ്രശസ്തനായ അഭിനേതാവു് ശ്രീ. പി. കെ. വിക്രമൻനായർ എന്നോടു പറഞ്ഞ ഒരു സംഭവം ഓർമ്മയിലെത്തുന്നു, "—യുടെ ഭർത്താവു് പെട്ടെന്നാണു് മരിച്ചതെന്നു് കൃഷ്ണൻനായർക്കു് അറിഞ്ഞുകൂടേ? അയാൾ മരിച്ചു പതിനാറു കഴിയുന്നതിനുമുൻപു് അവൾ ആ വക്കീലിനെക്കേറിയങ്ങു് സ്നേഹിച്ചു. പട്ടണമാകെ അതു സംസാരവിഷയമായി. "വക്കീലിനു് ആകാമെങ്കിൽ എനിക്കെന്തുകൊണ്ടു പാടില്ല" എന്നായി നമ്മുടെ ഗോപാലൻനായർ. (പേരുമാററി എഴുതിയിരിക്കുകയാണു് ഇവിടെ) അയാൾ പതുക്കെ അടുത്തുകൂടി. ഈ സമയംകൊണ്ടു് വക്കീൽ അവളോടുള്ള വേഴ്ച ഇല്ലാതാക്കിയിരുന്നു. ദുഷ്പേരുനിമിത്തമാണു് അദ്ദേഹം മാറിക്കളഞ്ഞതു്. വക്കീലിനോടു് അതിരററ കാമംതോന്നിയിരുന്ന അവൾ വലിയ വിദ്വേഷത്തോടെയാണു് കഴിഞ്ഞുപോന്നതു്. അപ്പോഴാണു് ഗോപാലൻനായരുടെ ശൃംഗരിച്ചുകൊണ്ടുള്ള സമീപനം. അവൾ അയാളെ പ്രോത്സാഹിപ്പിച്ചു. ആദ്യം ചിരിക്കുപകരം ചിരി. സ്പർശനത്തിനു പകരം സ്പർശനം. കൈയമർത്തലിനു പകരം കൈയമർത്തൽ. ഒടുവിൽ ഗോപാലൻനായർ തികഞ്ഞ ആത്മവിശ്വാസത്തോടെ പറഞ്ഞു: "ഞാൻ ഇന്നു് രാത്രി വരും. മുറിയുടെ വാതിൽ തുറന്നിട്ടേക്കണം." ചിരിച്ചു കുഴഞ്ഞുകൊണ്ടു് അവൾ മറുപടി നൽകി:—"നിശ്ചയമായും വരണം. ഞാൻ കാത്തിരിക്കും." പറഞ്ഞ സമയത്തുതന്നെ ഗോപാലൻനായർ മുറിയ്ക്കകത്തു കടന്നു. കട്ടിലിൽ ഇരുന്നു. അവളെ കടന്നാശ്ലേഷിക്കാൻ ഭാവിച്ചപ്പോൾ പെട്ടെന്നു് അവളുടെ മട്ടുമാറി. ആ പ്രദേശം മുഴുവൻ കേൾക്കുമാറു് അവൾ നിലവിളിച്ചു. ആളുകൾ ഓടിക്കൂടി. ഗോപാലൻനായർക്കു് രക്ഷപ്രാപിക്കാൻ സാധിച്ചില്ല. വന്നെത്തിയവർ അയാളെ എടുത്തിട്ടു് ചതച്ചു. ഇതാണു് സ്ത്രീയുടെ പ്രതികാരം. വക്കീൽ "ഒഴിഞ്ഞുമാറിയതുകൊണ്ടു മറെറാരുപുരുഷനോടുപകരംവീട്ടുന്നു" എറിക് ബേൺ എന്ന മനഃശാസ്ത്രജ്ഞൻ ഇതിനെ Rapo എന്നാണു് വിളിക്കുന്നതു് വിദ്വേഷമോ കോപമോ ഉണ്ടായാൽ അതിനു് ഏതെങ്കിലും തരത്തിലുള്ള സ്ഫുടീകരണം സംഭവിക്കണം. ഇല്ലെങ്കിൽ ആ വ്യക്തി ആത്മഹത്യചെയ്തെന്നുവരും. ദേഷ്യത്തിനു കാരണം ഒന്നു്; ചേഷ്ട മറെറാന്നു്— ഇങ്ങനെയായിരിക്കും രീതി. അമ്മയുടെയോ സ

ഹോദരിയുടേയോ വ്യഭിചാരം കണ്ട് അതിന് എതിരായി ഒന്നും പ്രവർത്തിക്കാൻ കഴിയാത്തവൻ വെറുതെയിരിക്കുന്ന നമ്മെ നോക്കി നാലു തെറിപറഞ്ഞെന്നു വരും. കാരണം കൂടാതെ നമ്മെ തെറിപറയുകയോ ആക്ഷേപിക്കുകയോ ചെയ്യുന്നവനോട് നാം കോപിക്കരുത്. ആ കോപത്തിനു കാരണം അവന്റെ വീട്ടിലാണുള്ളത്. സാധു. കോപിച്ചെങ്കിലും അവൻ മനസ്സിനു ശാന്തി കൈവരുത്തട്ടെ. ഇങ്ങനെയുള്ള മനോവിജ്ഞാനീയതത്ത്വങ്ങൾക്കു യോജിച്ചമട്ടിലാണ് ശ്രീ. സതീഷ്ചന്ദ്രൻ കലാകൗമുദിയിൽ ഒരു ചെറുകഥ എഴുതിയിരിക്കുന്നത്. (സ്റ്റാറ്റസ് സിംബൽ) ടെന്നീസ്കളിയിൽ തോറ്റ മകളെ അമ്മ ശകാരിച്ചു. ശകാരം അതിരറ്റപ്പോൾ മകൾ പ്രതികാരനിർവഹണത്തിനു തയ്യാറായി. റോഡിൽ കണ്ട ഒരുത്തനുമായി അവൾ ലൈംഗികവേഴ്ച നടത്തി. അനിയതമായ മാനസികനിലയാണ് അവൾക്കുള്ളതെന്ന് വായനക്കാർക്കു തോന്നുന്നുണ്ടാവും. ആ തോന്നലിൽ സത്യമില്ലാതില്ല. എങ്കിലും ദേഷ്യവും വെറുപ്പും കാമവും ഒരുമിച്ചാണ് എപ്പോഴും പ്രവർത്തിക്കുന്നതെന്ന് നാം മനസ്സിലാക്കണം. പുരുഷനോടു വെറുപ്പു കാണിക്കുന്ന സ്ത്രീയും സ്ത്രീയോടു വിദ്വേഷം പ്രകടിപ്പിക്കുന്ന പുരുഷനും തങ്ങളുടെ ലൈംഗികത്വത്തിന്റെ മണ്ഡലംകൂടി ഉദ്ഘാടനം ചെയ്യുകയാണ്. ഇത് എന്റെ അഭിപ്രായമല്ല, മനഃശാസ്ത്രജ്ഞന്മാരുടേതാണ്.

* * *

ഗാനരചയിതാവും സംഗീതജ്ഞനും ആയ വാഗ്നർ ജർമ്മൻ ചക്രവർത്തിക്കു എഴുതി അയച്ച ഒരു വാക്യം പ്രസിദ്ധമാണ്:–Art by presenting life as a game transforms its most terrifying facets into beautiful images. thus elevating and consoling us. — ജീവിതത്തെ ക്രീഡയായി ആവിഷ്കരിക്കുന്ന കല അതിന്റെ ഭയജനകങ്ങളായ മുഖങ്ങളെ രമണീയങ്ങളായ വാങ്മയ ചിത്രങ്ങളാക്കി മാറ്റുന്നു. അങ്ങനെ അത് നമ്മെ ഉയർത്തുന്നു, ആശ്വസിപ്പിക്കുന്നു. വാഗ്നറുടെ ഈ വാക്യം മനസ്സിൽ വച്ചുകൊണ്ട് നമ്മൾ “കുങ്കുമം” വാരികയിലെ “ബിവേർ ഓഫ് ഡോഗ്” എന്ന കഥ വായിച്ചാൽ നൈരാശ്യത്തിൽ വീഴും. പട്ടണത്തിൽ ജോലിക്കെത്തിയ ഒരു യുവാവ് ഒരു സൈനികോദ്യോഗസ്ഥന്റെ വീട്ടിൽ താമസമാകുന്നു. അയാളുടെ മകൾ ആ ചെറുപ്പക്കാരനെ ആക്രമിക്കുന്നു. യുവാവ് വഴങ്ങുന്നില്ലെന്നു കണ്ടപ്പോൾ അവൾ പകരം വീട്ടുന്നു. തന്നെ ആ യുവാവ് ഉപദ്രവിച്ചെന്ന് അവൾഅച്ഛനോടു പരാതിപറയുന്നു അദ്ദേഹം അപരാധം ചെയ്യാത്ത ചെറുപ്പക്കാരനെ വീട്ടിനു പുറത്താക്കുന്നു.കഥാകാരനായ ശ്രീ.എം. നാലകത്തിനു ജീവിതത്തെക്കുറിച്ചുള്ള അവബോധമില്ല; യാഥാതഥ്യമെന്തെന്ന് അറിവില്ല; ഭാവസംബദ്ധത എന്തെന്ന് അറിഞ്ഞുകൂടാ; ആഖ്യാനത്തിന്റെ സവിശേഷതയെക്കുറിച്ച് ഒരു ബോധവുമില്ല. ഇതിൽക്കൂടുതലായി ഞാനെന്തു പറയണം? ഒരിക്കൽ ഒരമ്മ ഇംഗ്ലണ്ടിലെ രാജാവായിരുന്ന ജയിംസിനെ കണ്ട് അപേക്ഷിച്ചു:—പ്രഭോ, എന്റെ മകൻ യോഗ്യതയില്ലാതെ പെരുമാറുന്നു. അവനെ മാന്യനാക്കി മാറ്റിത്തരേണമേ. രാജാവ് മറുപടി പറഞ്ഞു:— I could make your son a baron or a marquess, but not even Almighty god could make him a gentleman— എനിക്കു നിങ്ങളുടെ മകനെ മാടമ്പിയോ പ്രഭുവോ ആക്കാൻ കഴിയും.എന്നാൻ സർവശക്തനായ ഈശ്വരനു പോലും അവനെ മാന്യനാക്കി മാറ്റാൻ കഴിയുകയില്ല. കേരളത്തിലെ എല്ലാ പത്രാധിപന്മാർക്കും ഈ കഥാകാരന്റെ കഥകൾ പരസ്യപ്പെടുത്താം. പക്ഷേ, സർവ്വശക്തനുപോലും അദ്ദേഹത്തെ കലാകാരനാക്കാൻ കഴിയുകയില്ല. അദ്ദേഹം അത്രകണ്ടു ചിന്താദരിദ്രനും പ്രതിഭാദരിദ്രനും ആണെന്നു കുങ്കുമം വാരികയിലെ കഥ ഉദ്ഘോഷിക്കുന്നു.

* * *

ഒൻപതു കൊല്ലമായി ഞാൻ എഴുതുന്നു “മലയാളനാട്ടി”ൽ. അതിന്റെ ഫലമായി ഈ വാരിക എന്റേതാണെന്ന് തോന്നലുണ്ട്. മാനേജിംഗ് എഡിറ്റർ ശ്രീ. എസ് കെ. നായരുടേയും എഡിറ്റർ ശ്രീ. വി. ബി. സി. നായരുടേയും സ്നേഹപൂർണ്ണമായ പെരുമാറ്റം ആ ബന്ധത്തിന് കൂടുതൽ ദാർഢ്യം നല്കിയിരിക്കുന്നു. എങ്കിലും ഒരു സംഭവം എഴുതാതിരിക്കാൻ വയ്യ. അശ്ലീലം ധാരാളമുള്ള ഒരു രചന തുടർച്ചയായി ഈ വാരികയിൽ പരസ്യപ്പെടുത്തിക്കൊണ്ടിരുന്ന കാലം. അക്കാലത്ത് ഒരു ദിവസം ഞാൻ തിരുവനന്തപുരത്തെ ഒരുഹോട്ടലിൽ ഇരിക്കുകയായിരുന്നു. അപ്പോൾ അക്കൗണ്ടന്റ് ജനറലാഫീസിലെ മൂന്നുനാല് ഉദ്യോഗസ്ഥന്മാർ അവിടെ കാപ്പികുടിക്കാൻ എത്തി. അവർ എന്നെ മനസ്സിലാക്കിയെങ്കിലും മനസ്സിലാക്കയില്ലെന്ന ഭാവത്തിൽ ഇരുന്നു. ഒരാൾ ഉറക്കെ ചോദിച്ചു:—

“ഈ ആഴ്ചത്തെ മലയാളനാടാണോ കൈയിലിരിക്കുന്നത്?”

കൂട്ടുകാരൻ:— അതെ.

ചോദ്യകർത്താവ് വീണ്ടും:— “എന്നാൽ ആ സാഹിത്യവാരഫലം ഉള്ള ഭാഗം തുറന്ന് എന്റെ മുൻപിൽ വയ്ക്കൂ. വായിക്കട്ടെ. ഞാൻ ശബരിമലയ്ക്കു പോകാൻ മാലയിട്ടിരിക്കുകയാണ്. —യുടെ കലാസൃഷ്ടിയുള്ളതിനാൽ വാരിക കൈകൊണ്ടു തൊടാൻവയ്യ.” എല്ലാവരും ചിരിച്ചു. ഞാൻ കൃതജ്ഞതാപൂർവ്വം അദ്ദേഹത്തെ നോക്കി പുഞ്ചിരിയിട്ടു. ഇപ്പോൾ ഈ സംഭവം ഓർമ്മിക്കാനും ഇവിടെ എഴുതാനും കാരണമുണ്ട്. ശ്രീ. എം. ഡി. അജയഘോഷ് മലയാളനാട്ടിലെഴുതിയ “ആയിരത്തൊന്നാമൻ” എന്ന ചെറുകഥ ഞാൻ വായിച്ചു എന്നതുതന്നെയാണ് ഹേതു. നർമ്മബോധമുണ്ട് അജയഘോഷിന്. പക്ഷേ, ശബരിമലയ്ക്കു പോകാൻ മാലയിട്ടവർക്കു വായിക്കാൻ പറ്റില്ല അദ്ദേഹത്തിന്റെ കഥ അതിലെ ഏതെങ്കിലും വാക്യം ഞാൻ എടുത്തെഴുതിയാൽ സാഹിത്യവാരഫലവും അയ്യപ്പഭക്തന്മാർക്കു വായിക്കാൻ പറ്റാത്തതാവും.

* * *

ജന്മിയുടെ മകൾ “അടിയാന്റെ” മകന്റെ കൂടെ ഇറങ്ങിപ്പോകുന്നതിനെ ചിത്രീകരിച്ച് വിപ്ലവം സൃഷ്ടിക്കാൻ ശ്രമിക്കുന്നു ശ്രീ. പി. ബി. മണിയൂർ. (വീക്ഷണം വാരികയിലെ “തുരുമ്പ്” എന്നകഥ) കഥ നമ്മൾ കണ്ണുകൊണ്ടു കാണുകയല്ല.വാരികയിലെ കറുത്ത അക്ഷരങ്ങൾ നേത്രത്തിലൂ

NBS NEWS

അന്തിത്തിരി

ഇടശ്ശേരി

യശശ്ശരീരനായ ഇടശ്ശേരി ഗോവിന്ദൻ നായരുടെ അവസാനത്തെ കവിതാസമാഹാരം. ഭാവഗംഭീരവും പ്രൗഢാർത്ഥ പുഷ്ടവുമായ മികച്ച 27 കവിതകളാണ് ഇതിലെ ഉള്ളടക്കം വില 3 ക.

വിദ്വാൻ മച്ചാട്ടിളയത്

സി. പി. കൃഷ്ണനിളയത്

മച്ചാട്ടിളയതിന്റെ ജീവചരിത്രവും കൃതികളും ഉൾക്കൊണ്ടതാണ് ഈ പുസ്തകം. കേരളസാഹിത്യഅക്കാദമി പ്രസിദ്ധീകരണം. വില 7 ക.

ഉർദു ചെറുകഥകൾ

(ഒന്നാം ഭാഗം)

കൃഷൻചന്ദർ, രാജേന്ദ്രസിംഹ് ബേദി, ഇസ്മത് ചുഗ്തായി എന്നിവരെഴുതിയ 15 കഥകളുടെ സമാഹാരം വിവ: പി. എൻ. ഭട്ടതിരി. വില 10–50 N. B. T. പ്രസിദ്ധീകരണം.

കൊന്നത്തെങ്ങ്

മാധവ്

ഒരു കാലഘട്ടത്തിന്റെ ഇതിഹാസമാണ് മാധവിന്റെ ഈ നോവൽ. വില 12–50 ക.

കള്ളപ്പണം

വേളൂർ കെ. സി തോമസ്

ഒരു കള്ളനോട്ടടിസംഘത്തിന്റെ നിഗൂഢതകളിലേയ്ക്ക് മെല്ലെ നമ്മെ നയിക്കുന്ന ഈ നോവലിലെ കഥയുടെ പിരിമുറുക്കം ശ്ലാഘനീയമായിരിക്കുന്നു വില 4–25 ക.

നാഷനൽ ബുക്ക് സ്റ്റാൾ

കോട്ടയം

ടെ കടന്നു് മനസ്സിൽ ഒരു നൂതന ലോകം സൃഷ്ടിക്കുകയാണു്. ആ ലോകം നമ്മുടെ ദൈനംദിനലോകത്തിൽ നിന്നു വിഭിന്നമാണു്. നിത്യജീവിതത്തിലെ ലോകം വ്യവസ്ഥയുള്ളതല്ല; ബന്ധദാർഢ്യമുള്ളതല്ല. എന്നാൽ കല മനസ്സിൽ സൃഷ്ടിക്കുന്ന ലോകത്തിനു് ആ ഗുണങ്ങളെല്ലാം ഉണ്ടു്. അങ്ങനെ അതു് വിശ്വാസം ജനിപ്പിക്കുന്നു. പി. ബി, മണിയൂരിന്റെ കഥ സൃഷ്ടിക്കുന്ന ലോകം വിശ്വാസജനകമല്ല. കഥാകാരന്റെ ആശയം ആഖ്യാനത്തിലൂടെ സാക്ഷാത്കരിക്കപ്പെടണം. അപ്പോൾ കഥാപാത്രങ്ങൾക്കു് വിശ്വാസജനകത്വം ഉണ്ടാകും. ഇതൊന്നും മണിയൂരിന്റെ കഥയിൽ ഇല്ല,

* * *

ഒന്നു സങ്കല്പിച്ചുനോക്കു. നിങ്ങൾ ഹിമാലയത്തിന്റെ സാനുപ്രദേശത്തിലെത്തുന്നു. അത്യന്തസുന്ദരിയായ നളിനി അരുണിമയാർന്ന പാദങ്ങൾ അവ്യക്തമായി കാണിച്ചുകൊണ്ടു് ആകർഷകമായ നിതംബചലനത്തോടെ കാമുകന്റെ അടുക്കലേക്കോടുന്നു—

ഒന്നു സങ്കല്പിച്ചുനോക്കു. നിങ്ങൾ ബാണന്റെ രാജധാനിയിലെത്തുന്നു, അവിടത്തെ ഒരു കാരാഗൃഹത്തിൽ "ചംപ്രംപടിഞ്ഞു് ഋജുവപുസ്സോടിരിക്കുന്ന അനിരുദ്ധന്റെ മടിയിലേക്കു ചേതോഹരാംഗിയായ ഉഷ മറിഞ്ഞുവീഴുന്നു. ആ ലോകസുന്ദരിയെ അദ്ദേഹം വാരിയെടുത്തു ഓമനിക്കുന്നു—

ഒന്നു സങ്കല്പിച്ചുനോക്കു. ചന്ദ്രൻ ഉജ്ജ്വലമായി പ്രകാശിക്കുന്നു. ലോറൻസോ ആ രാത്രിയുടെ ഭംഗികണ്ടിട്ടു് ജസ്സിക്കയോടു പറയുന്നു;—

ഇതുപോലുള്ള ഒരു രാത്രിയിൽ മനോഹരമായ തെന്നൽ വൃക്ഷങ്ങളെ മൃദുവായി ചുംബിക്കുമ്പോൾ, അവ ഒരു ശബ്ദവും കേൾപ്പിക്കാതിരിക്കുമ്പോൾ— ഇതുപോലുള്ള ഒരു രാത്രിയിൽ ട്രോയിലസ്, ട്രോജൻ മതിലുകൾ കയറിച്ചെന്നു്—

ഒന്നു സങ്കല്പിച്ചുനോക്കു. ഒന്നു സങ്കല്പിച്ചുനോക്കു —

△△△

കൈപ്പററി

(1) താരനിശ (നോവൽ) സി. രാധാകൃഷ്ണൻ വില ക. 6. 00 (2) ഇവിടെയെല്ലാം പൊയ്മുഖം (നോവൽ) പി. അയ്യനേത്തു് വില ക. 12. 00 (3) വനവാസം (നോവൽ) സേതു വില ക. 9. 00 (4) ഞങ്ങൾ അടിമകൾ (നോവൽ) സേതു വില ക. 4. 50 (5) പാശുപതാസ്ത്രം (നോവൽ) പുളിമൂട്ടിൽ എസ്, ശങ്കരനാരായണൻ വില ക. 5. 50 (6) തെററുകൾ (നോവൽ) പുനത്തിൽ കുഞ്ഞബ്ദുള്ള വില ക. 2, 00 ഇവ സാഹിത്യപ്രവർത്തക സഹകരണ സംഘം പ്രസിദ്ധീകരിച്ചവ.

△△

വിശിഷ്ട സമ്മാനം

എലൈററ് പ്രിൻസ് 4 ബാൻഡ് ആൾവേൾഡ് ട്രാൻസിസ്ററർ 145 രൂപയ്ക്കു് (എല്ലാ ചാർജ്ജുകളുമുൾപ്പെടെ)

ഒരു വർഷത്തെ ഗാരൻറി

ലതർകെയ്സ് സൗജന്യം

ഇന്നുതന്നെ ബുക്കുചെയ്യുക. ഇംഗ്ലീഷിലോ ഹിന്ദിയിലോ എഴുതണം.

ELITE AGENCY
12/79 Gita Colony, Delhi - 110031.

രണ്ടു്

തനിക്കു് ഇതെവിടന്നു കിട്ടി? — പുറത്തു് കോർട്ടു് യാർഡിൽവെച്ചു് പയ്യൻ ജോണിനോടു് ചോദിച്ചു.

നീലാകാശത്തുനിന്നു് വീണുകിട്ടിയമാതിരിയാണു്.

കുറച്ചുകൂടി തെളിച്ചുപറ.

നാം അങ്ങോട്ടാണു് പോകുന്നതു്.

എങ്ങോട്ടു്?

ഇക്വേഷന്റെ സോഴ്സിലേക്കു്.

മൂന്നുപേരും മിലിററി ഇന്റലിജൻസ് ചീഫ് മുസ്തഫയുടെ കാറിൽ തിരിച്ചു. മററു വാഹനങ്ങൾ ചെയ്സ് കൊടുത്തു് വഴിയെ വന്നു.

പയ്യന്റെ ഫസ്റ്റ് ലേഡി

വി. കെ. എൻ

ഇന്നലെ വൈകിട്ടു് ഒരു കാഷായക്കാരൻ ഒരു തുണ്ടു് കടലാസ്സുമായി എന്നെ വന്നുകണ്ടു — ജോൺ പറഞ്ഞു:

കാഷായക്കാരനോ? — പയ്യൻ ചോദിച്ചു.

ശുദ്ധമായ സാഫ്രൺ.

എന്നിട്ടു്?

പ്രസിഡണ്ടിനെ കാണണമെന്നു പറഞ്ഞു.

ആരാണു് തിരുവടികൾ?

ഹോയ്ഷന്റെ പ്രജ.

പേരു്?

ഹോയ്ഷന്റെ വിശേഷണപദം. ഹോയ്ശാനന്ദൻ.

തിരുടൻ വല്ല മിഷനും നടത്തുന്നുണ്ടോ?

ചോദ്യംചെയ്തുവരുന്നേയുള്ളു.

മുസ്തഫ പറഞ്ഞു:

നാടകത്തിന്റെ ആദ്യരംഗങ്ങളിൽ ഞാൻ ചിരിച്ചു. ഇക്വേഷൻ ശരിയാണെന്നു് പയ്യൻ പറഞ്ഞപ്പോൾ ചിരി ഹരിയുടെ ചുണ്ടിലായി.

പഴയ ലിമെറിങ്കിൻ പടി?

യാ

ഈയാൾക്കെന്തു വയസ്സാവും, ജോൺ?

വൈകിയ നാല്പതുകൾ.

വേറെ വിശേഷണങ്ങൾ?

ബഹുഭാഷാപണ്ഡിതൻ. മുനി.

മുനിയോ?

ആനന്ദന്റെ ശിരസ്സു് മുണ്ഡനംചെയ്ത ആർട്ടിസ്റ്റിനോടു് എനിക്കു് അസൂയയുണ്ടു്.

ശിവന്റെ കലക്ഷനിലെ തലയോടു മാതിരിയുണ്ടല്ലേ?

പെർഫക്റ്റ്.

സിവിൽസ്റ്റേഷൻ കോംപ്ലെക്സിനകത്തു് ഒരോരം ചേർന്നുകിടന്ന അതിഥിമന്ദിരത്തിലെ സ്വീകരണമുറിയിൽ സ്വയം നിർമ്മിച്ച ചർമ്മത്തിന്റെ പത്മാസനത്തിൽ ഹോയ്ശാനന്ദൻ ഇരുന്നരുളി. ശിഷ്യഗണങ്ങളോടെന്നപോലെ ഉന്നതരെ നോക്കി ആദ്ധ്യാത്മികമായി പുഞ്ചിരിച്ചു. അഭയത്തിന്റെ മു കാണിച്ചു.

മറ്റേ മുനിയെപോലെതന്നെയുണ്ടു് — അയാൾക്കെതിരെ കസേരയിലിരുന്നു് പയ്യൻ പറഞ്ഞു.

ഏ? — മുസ്തഫ

പോൾ മുനി, മ്യുനി. വേദാന്തിക്കു് വിഷമമില്ലല്ലോ?

നാം നിസ്സംഗനാകുന്നു. അങ്ങാണല്ലേ പ്രസിദ്ധ ഭൗതികശാസ്ത്രജ്ഞൻ?

ഓരോവേഷം! — പയ്യൻ ഒരു മതപ്രസംഗത്തിന്റെ സ്വരത്തിൽ പറഞ്ഞു.

സുഖമല്ലേ?

സുഖമന്വേഷിച്ചാണല്ലൊ നാമെല്ലാം ഭ്രഷ്ടരായിരിക്കുന്നതു്!

മൗനി നിശ്ശബ്ദമായി ചിരിച്ചു.

വേദാന്തിയുടെ കണ്ണുകൾക്കു് മിഴിവും തിളക്കവുമുണ്ടായിരുന്നു. ദേഹത്തിനു് ഒരു കായികാഭ്യാസിയുടെ ഒതുക്കവും.

ഇതെവിടുന്നു കിട്ടി? — പയ്യൻ ചോദിച്ചു.

സമീകരണ സിദ്ധാന്തത്തെയാണോ ഭൗതികർ ഉദ്ദേശിക്കുന്നതു്?

അതെ.

നാം പറഞ്ഞല്ലോ.

ആവർത്തിക്കൂ.

ഹോയ്ഷന്റെ മേശപ്പുറത്തുനിന്നു്.

കൊട്ടാരത്തിൽ സ്വാധീനമുണ്ടോ?

ഹോയ്ഷൻ ഒരാത്മീയവാദിയാണു്. എന്റെ ശിഷ്യൻ.

എന്നിട്ടു്?

ഷിറാസിന്റെ ബാണം തടുക്കാൻ തന്റെ കണാദന്മാർ ഒരു പുതിയ സമീകരണത്തിൻപടി ഭസ്മാസുരാസ്ത്രസിദ്ധാന്തം ഒരെണ്ണം കണ്ടെത്തിയിരിക്കുന്ന കഥ അദ്ദേഹം എന്നോടു് പറഞ്ഞു. രേഖയും കാണിച്ചുതന്നു.

ഉടനെ താങ്കളതു മോഷ്ടിച്ചു?

അതെ.

ഇതു ഗണിച്ച കണാദന്റെ പേരറിയാമോ?

ഇല്ല.

അണു ഭൗതികത്തെക്കുറിച്ചു് വല്ലതും— നിഷ്കളങ്കമാണു് വിജ്ഞാനം.

പിന്നെ?

എന്തിനു മോഷ്ടിച്ചുവെന്നാണോ?

എന്തെങ്കിലും പറയൂ.

ഹോയ്ശാനന്ദൻ പറഞ്ഞു.

ലോകനന്മയ്ക്കു തുല്യമായ ഏക ലോകക്ഷേമത്തിൽ നാം വിശ്വസിക്കുന്നു,

അതുകൊണ്ടു്?

കരണത്തിനു് പ്രതികരണം അനിവാര്യമാകയാൽ ഇതിവിടെ തരണമെന്നു് തീരുമാനിച്ചു.

എന്തിനു്?

ഹോയ്ഷന്റെ ശസ്ത്രത്തിനു് പ്രത്യസ്ത്രം നിർമ്മിക്കുന്നതിൽ താങ്കളെ സഹായിക്കാൻ.

പയ്യൻ ചിരിച്ചു.

നന്ദി. ഗുരുവിനു് തുടരാം.

ഇവനെ വേധിച്ചാൽ അവനെ വേധിക്കാൻ ഹോയ്ഷന്റെ കണാദന്മാർ വീ

(ശേഷം 54-ൽ)

മലയാളനാട്ടു് വാരികയിൽ
ഉടൻ പ്രസിദ്ധീകരിച്ചു തുടങ്ങുന്നു.

സമ്പന്നതയുടെ ഔന്നത്യങ്ങളിൽ സ്വന്തമായതെല്ലാം നഷ്ടപ്പെടുന്ന സൗഭാഗ്യവാന്മാരുടെ പൊയ്മുഖങ്ങൾ അതിക്രൂരമായി പിച്ചിച്ചീന്തപ്പെടുന്നു.

കാക്കനാടന്റെ ഇതിഹാസനോവൽ

"ഈ നായ്ക്കളുടെ ലോകം"

മലയാള നോവൽസാഹിത്യത്തിൽ, പൂർണ്ണമായ അർത്ഥത്തിൽ ഇതാ ഒരു പരീക്ഷണം. നാളിതുവരെ മററാരും കൈകാര്യംചെയ്തിട്ടില്ലാത്ത ഒരു വിഷയം പ്രശസ്ത സാഹിത്യകാരനായ മലയാററൂർ അവതരിപ്പിക്കുന്നു. ആദ്യന്തം സസ്പെൻസ് നിറഞ്ഞ ഈ നോവൽ സംഭ്രമഭീതികളോടുമാത്രമേ വായിച്ചുതീർക്കാനാവൂ!

മലയാററൂർ രാമകൃഷ്ണന്റെ

മൃദുലപ്രഭു

പാപമോക്ഷം

പമ്മൻ

‘അപ്പോ നമ്പീശൻ എങ്ങട്ട് പോയീന്നേ പറഞ്ഞത്”?” നമ്പീശന്റെ ഉമ്മറത്ത് കസേരയിൽനിന്നും ഈസിച്ചെയറിലേക്ക് മാറിയിരുന്ന് മുറുക്കാനുള്ള വട്ടം കൂട്ടുന്നതിനിടയിൽ കുട്ടൻമേനോൻ മറ്റൊന്നും ചോദിക്കാനില്ലാത്തതുകൊണ്ട് വെറുതെ തിരക്കുന്നു.

“ഇത്തിക്കാട്ട് മനയ്ക്കലക്ക്. അവിടുന്ന് തിരുമേനി ആളെ അയച്ച് വിളിപ്പിക്ക്യേ — അവിടെ എന്തോ കേസ്സും കൂട്ടോക്കെ ആണെന്നാ കേട്ടത്. അതിന്റെ കാര്യത്തിനെന്തെങ്കിലും ആയിരിക്കും സാവിത്രി അല്പംകൂടി വാതിലിന്റെ പിന്നിലേക്ക് ഒതുങ്ങിമാറിക്കൊണ്ട് പറഞ്ഞു.

“ദണ്ണിക്കാണ്ടുണ്ടാക്കിയ സ്വത്തല്ലെ. അപ്പോ അതൊക്കെ കേസ്സും വഴക്കുമായിട്ട് നശിക്കേള്ളു. നന്നാവില്യ എന്തായാലും — പട്ടിണികെടക്കുന്നോരടെ ശാപല്ലെ. പിന്നെ എങ്ങനയാ നന്നാവ്വക.”

“ത്തിരി ചായണ്ടാക്കട്ടെ.”

“ഞാൻ വെററിലവായിലിടാൻ കാത്തിരിക്കേരുന്നു ചോദിക്കാൻ — അല്ലെ? വമ്പത്തി — വേണ്ടാപ്പോ രണ്ടായാലും. ഇപ്പത്തന്നെ ചായ കഴിച്ചിട്ടാ പോന്നത്. സാവിത്രി പോയിട്ട് എന്താ പണീച്ചാ നോക്കിക്കോളു. ഞാൻ ഇവടെ ഇരിക്കണ്ട്. പാലാട്ടെ നാളീകേരം ഇടീല്യ് കഴിഞ്ഞാൽ മടങ്ങണം — ബാക്കിയൊക്കെ ആ രാമൻനായരുണ്ടല്ലോ — അയാള് നോക്കട്ടെ.”

“ഊണു കഴിച്ചിട്ട് പോയാൽപോരെ” സാവിത്രി ചോദിച്ചു.

“പററില്ല. ഉണ്ണാറാവുമ്പളേക്കും കുടുംബത്തെത്തണം. ഊണു കഴിഞ്ഞാൽ അപ്പോ കെടക്കണം. പിന്നെ ഒരു നിമിഷം ഇരിക്കവയ്യ — രണ്ടാമതു പറഞ്ഞത് ഇവിടെ തരാവില്ലല്ലോ —” മേനോൻ ഒരു കള്ളച്ചിരിയോടെ മുഖമുയർത്തിനോക്കി.

സാവിത്രി അതു കണ്ടില്ലെന്നമട്ടിൽ ദൂരത്തെവിടെയോ ദൃഷ്ടിയുറപ്പിച്ചുകൊണ്ട് പറഞ്ഞു. “എന്നാലിരിക്കു. കുറച്ചു തുണി തിരുമ്പാനിട്ടിട്ടുണ്ട്. അതൊന്ന് കഴിച്ചുവെച്ചിട്ടുവരാം.”

“— ഞാനും പോന്നോട്ടെ” വെററിലച്ചണ്ടി വായിലൊതുക്കിക്കൊണ്ട് മേനോൻ ചോദിക്കുന്നു.

“എവിടേക്ക്.”

“തിരുമ്പാൻ.”

സാവിത്രി നാണിച്ചുപോയി.

“എങ്ങട്ടും വരണ്ട — അവിടത്തന്നെ ഇരുന്നാൽ മതി.” വീണ്ടും പിന്നാക്കം വലിഞ്ഞുകൊണ്ട് സാവിത്രി പറഞ്ഞു.

“എങ്ങനയാ ഇരിക്ക.. അതല്ലെ പ്രയാസം ഇങ്ങനൊരാള് മുമ്പിൽ നിക്കുമ്പോ —”

സാവിത്രിയുടെ കവിളുകൾ മനസ്സറിയാതെ തുടുത്തുപോകുന്നു. മുഖത്തു പൊട്ടിവിരിയുന്ന വികാരം പുറത്തുകാട്ടാതെ മുഖം കുനിച്ചുനിന്നുകൊണ്ട് അവൾ പറഞ്ഞു.

“ഇപ്പോ തൽക്കാലം അവിടത്തന്നെ ഇരുന്നാമതി — ഞാൻ പോണു.”

“ഹേയ് അവിടെ നിക്കുന്ന് — ഇതെന്നാ ഇത് കുഴിയാനേപ്പോലെ പിന്നാക്കം പിന്നാക്കം നീങ്ങണെ — എന്താത്ര ധിറുതി — ഞാൻ വരുമ്പളൊക്കെ ഇദന്നയാ മട്ട് —”

“പോകാൻ പറഞ്ഞിട്ടല്ലെ”

“പണി എന്തെങ്കിലുംണ്ടാവുംന്ന് വെച്ചിട്ടേ ഞാൻ പറഞ്ഞത്. തുണിതിരുമ്പലാ പണീച്ചാൽ അതിത്തിരി വൈകീട്ടായാലും വൈഷമ്യം ഇല്ലല്ലോ.”

“ശ്ശി തിരുമ്പാനുണ്ട് കുട്ട്യോളടെ മാത്രേ കഴിഞ്ഞിട്ടുള്ളു. എന്റൊക്കെ ബാക്കിയാ.”

“അതും പിന്നെയാവാം — ഇപ്പോ അവിടെ നിക്ക്. ഞാൻ നല്ലോണം ഒന്നു കണ്ടോട്ടെ. ഇതുമാത്രേള്ളു ഈ ജീവിതത്തിൽ ആകെക്കൂടീട്ട് എനിക്കൊരാനന്ദം — എന്റെ സാവിത്രിയെ കണ്ടോണ്ട് ഇങ്ങനെ ഇരിക്ക.”

പെട്ടെന്ന് സാവിത്രിയുടെ മുഖം മ്ലാനമായി. ആ വഴിക്ക് മനസ്സ് കൈവിട്ടു പോകാതിരിക്കാൻ അവൾ സകല കഴിവുകളും പ്രയോഗിച്ച് ശ്രമിക്കുകയായിരുന്നു. പക്ഷെ, ‘എപ്പോഴും ഇതുതന്നെയാണ് അവസ്ഥ. അയാളുടെ മുൻപിൽ പെട്ടാൽ സകല കഴിവുകളും സകലശക്തിയും പൂനിലാവിൽ കുടുങ്ങിയ അന്ധകാരം പോലെ അനിയന്ത്രിതമായി അലിഞ്ഞലിഞ്ഞും അപ്രത്യക്ഷമാകുന്നു. ഒററക്കിരിക്കുമ്പോൾ സദാസമയവും കരുതാറുള്ളതാണ് പ്രാർത്ഥിക്കാറുള്ളതാണ് ഭഗവാനെ എനിക്ക്

നല്ല ബുദ്ധി തോന്നിക്കണേ എന്ന്. അതോടെ മനസ്സിൽ ഉറപ്പിക്കുന്നു. ഇല്ല ഇനി മേലിൽ ഇല്ല— തീർച്ച—പക്ഷെ, ആ മനുഷ്യനെ ദർശിക്കുന്ന മാത്രയിൽ തന്നെ എന്റെ തീരുമാനങ്ങളെല്ലാം വിരൽ തുമ്പുകൊണ്ടു തൊട്ടുമ്പോൾ അടർന്നുവീഴുന്ന പൂവിതളുകൾപോലെ ഒന്നൊന്നായി കൊഴിയുകയാണ്—

അവൾ ചുണ്ടുകടിച്ച് മിണ്ടാതെനിന്നു.

മുണ്ടുമടക്കികുത്തി വിയർത്തൊലിച്ച് കത്തിയെരിയുന്ന വെയിലത്ത് കൂടി ഒററക്ക് വെച്ചുവെച്ച് നടന്നകലുന്ന ഭർത്താവിന്റെ രൂപം കൺമുമ്പിൽ തെളിയുകയാണ്.

"പറഞ്ഞതബദ്ധായി അല്ലെ—അപ്പളേക്കും മുഖം കറുത്തു കണ്ടില്ലെ—" ചുണ്ടത്ത് വിരൽവെച്ച് മുററത്തേക്ക് ആഞ്ഞുതുപ്പിക്കൊണ്ട് മേനോൻ പറഞ്ഞു.

"എന്നാൽ പൊയ്ക്കോളു. ഞാനെന്റെ മനസ്സിൽ തോന്നീത് അങ്ങട്ട് തൊറന്നുപറഞ്ഞു—അത്രേള്ളു—പരിഭവിക്കണ്ട. സാവിത്രിയെ അത് വേദനിപ്പിക്കുംന്ന് അറിയാണ്ടേം അല്ല പക്ഷെ, എന്താ ചെയ്ക. വേദനയിൽക്കൂടി മാത്രേ ആത്മാവിന് ആനന്ദമനുഭവിക്കാൻ പാടുള്ളൂന്നാവണം ഈശ്വരനിശ്ചയം—കുട്ടി പൊയ്ക്കോളൂ—"

എന്നിട്ടും സാവിത്രി പോയില്ല. അവൾ വളരെ പണിപ്പെട്ട് പതുക്കെ മുഖമുയർത്തിനോക്കി. ആ കണ്ണുകളിൽ അശ്രുകണങ്ങൾ തുളുമ്പിനിന്നു. ഹൃദയം വിങ്ങിവിതുമ്പുന്നു. തൊണ്ടയിൽ പരുപരുത്ത എന്തോ തടഞ്ഞുനിൽക്കുംപോലെ തോന്നുകയാണ്:

അവൾ മുഖം തിരിച്ച് തോളത്തെ തോർത്തുമുണ്ടുകൊണ്ട് കണ്ണുതുടച്ചു.

"കരയണ്ട. കരഞ്ഞിട്ടെന്തു കാര്യം. കണ്ണുനീരുകൊണ്ട് കഴുകിക്കളയാവുന്ന ദൌർബ്ബല്യമാണെങ്കിൽ ഞാൻ ജീവിതാവസാനംവരെ കരയാൻ തയ്യാറാണ്—കരയുന്നുമുണ്ട്. മനസ്സിനകത്ത് കണ്ണുനീരൊഴിഞ്ഞ സമയമില്ല—പക്ഷെ, എത്ര പണിപ്പെട്ടിട്ടാണ് ഞാനത് ഉള്ളിൽതന്നെ അങ്ങനെ ഒതുക്കിവെച്ചിരിക്കുന്നതെന്ന് ആർക്കാണറിയാ—ആരും അറിയില്ല—"

സാവിത്രി ചുമരിൽ താങ്ങിക്കൊണ്ട് മെല്ലെ അകത്തേക്കു നീങ്ങി. അവിടെത്തന്നെ കൂടുതൽ നിൽക്കാൻ അവൾക്കു ശക്തിയുണ്ടായിരുന്നില്ല. കാൽമുട്ടുകൾ അയ യഞ്ഞ് ശരീരത്തിൽനിന്നും ഉതിർന്നു പോകുംപോലെ തോന്നുകയാണ്. അവൾ അകത്ത് കടന്ന് കട്ടിലിൽ ചെന്നിരുന്നു. അതോടെ അന്നേരംവരെ അടക്കിപ്പിടിച്ചിരുന്ന വികാരങ്ങൾ അണപൊട്ടിയപോലെ കുത്തിയൊഴുകി. അവൾ മുഖംപൊത്തി പൊട്ടിക്കരഞ്ഞു. അമർത്താൻ ശ്രമിച്ചിട്ടും പിടിവിട്ടുപോയ ഏങ്ങലുകൾ കട്ടിപിടിച്ച നിശ്ശബ്ദതയിൽ ഈയാംപാററകളെപ്പോലെ മയങ്ങിവീണ് മരിക്കുന്നു.

അടുത്ത് കാൽപ്പെരുമാററം കേട്ടപ്പോൾ അവൾ ഞെട്ടി. നേരെ മുമ്പിൽ മേനോൻ നിൽക്കുന്നു.

"എ—എ—എന്ത്!" അവൾ വിക്കി. ശബ്ദം പുറത്തേക്കു വരുന്നില്ല. പേടിച്ചരണ്ട കണ്ണുകളോടെ അവൾ തുറിച്ചുനോക്കുമ്പോൾ അയാൾ അവളുടെ ശിരസ്സിൽ തലോടുകയാണ്.

"കരയാണ്ടിരിക്കൂ സാവിത്രി—നീ ക ഞ്ഞാൽ എനിക്കത് സഹിക്കില്ല—നിനക്ക് മനസ്സിനു മാത്രമേ ദൌർബ്ബല്യമുള്ളൂ— ഞാൻ മനസ്സുകൊണ്ടും ശരീരംകൊണ്ടും ദുർബ്ബലനാണ്—നിന്നോളം പോലും എ നിക്ക് കരുത്തില്ല—കരയരുത്—"

അയാൾ അവളുടെ താടിക്കു പിടിച്ച് മെല്ലെ മുഖമുയർത്തി. കലങ്ങിമറിഞ്ഞ ദൃഷ്ടികൾ കാഴ്ച നശിച്ചപോലെ മി ച്ചുനോക്കി. കണ്ണുനീരിൽ കുതിർന്ന കവ ളുകളിൽ ഹൃദയത്തിന്റെ നൊമ്പരം പ ടപിടിച്ചിരിക്കുന്നു. തുടുത്ത ചുണ്ടുകൾ വേ ദനകൊണ്ട് വിറയ്ക്കുന്നു.

"ഞാൻ നിന്നെ വേദനിപ്പിച്ചു— അല്ലേ"

ഇല്ല നിങ്ങൾ എന്നെ വേദനിപ്പിച്ചില്ല. നിങ്ങൾക്കെന്നെ ഒരിക്കലും വേദനി പ്പിക്കാൻ കഴിയില്ല—ഇത് എന്റെ ത്രം തന്നെ വേദനയാണ്. എന്റെ ജ പ്പിറവിയാണ്— പെണ്ണിന്റെ ജ പ്പിറവി. അവൾക്കതൊക്കെ പറയണ മെന്നുണ്ടായിരുന്നു. പക്ഷെ, മിണ്ടാൻ ക യുന്നില്ല പകരം അവൾ മുഖംകുനി രുന്ന് തേങ്ങി.

"മതികരഞ്ഞത്—എണീക്ക്" അവ ടെ രണ്ടു കക്ഷത്തും കൈ കടത്തി അവള എഴുന്നേല്പിക്കാൻ ശ്രമിച്ചുകൊണ്ട് യാൾ പറഞ്ഞു.

അവൾ കുതറിയില്ല. അനുസരണയുള്ള ഒരു കൊച്ചുകുഞ്ഞിനേപ്പോലെ അവൾ എഴുന്നേററു.

"നോക്ക്— എന്റെ മുഖത്തേക്കു നോക്ക്" അയാൾ പറഞ്ഞു.

അതു കേട്ടില്ലെന്നപോലെ അവൾ മുഖമുയർത്താതെ മറെറങ്ങോ നോക്കി മാറിനിന്നു.

"ഉം—ഇങ്ങട്ടുനോക്ക്" രണ്ടുകൈകൊണ്ടും അവളുടെ തോളത്തുപിടിച്ചുകൊണ്ട് അയാൾ നിർബ്ബന്ധിച്ചു.

കാറുപിടിച്ച മരച്ചില്ലകൾക്കു മുകളിലേക്കു ഉയർന്നുവരുന്ന ചന്ദ്രബിംബം പോലെ അവളുടെ മുഖം മെല്ലെ മേല്പോട്ടുയർന്നു.

"ചിരിക്ക്. കാണട്ടെ" അവളെ തന്നോടു ചേർത്തുനിറുത്തിക്കൊണ്ട് അയാൾ പറഞ്ഞു.

അവളുടെ മയങ്ങിക്കിടന്നിരുന്ന ദൃഷ്ടികളിൽ ഒരു നേരിയ പ്രകാശം അടർന്നുവീണു,

"ഉം— ചിരിക്ക്" അയാൾ ശബ്ദമുയർത്തി.

വിതുമ്പിനിന്നിരുന്ന അവളുടെ ചുണ്ടുകൾ ചുരുളഴിഞ്ഞു നിവരുന്നു. അവൾ ചിരിച്ചു.

"മിടുക്കി" രണ്ടുകൈകൊണ്ടും അവളെ തന്റെ മാറോടു ചേർത്തമർത്തിക്കൊണ്ടു അയാൾ പറഞ്ഞു "ഇനി കരയരുത്. കരഞ്ഞുകളയാനുംവേണ്ടി നമ്മുടെ ജീവിതത്തിൽ ഇനി സമയം അവശേഷിക്കുന്നില്ല."

അയാളുടെ കൈവിരലുകൾ അവളുടെ നഗ്നമായ അടിവയററിൽ മേഞ്ഞുനടക്കുന്നു, അവളുടെ ശരീരം അടിമുടി ആകെ ഒന്നുപിടഞ്ഞു. അതുവരെ മത്തുപിടിച്ച് മയങ്ങിക്കിടന്നിരുന്ന സ്വബോധം പൊടുന്നനെ ഞെട്ടിയുണർന്നു.

"വേണ്ട—ഇതെന്തു ഭ്രാന്താ ഈ കാട്ടണെ—ഒന്ന് പുറത്തു പോയിരിക്കൂ. വല്ലോരും കണ്ടാൽ—" കുതറിമാറാൻ ശ്രമിച്ചുകൊണ്ട് അവൾ പറഞ്ഞു.

"ആരും കാണാൻപോണില്യ—നീ അവിടെ നിക്ക്" അവളെ കൂടുതൽ ശക്തിയോടെ തന്നോടു ചേർത്തുനിറുത്തി അവളുടെ കവിളത്തു് വികാരാവേശത്തോടെ മാറിമാറി ചുംബിച്ചുകൊണ്ട് അയാൾ പറഞ്ഞു.

"അയ്യോ എനിക്കു വയ്യ—ഇതെന്തു ഭ്രാന്താ ഇത്" അടിവയററിൽ അമർന്നിരുന്ന അയാളുടെ കൈപ്പടം പിടിച്ചുമാററാൻ ശ്രമിച്ചുകൊണ്ട് അവൾ പറഞ്ഞു. "വേണ്ടാട്ട്വോ—ഇന്നുവേണ്ട"

"എന്താ ഇന്ന്."

"ഇന്ന് പററില്യ" അവളുടെ ശബ്ദം പതറുന്നുണ്ടായിരുന്നു.

"ഓ—അങ്ങനെയാ" . കാര്യം മനസ്സിലായപോലെ മേനോൻ പറയുന്നു." സാരംല്യ—നിനക്ക് ബുദ്ധിമുട്ടാവില്യ അതു പോരെ"

പറയുന്നതിനിടക്ക് അവളുടെ ജമ്പറിൽ കുത്തിയിരുന്ന സേഫ്ററി പിന്നുകൾ ഒന്നൊന്നായി അഴിച്ചെടുക്കാനുള്ള ശ്രമമായിരുന്നു. പക്ഷെ, ആ ശ്രമം ഫലിക്കുന്നില്ലെന്നു വന്നപ്പോൾ അയാൾ പറയുന്നു.

"ഒന്നഴിച്ചു തര്വോന്ന്—ഇതെന്താ ഇങ്ങനൊരു സാധനം" സാവിത്രിക്ക് ചിരിക്കാതിരിക്കാൻ കഴിഞ്ഞില്ല.

വിറയ്ക്കുന്ന കൈവിരലുകൾകൊണ്ട് അവൾ ആ സേഫ്ററി പിന്നുകൾ ഓരോന്നായി ഊരിമാററി.

അയാളുടെ കൈപ്പടം അവളുടെ നഗ്നമായ മുഴുത്ത മാറത്ത് മെല്ലെ അമരുന്നു. ചൂണ്ടുവിരൽ മുലക്കണ്ണിൽ വീണമീട്ടി. അവളുടെ ശരീരം ആകെ ഒന്നു പുളഞ്ഞു. അതിനുള്ളിൽ അയാൾ പതുക്കെ അവളുടെ ജമ്പർ അഴിച്ചെടുത്ത് കട്ടിലിലിട്ടു.

"ഇതെന്താ ഈ കാട്ടണെ?" നിർജ്ജീവമായ ശബ്ദത്തിൽ അവളുടെ കരുത്തില്ലാത്ത പ്രതിഷേധം.

"ഇതൊക്കെ ഒന്നഴിച്ച്കളയുന്ന്—— ഞാൻ നിന്നെ നല്ലോണം ഒന്നു കാണട്ടെ—അതുമാത്രേ എനിക്കു വേണ്ടു. ലോകത്തുള്ള സകല സൗന്ദര്യങ്ങളും ഒന്നുചേർന്ന് രൂപംപൂണ്ട ഈ ശരീരം— "

അവൾ അനങ്ങിയില്ല.

പതുക്കെ അയാളവളുടെ മടിക്കുത്തഴിച്ചു

അപ്പോഴും അവൾ അനങ്ങിയില്ല. അനങ്ങാൻ അവൾക്ക് കഴിവുണ്ടായിരുന്നില്ല. കുത്തഴിഞ്ഞ് നിലത്തേക്കുതിർന്നുവീണ ഉടുമുണ്ടിനോടൊപ്പം അവളുടെ സ്വബോധവും അഴിഞ്ഞുവീണിരുന്നു. അവൾ ഒരു മൺപ്രതിമപോലെ മരവിച്ചുനിന്നു.



ഓഡോമോസ് മാത്രമേ
കൊതുകു കടിയിൽ നിന്നും
ഇരുവിധ സംരക്ഷണം
സുനിശ്ചിതമായും നൽകുന്നുള്ളൂ...

രാത്രി സുഖമായി ഉറങ്ങുവാൻ സഹായിക്കുന്നു.

ഇതര കൊതുക നിവാരിണിക്കു് സാധിക്കാത്ത
സംരക്ഷണം ഓഡോമോസ് നൽകുന്നു.

ഇന്നു് ഇൻഡ്യയിൽ ഏററവും കൂടുതൽ വില്പനയുള്ള
കൊതുക നിവാരിണി ഓഡോമോസ്
ആണെന്നുള്ളതിൽ അത്ഭുതമില്ലതന്നെ.

കൊതുകു് നിങ്ങളെ
ശല്യപ്പെടുത്തുന്നതിനു് മുമ്പായി
ഓഡോമോസ്
വാങ്ങുക.

ബൽസാര
ഉത്തമ ജീവിതരീതിക്കുള്ള
ആധുനിക സാധനങ്ങൾ
BALSARA

“എന്റെ മോളേ — എന്റെ തങ്കക്കുട്ടീ—” അടക്കാനാവാത്ത ആവേശത്തോടെ അവളെ അടിമുടി തഴുകിക്കൊണ്ടു് ഒരു പ്രാർത്ഥനപോലെ മേനോൻ ഉരുവിടുന്നു. അതോടൊപ്പം അയാൾ മെല്ലെ തറയിലേക്കു് താഴ്ന്നിരുന്നു. വികാരംകൊണ്ടു് വിറയ്ക്കുന്ന ചുണ്ടുകൾ അവളുടെ നാഭിച്ചുഴിയിൽ അമർന്നുചേർന്നു.

സാവിത്രിയുടെ ശരീരം ഉച്ചിതൊട്ടു് കാലടിവരെ കിടുങ്ങുന്നുണ്ടായിരുന്നു. അവളുടെ ഹൃദയാന്തർഭാഗത്തെവിടെയോനിന്നു് കുമിളകൾപോലെ ഉരുണ്ടുയർന്ന ഞെരക്കങ്ങൾ തൊണ്ടയിൽ തടഞ്ഞു് പൊട്ടിയടർന്നു.

അവൾ തേങ്ങി.

കുരുക്കിൽപെട്ടു് പിടഞ്ഞുപിടഞ്ഞു് ശക്തിക്ഷയിച്ച കാട്ടുമൃഗത്തിനെപ്പോലെ അവൾ ഞെരങ്ങുന്നു.

കൂടുതൽ ശക്തിയോടെ, ആവേശത്തോടെ രണ്ടു കൈകൊണ്ടും അവളയാളുടെ ശിരസ്സിൽ മുറുകെപിടിച്ചു് തന്റെ ശരീരത്തോടു ചേർത്തു് അമർത്തി ഞെരിക്കുന്നു. തീനാളംപോലെ പൊള്ളുന്ന അയാളുടെ ചുണ്ടുകൾ താഴോട്ടുതാഴോട്ടു് അരിച്ചിറങ്ങിയപ്പോൾ അവൾ മനസ്സറിയാതെ നിലവിളിച്ചുപോയി.

“വിടൂ വിടൂ—എനിക്കിനി വയ്യ”

അയാൾ വിട്ടില്ല.

“എന്നെ വിടൂ — എനിക്കിനി വയ്യ—അയ്യോ എന്റമ്മേ—” ശ്വാസം മുട്ടുംപോലെ അവൾ വിതുമ്പുന്നു. അതോടെ അവളുടെ ശരീരം ആകെ ഒന്നു കിടുങ്ങി. പതുക്കെപ്പതുക്കെ അവളുടെ ശബ്ദം ക്ഷയിച്ചു. അതോടെ അടർത്തിയെടുത്ത വള്ളിച്ചെടിപോലെ അവൾ നിലത്തേക്കു് വഴുതിവീണു—

നിമിഷങ്ങൾ!

രണ്ടു ഹൃദയങ്ങൾ പരിസരങ്ങളെ മറന്നു് പരസ്പരം ഒട്ടിപ്പിടിച്ചു് ഒന്നാകുന്ന നിമിഷങ്ങൾ?

ജീവന്റെ സൂക്ഷ്മ ബിന്ദുക്കൾ ആത്മാവിന്റെ അഗാധതലത്തിൽ അമിട്ടുകൾപോലെ പൊട്ടിച്ചിതറുന്ന നിമിഷങ്ങൾ!

ബുദ്ധിയും ബോധവും ഞെട്ടററു് പിടയുന്ന നിശ്ശബ്ദനിമിഷങ്ങൾ! മനസ്സിന്റെ നൊമ്പരം ശരീരത്തിന്റെ അനുഭൂതിയിൽ അലിഞ്ഞൊഴുകുന്ന അവസാന നിമിഷങ്ങൾ!

……

“എന്നാലിനി പോട്ടേ കുട്ടീ, നേരം വൈകി”

മേനോന്റെ ശബ്ദം കേട്ടപ്പോഴാണു് സാവിത്രി ആലസ്യത്തിൽനിന്നും ഞെട്ടിയുണർന്നതു്.

ബോധം തെളിഞ്ഞപ്പോൾ അവൾ അന്ധാളിച്ചുപോയി. എന്താണു് സംഭവിച്ചതു്. എന്തു ബുദ്ധിശൂന്യതയാണു് താൻ കാണിച്ചതു്. തുറന്നുകിടക്കുന്ന കതകു്—അടുത്തെവിടെയോ ആളുകളുടെ സംസാരം—!

വേഗം പിടഞ്ഞെഴുന്നേററു് ഒരുവശത്തേക്കു് ഒതുങ്ങിമാറി അവൾ മുഖം കുനിച്ചുനിന്നു. കെട്ടഴിഞ്ഞ ഇടതൂർന്ന തലമുടി അവളുടെ മുഖത്തിന്റെ ഇരുവശത്തും വിതറിക്കിടന്നു. തുടുത്ത കവിൾത്തടങ്ങളിൽ ചുകന്ന പാടുകൾ. ചുണ്ടുകൾ തടിച്ചുവീർത്തിട്ടുണ്ടു്. കെട്ടഴിഞ്ഞു പുറത്തുചാടിയ മുലകൾ ശ്വാസോച്ഛ്വാസത്തിനനുസരിച്ചു് തുളുമ്പുന്നു. തുറിച്ചുനിൽക്കുന്ന ചുകന്ന മുലക്കണ്ണുകൾ.

“അപ്പോ വെറുതെ എന്നെ തോൽപ്പിക്കാൻ പറഞ്ഞതാണല്ലേ? കട്ടിലിലേക്കു കയറിഇരുന്നുകൊണ്ടു് മേനോൻ ചോദിക്കുന്നു.

“എന്തു്!” അതിശയത്തോടെ സാവിത്രി മുഖമുയർത്തി നോക്കി.

“ഇന്നു് പററില്യാന്നു്”"

അവൾ മിണ്ടിയില്ല. അവളുടെ കണ്ണുകളിൽ കണ്ണുനീർത്തുള്ളികൾ മനസ്സില്ലാമനസ്സോടെ ഊറിയിറങ്ങുന്നു. ചുണ്ടു കടിച്ചു് ഒന്നും പറയാനാവാതെ അവൾ ദൂരത്തേക്കു നോക്കിനിന്നു. കൺകോണുകളിൽ തുളുമ്പിനിന്നിരുന്ന കണ്ണുനീർകണങ്ങൾ മുത്തുമണികൾപോലെ അടർന്നുവീഴുന്നു. അവൾ ഉടുമുണ്ടിന്റെ കോന്തലകൊണ്ടു് മുഖം തുടച്ചു.

“എന്തിനാ ഇങ്ങനെ ചെറിയ കുട്ടികളെപ്പോലെ വെറുതെ കരയണെ” മേനോൻ എഴുന്നേററു് അവളുടെ അടുത്തേക്കു് ചെന്നു് വീണ്ടും അവളെ തന്നോടു ചേർത്തുപിടിച്ചുകൊണ്ടു് ചോദിച്ചു.

"ഇത്"—ഇത്"—ഒടുക്കം എന്നെ നശിപ്പിക്കും. അതാ ഉണ്ടാവുക." അവൾ വിക്കി. അവൾക്ക് കണ്ണുനീരടക്കാൻ കഴിയുന്നില്ല. കവിളുത്ത് ഇരുവശത്തും കൂടി കണ്ണുനീർ ധാരധാരയായി ഒഴുകുന്നു.

"നിനക്കൊരു നാശോം വരില്ല കുട്ടീ" അവളുടെ ശിരസ്സിൽ തലോടിക്കൊണ്ട് അയാൾ പറഞ്ഞു. "ഞാൻ ജീവനോടെ ഇരിക്കുന്ന കാലത്തോളം. എനിക്ക് മനസ്സിനു മാത്രമല്ല ശരീരത്തിനും ദൗർബല്യമുണ്ട്. നിനക്കറിയാമല്ലോ. ഇന്നോ നാളയോ എന്നു മാത്രമേ നോക്കാനുള്ളു. എന്നാലും ശരീരത്തിന്റെ ദൗർബല്യം എനിക്കു പ്രശ്നമല്ല. എന്നെ സംബന്ധിച്ചിടത്തോളം എന്തും ആസ്വദിക്കാൻ ശരീരത്തിന്റെ ആവശ്യമല്ല മനസ്സു മാത്രം മതി. അനുഭവിക്കാൻ മാത്രമേ ശരീരത്തിന്റെ കഴിവ് ആവശ്യമുള്ളു. അതും വികാരങ്ങളെ വിസർജ്ജിക്കുമ്പോഴാണ് ശരീരം ആനന്ദം അനുഭവിക്കുന്നത്. മനസ്സ് വികാരങ്ങളെ ആവാഹിച്ച് ആത്മാവിൽ കുടിയിരുത്തുന്നു. അതാണ് വ്യത്യാസം.—"

"എന്തോ—എനിക്കൊന്നും മനസ്സിലാവുന്നില്ല"

"നിനക്കെന്നല്ല ആർക്കും അത്രവേഗം മനസ്സിലാവില്ല. ചിലപ്പോൾ ഞാനും പിടികിട്ടാതെ പതറിപ്പോകാറുണ്ട്. ജീവിതത്തിൽ ഇതൊന്നു മാത്രമാണോ ആനന്ദദായകമായിട്ടുള്ളതെന്ന് പലപ്പോഴും ഞാൻ സംശയിക്കാറുണ്ട്. ആണെന്നാണ് എന്റെ പൂർണ്ണമായ വിശ്വാസം; എന്നെ സംബന്ധിച്ചിടത്തോളം. പക്ഷെ അതും അനുഭവിക്കാൻ ദൈവം എന്നെ അനുഗ്രഹിച്ചിട്ടില്ല. ഒന്നിലും പൂർണ്ണത പാടില്ലായിരിക്കും—വിധിയുടെ വികൃതി!!— മറെറാരു പോംവഴിയും ഇല്ലാത്ത പരിതസ്ഥിതിയല്ലെ. ഇല്ലെങ്കിൽ ഇങ്ങനൊന്നും വേണ്ടിയിരുന്നില്ലല്ലോ—"

"ഈ മഹാപാപത്തിന്റെ ശിക്ഷ—" അവൾക്കതു് മുഴമിക്കാൻ കഴിഞ്ഞില്ല.

"എന്തു മഹാപാപം—എന്തു ശിക്ഷ—ഒക്കെ വെറും മിഥ്യ. ഒരു പാപോം ഇല്ല ഒരു ശിക്ഷേം ഇല്ല. ഒക്കെ നമ്മളെ കബളിപ്പിക്കാൻ കണ്ടുപിടിച്ച വിദ്യകളാ. പിന്നെ എന്താ ഉള്ളതെച്ചാൽ തെററു ചെയ്യുന്ന് തോന്നുന്നുണ്ടെങ്കിൽ തെററാണ് ചെ ന്നതെന്ന് സമാധാനിക്കാനുള്ള മനസ്സു ളുണ്ടാവണം. തെററിനെ ശരിയാണെ ന്യായീകരിക്കാൻ ശ്രമിക്കുമ്പോഴാണ് കരാറ്. തെററോ?! ആരു—തെററാ തെററ് അതെന്നു സമ്മതിച്ചു ത്തോളൂ. ഒഴിഞ്ഞു അന്തോടെ എല്ലാ ങ്ങളും എല്ലാ ക്ലേശങ്ങളും—ങ്ങ് രിടത്തു് ഒരുതരി യഥാർത്ഥതയുടെ ശ്രുതി അണഞ്ഞു പോയതിന് അ ആട്ടിപ്പുറത്താക്കുന്നു, മററാരിടത്തു രസ്യമായി വ്യഭിചരിക്കുന്ന പ്രതാപ രിയെ സദാചാരം പൂവിട്ട് പൂജി അതാണ് കുട്ടീ ഇന്നത്തെ സ്ഥിതി തൊക്കെ നമ്മെ കബളിപ്പിക്കാനുള്ള കളാണ് ഇതുകൊണ്ടൊന്നും നീ പ മിക്കണ്ട—"

"എനിക്കങ്ങനെ സമാധാനിക്കാൻ ക ഴിയുന്നില്ല" സാവിത്രിയുടെ ഇടറിയ "ഇതൊക്കെ എന്നും ഒളിച്ചുവെക്കാൻ പററീന്ന് വരില്ല. ഇപ്പത്തന്നെ നാട്ടു പറഞ്ഞു നടക്കുന്നുണ്ടാവും."

"ആരെന്തു വേണെങ്കിൽ പറഞ്ഞോട്ടെ അതൊന്നും സാവിത്രി കണക്കാക്കണ്ട

"അതല്ല " ഒന്നു മടിച്ചിട്ട് അവൾ ശബ്ദം താഴ്ത്തി തുടരുന്നു "കുട്ട്യോളൊക്കെ ബുദ്ധിയായിവരല്ലെ—അവർക്കെന്തെങ്കിലും സംശയം തോന്നിയാൽ—പിന്നെ ജീവിച്ചിരുന്നിട്ട് കാര്യംല്ല്യ—രാമന്" ഉള്ളത്തന്നെ "അവളത്" മുഴമിച്ചില്ല. അ തേങ്ങററി ഓതിനപ്പോൾത്തന്നെ അവൾ മ നസ്സറിയാതെ കിടുങ്ങിപ്പോകുന്നു.

"നെനക്ക് നൊസ്സാ കുട്ടീ"—ഇത്തി പ്പോന്ന ദൈത്തങ്ങള്"—അവർക്കെന്താ അറിയാ—"

"അറിയില്ലാന്ന് നമുക്ക് തോന്നണത ല്ലെ- അവരത് അത്രക്ക് ചെറിയ കുട്ട്യോളൊന്നല്ലെ."

(തുടരും)



"ഞങ്ങൾ മെത്തയിൽ ആലിംഗനബദ്ധരായി കിടന്നു. അദ്ദേഹത്തിന്റെ കൈകൾ എന്റെ ശരീരത്തിന്റെ എല്ലാ ഭാഗങ്ങളിലും സഞ്ചരിച്ചുകൊണ്ടിരുന്നു. ദേവ് വിറയ്ക്കുകയാണ്. എന്നെ ബലമായി വാരിപ്പുണർന്നു. പിന്നെ എന്തൊക്കെയാണ് സംഭവിച്ചതെന്ന് എനിക്കോർമ്മയില്ല. എന്റെ കണ്ണിൽനിന്നും ജലകണങ്ങളടർന്നുവീണു ..."

... ...

... ...

"എന്റെ ഓമന കരയരുത്""

ഞാൻ ചിരിച്ചുകൊണ്ട് വളകിലുക്കത്തോടെ വീട്ടിലേക്കോടി. അങ്ങനെ ചുംബനങ്ങൾ കൊണ്ടുമാത്രം ഒരു പെണ്ണ് ഗർഭംധരിക്കയില്ലെന്ന് ദേവ് എന്നെ പഠിപ്പിച്ചു

സീതാലക്ഷ്മീദേവിന്റെ

തുടിക്കുന്ന ജീവിതാനുഭവങ്ങൾ നിറഞ്ഞ ലേഖനപരമ്പര

"കേശവദേവ് എന്റെ നിത്യകാമുകൻ"

മലയാളനാടിൽ

ഉടൻ പ്രസിദ്ധീകരണമാരംഭിക്കുന്നു.

അമാവാസി

നോവൽ മൂന്നു്

എൻ. കൃഷ്ണൻനായർ

‘**കൊ**ലപാതകി’ എന്നു താൻ മുദ്രകുത്തപ്പെട്ടിരിക്കുന്നു. സെഷൻസ്കോടതിയുടെ വിധി ഹൈക്കോടതിയും സുപ്രീം കോടതിയും ശരിവച്ചു എന്നുവരാം; ഗവർണ്ണറും പ്രസിഡൻറും ദയാഹർജി തള്ളിക്കളഞ്ഞുവെന്നും.

“സ്വന്തം ഭാര്യയേയും ഗർഭസ്ഥ ശിശുവിനേയും മൃഗീയമായി വധിച്ച വിദ്യാസമ്പന്നനായ, ഉദ്യോഗസ്ഥനായ ദേവരാജമേനോൻ അല്പവും ദയവു അർഹിക്കുന്നില്ല—”

തനിക്കുവേണ്ടി കണ്ണീരൊഴുക്കാൻ ഒരു പുൽക്കൊടിത്തുമ്പുപോലും ഉണ്ടാവില്ല. അമ്മ ഇന്നു ജീവിച്ചിരിപ്പുണ്ടായിരുന്നെങ്കിൽ, അവർക്കുമാത്രം ഒരുപക്ഷേ എല്ലാം മറക്കാനും പൊറുക്കാനും കഴിഞ്ഞേനേ—അച്ഛൻ സർപ്പദംശനമേറ്റു മരിച്ചതു് തനിക്കു് മൂന്നു വയസ്സുമാത്രം പ്രായമുണ്ടായിരുന്നപ്പോഴാണല്ലോ— —

വീട്ടുപറമ്പിൻെറ തെക്കുകിഴക്കേ കോണിലെ വലിയ സർപ്പക്കാവു്. കല്ലിൽ കൊത്തിയ, കരുണകാട്ടാത്ത സർപ്പദേവതകളും മാളങ്ങളിൽ ചുരുണ്ടുകിടക്കുന്ന വിഷസർപ്പങ്ങളും. സർപ്പക്കാവിൽ, അച്ഛനോ അമ്മയോ പതിവായി വിളക്കു കൊളുത്തും. സർപ്പദേവതകൾ കോപിക്കാൻ ഇടവരുത്തരുതു്. വീട്ടിൽ ഒരു ചിമ്മിനിവിളക്കു കൊളുത്താൻ മണ്ണെണ്ണയില്ലാതിരുന്നപ്പോൾപോലും, ആ കൽവിളക്കിൽ വെളിച്ചെണ്ണ ഒഴിച്ചു് തിരികൾ കൊളുത്താതെ ഇരുന്നിട്ടില്ല. കാവിൽ പടർന്നു പന്തലിച്ചുകിടന്നിരുന്ന തെച്ചിച്ചെടിയിലെ പൂവുകൾ ഇറുത്തു് തേൻ വലിച്ചു കുടിക്കാറുണ്ടായിരുന്നല്ലോ. ചുവന്ന തെച്ചിപ്പഴങ്ങൾ നുണയാൻ എന്തൊരു രസമായിരുന്നു! പഴങ്ങൾ കൊത്തിത്തിന്നുകൊണ്ടു് ചില്ലകളിൽ ചാടിനടന്നിരുന്ന അണ്ണാൻമാരെ മണിക്കൂറുകളോളം നോക്കിനിന്നിട്ടുണ്ടു്. എന്തു ഭംഗിയാണു്, അണ്ണാൻെറ മുതുകിലെ മൂന്നു വരകൾ കാണാൻ! അമ്മൂമ്മയാണു്, ആ വരകൾ എങ്ങനെ ഉണ്ടായി എന്നു പറഞ്ഞുതന്നതു്, ശ്രീരാമഭഗവാൻ കൃതജ്ഞതാപുരസ്സരം തടവിയതു് ആണത്രേ! അണ്ണാൻകുഞ്ഞും തന്നാലായതു്. ഗർഭിണിയായ ഭാര്യയെ ശ്രീരാമൻ എന്തിനു ഉപേക്ഷിച്ചു എന്നു പലപ്പോഴും ആലോചിച്ചിട്ടുണ്ടു്. തൃപ്തികരമായ ഉത്തരം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ചോദ്യം ആവർത്തിക്കുമ്പോൾ അമ്മൂമ്മക്കു ദേഷ്യം വരും. പുകയില നീരു് മുറ്റത്തേക്കു നീട്ടിത്തുപ്പിക്കൊണ്ടു്, വിറയാന്ന ശബ്ദത്തിൽ ചോദിക്കും:

“കുരുത്തം കെട്ടതേ ദൈവത്തിൻെറ തെറ്റു കണ്ടുപിടിക്കാൻ ശ്രമിക്കേ?”

അമ്മൂമ്മ ഇപ്പോൾ ജീവിച്ചിരിപ്പുണ്ടായിരുന്നെങ്കിൽ താൻ ആ ചോദ്യം ആവർത്തിക്കുമായിരുന്നില്ല. ശ്രീരാമൻ ഗർഭിണിയായ ഭാര്യയെ ഉപേക്ഷിക്കുക മാത്രമല്ലേ ചെയ്തുള്ളൂ—

“ചക്കയ്ക്കുപ്പുണ്ടോ?”എന്നു കൂടെക്കൂടെ അന്വേഷിക്കുന്നതു്, മരത്തിൽ പോട്ടുണ്ടാക്കാറുള്ള, ചുവപ്പുതൊപ്പിയണിഞ്ഞ "മരംകൊത്തിക്കിളി"യാണോ? അതിൻെറ ശബ്ദം കേൾക്കുമ്പോൾ തിരിച്ചുചോദിക്കാറുണ്ടായിരുന്നു___

“ചക്കയ്ക്കുപ്പുണ്ടോ?”

സന്ധ്യയ്ക്കു് കാവിൽ വിളക്കുകൊളുത്താൻ വന്നപ്പോഴാണു്, “ചക്കയ്ക്കുപ്പുണ്ടോ?” എന്നു ചോദിച്ചുകൊണ്ടു് മരംകൊത്തിയേയും നോക്കി കാവിനു ചുറ്റും നടക്കുന്ന മകനെ, അമ്മ കണ്ടതു്. അമ്മയുടെ കയ്യ് തുടയിൽ പതിഞ്ഞപ്പോഴേ, മരങ്ങളുടെ മുകളിൽനിന്നും കണ്ണെടുത്തുള്ളൂ.

“സന്ധ്യക്കു് സർപ്പക്കാവിൽവന്നു് “ചക്കയ്ക്കുപ്പുണ്ടോ?” എന്നു തെരക്കണ കണ്ടില്ലേ? സർപ്പം തീണ്ടിയാൽ പിന്നെ ചക്കയ്ക്കുപ്പുണ്ടാവില്ല; നിനക്കു ജീവനും ഉണ്ടാവില്ല.”

രാത്രി, അച്ഛൻ കമ്പോളത്തിൽനിന്നും മടങ്ങിവരുന്നതുവരെ കാത്തിരുന്നു. അമ്മയുടെ നാലു വിരലുകൾ, തുടയിൽ പതിഞ്ഞുകിടന്നിരുന്നതു്, അച്ഛനു കാണിച്ചുകൊടുത്തു. വിയർപ്പു ഒഴുകിയിരുന്ന നെഞ്ചിലേക്കു് പിടിച്ചടുപ്പിച്ചുകൊണ്ടു്, അടുക്കളയിൽ ജോലിചെയ്തുകൊണ്ടിരുന്ന അമ്മയോടു് അച്ഛൻ ഉച്ചത്തിൽ വിളിച്ചുചോദിച്ചു.

“എന്താ ജാനൂ, മോൻെറ തൊടയിൽ?”

“പുന്നാര മോനോടുതന്നെ ചോദിക്കരുതേ? സന്ധ്യക്കു പോയിരിക്കുന്നു—സർപ്പക്കാവിൽ—“ചക്കയ്ക്കുപ്പുണ്ടോ” എന്നു് അന്വേഷിക്കാൻ. ഊരണതു വല്ലതും കൊത്തീരുന്നെങ്കിലേ——”

അച്ഛൻ ചിരിച്ചു.

“നമ്മളു് പാലൂട്ടണ സർപ്പദേവതകളു് നമ്മുടെ കൊച്ചിനെ തീണ്ടുമോ, ജാനൂ??

ആ അച്ഛനാണു്, സർപ്പദംശനമേറ്റു മരിച്ചതു്. ആടിനു കൊടുക്കാൻ കുറേ ഇലച്ചില്ലകൾ മുറിച്ചുകൊണ്ടുമടങ്ങിവന്ന

കേരളാ
സിറാമിക്സ്

ഇന്ത്യയിലെ
ഏററവും നല്ല
ക്രോക്കറി

ലോകപ്രസിദ്ധമായ
കുണ്ടറ ചൈനാ ക്ലേ
യിൽ നിന്നും നിർമ്മി
ക്കപ്പെട്ടതു്

പ്പോൾ വലതുകാലിലെ തള്ളവിരലിന്റെ അററത്തു് ഒരുതുള്ളി ചോര പൊടിച്ചുനില്ക്കുന്നു. വല്ലാത്ത വേദനയും.

"എന്റെ കാലിൽ എന്തോ കൊണ്ടല്ലോ, ജാനൂ——ചെറിയ വേദനയും:"

അമ്മയ്ക്കു പരിഭ്രമമായി.

"സാരമില്ലന്നേ. തൊട്ടാവാടീലോ കള്ളിയിലോ വല്ലതും ചവുട്ടീതാവും—"

"ആ വിഷഹാരി ഗോപാലൻവൈദ്യനെ ഒന്നു വിളിപ്പിച്ചാലോ?"

അച്ഛൻ പൊട്ടിച്ചിരിച്ചു. അമ്മ തമാശ ഒന്നും പറഞ്ഞില്ലല്ലോ——

"എന്നെപാമ്പു കടിക്ക്യേ? അസ്സലായി. എന്നാൽ പാമ്പു ചത്തതുതന്നെ എനിക്കല്ലേ ജാനൂ, വിഷം കൂടുതൽ?"

അമ്മ ചിരിച്ചില്ല.

അച്ഛനും പിന്നെ ചിരിച്ചില്ല.

നേരം വെളുക്കുന്നതിനു മുമ്പു് അച്ഛൻ മരിച്ചു. വെളുത്ത ശരീരം ഇളംനീല വർണ്ണമായി.

തൂവെള്ളത്തുണികൊണ്ടുമൂടിയ അച്ഛന്റെ ശവശരീരം. നിലവിളക്കിലെ ആടിഉലയുന്ന തീനാളങ്ങൾ——

അമ്മയുടെ മുഖത്തെ പ്രകാശം പൊലിഞ്ഞുപോയി. ആ മെഴുകുപ്രതിമ ഉള്ളിൽ കത്തിഉരുകുകയായിരുന്നു.

"ജീവിക്കാതെ പററോ? ദേവനെ ഒരു കര എത്തിക്കണ്ടേ?"

അമ്മയ്ക്കു് ജീവിതത്തിൽ ആ ലക്ഷ്യം മാത്രമേ ഉണ്ടായിരുന്നുള്ളു.

അഴകും ആരോഗ്യവും അമ്മയെ അനുഗ്രഹിച്ചിരുന്നു. അച്ഛൻ മരിക്കുമ്പോൾ അമ്മയ്ക്കു് എന്തു പ്രായം ഉണ്ടായിരുന്നിരിക്കണം? ഇരുപത്തിനാലോ, ഇരുപത്തിയഞ്ചോ?

കല്യാണാലോചനകൾ പലതും വന്നതാണത്രേ. എന്തെല്ലാം പ്രലോഭനങ്ങൾ അമ്മയ്ക്കു് അതിജീവിക്കേണ്ടി വന്നിരിക്കും. എത്ര ബദ്ധപ്പെട്ടിട്ടാവും തന്റെ വികാരങ്ങൾ അണകെട്ടി നിർത്തിയിട്ടുള്ളതു്.—

എല്ലാം എനിക്കുവേണ്ടി——

അമ്മയുടെ മാറത്തെ ചൂടു നുകർന്നു ങ്ങാൻ ബിന്ദുമോൾക്കു് ഭാഗ്യം കിട്ടിയിട്ടില്ല. അമ്മയുടെ മുലപ്പാൽ നുകരാൻപോലും എത്രയോ കുറച്ചു ദിവസങ്ങളേ അവൾക്കു കഴിഞ്ഞിട്ടുള്ളു. ബിന്ദുമോളെ പ്രസവിച്ചിട്ടു് "നാല്പതു്" തികഞ്ഞിരുന്നില്ല.

രു ദിവസം "ഇന്ദ്രപ്രസ്ഥ"ത്തിൽ കടന്നുചെന്നപ്പോൾ, ആയ ബിന്ദുവിനെ മടിയിൽ കിടത്തി എന്തോ സ്പൂൺകൊണ്ടു് കോരിക്കൊടുക്കുന്നു.

"കുഞ്ഞിനു് മുലപ്പാലല്ലേ, ഈ പ്രായത്തിൽ കൊടുക്കാറുള്ളൂ."

അറിയാതെ ആയയോടു് ചോദിച്ചുപോയി. അവർ അപരാധബോധത്തോടെന്നവണ്ണം തലകുനിച്ചു്, വെള്ളിക്കിണ്ണത്തിൽ നോക്കി. സ്വപ്നയോടു് ചോദ്യം ആവർത്തിച്ചപ്പോൾ, പെട്ടെന്നു് ഉത്തരം കിട്ടി.

"അതൊക്കെ നിങ്ങടെ പട്ടിക്കാട്ടിലെ പഴഞ്ചൻ "തിയറീസ്" ആണു്. കുഞ്ഞുങ്ങൾ ചപ്പിവലിച്ചാലേ, ബ്രസ്റ്റിന്റെ "ഷേപ്പ്" പോവും. പിന്നെ ഇതിനൊക്കെ മുലപ്പാലുകൊടുത്തു ശീലിപ്പിച്ചാലുണ്ടല്ലോ, സമയമാവുമ്പം കിടന്നു കീററലു തുടങ്ങും. ഫാഷൻ പരേഡിനോ, ഹെയർ സ്റ്റൈൽ കോമ്പററിഷനോ, ഷോപ്പിംഗിനോ പോയി മടങ്ങിവരാൻ അല്പം വൈകിയാൽ കാര്യം ബുദ്ധിമുട്ടാവും—കുഞ്ഞുങ്ങളെ ദുശ്ശീലങ്ങളൊന്നും പഠിപ്പിക്കാൻ പാടില്ല."

നാലുവർഷം അമ്മയുടെ മുലപ്പാൽ നുകർന്നു വളർന്ന പട്ടിക്കാട്ടുകാരനായ തന്റെ സംശയങ്ങൾ, എത്രവേഗം ദൂരീകരിക്കപ്പെട്ടു!

"മാതാവിൻ വാത്സല്യ—
ദുഗ്ദ്ധം നുകർന്നാലേ
പൈതങ്ങൾ പൂർണ്ണ—
വളർച്ച നേടൂ"

എന്നു പാടിയ വള്ളത്തോൾ എവിടെ, എന്റെ സഹധർമ്മിണി സ്വപ്ന എവിടെ?

അടുത്ത ദിവസം ഉച്ചക്കു് ഊണു കഴിക്കാൻ ചെല്ലുമ്പോൾ സ്വപ്ന കട്ടിലിൽ കിടന്നു ഞരങ്ങുന്നു. അല്പം ഉൽക്കണ്ഠയോടെ ചോദിച്ചു.

"എന്തുപററി?"

കഴുത്തുവരെ മൂടിയിരുന്ന വിദേശനിർമ്മിതമായ പുതപ്പു് അരയോളം താഴ്ത്തി. പാൽ നിറഞ്ഞു് മാറിടം അസാധാരണമാംവണ്ണം വീർത്തു കല്ലിച്ചിരിക്കുന്നു.

പെട്ടെന്നു് ചിരിച്ചുപോയി.

അവൾക്കു് അരിശം വന്നു,

"ഉം. എന്താ, ഇത്ര ചിരിക്കാൻ? എനിക്കു പ്രാണവേദന—നന്ദിയില്ലാത്ത—"

ആ പ്രയോഗം മുഴമിപ്പിച്ചില്ല; വർഷങ്ങൾക്കുശേഷം ഒരിക്കൽക്കൂടെ ആവർത്തിച്ചു എന്നു മാത്രം.—

കുളിമുറിയിൽ കടന്നു് കയ്യും മുഖവും കഴുകി.

"താടകാ ഭയങ്കരി—അവളെപ്പേടിച്ചാരും—"

അറിയാതെ പാടിക്കൊണ്ടാണു് കുളിമുറിയിൽ നിന്നും പുറത്തു വന്നതു്. സ്വപ്നയുടെ മുഖത്തെ രൗദ്രഭാവം കണ്ടപ്പോൾ നാവു പെട്ടെന്നു നിശ്ചലമായി.

സ്വപ്ന മാറുമറയ്ക്കാതെതന്നെ കിടക്കുന്നു. ഉണ്ണിക്കൃഷ്ണന്റേയും പൂതനയുടേയും ചിത്രം എവിടെയോ കണ്ടതു് ഓർമ്മയിലെത്തി, തുടർന്നു് അറപ്പുതോന്നിക്കുന്ന മറെറാരു രൂപവും—സബ്ബ്കളക്ടറായിരുന്നു അന്നു്. ഒരു വലിയ എസ്റ്റേററുടമയുടെ വീട്ടിൽ ജോലിക്കു നിന്നിരുന്ന സുന്ദരിയും ആരോഗ്യവതിയുമായ ജോലിക്കാരി സുമതി ഒരു ദിവസം പെട്ടെന്നു മരിച്ചു. ഇരുപത്തിയൊന്നു വയസ്സുമാത്രം പ്രായമുണ്ടായിരുന്ന അവൾ മരിച്ചതു് "ചുഴലി" വന്നിട്ടാണെന്നു് എസ്റ്റേററുടമ വിധിയെഴുതി. മൂവായിരത്തിലധികം ഏക്കർ വിസ്തൃതിയുള്ള എസ്റ്റേററിന്റെ നടുക്കു്, ആരുടേയും അനുവാദത്തിനുവേണ്ടി കാത്തു നിൽക്കാതെ അയാൾ സുമതിയുടെ ശവശരീരം കുഴിച്ചു മൂടി. നെഞ്ചത്തടിച്ചു് നിലവിളിച്ചുകൊണ്ടു് എത്തിയ അവളുടെ അച്ഛനമ്മമാർക്കു് ഒരു വലിയ തുക നൽകി തിരിച്ചയച്ചു. സംഭവത്തെപ്പററി ഔദ്യോഗിക സ്ഥാനങ്ങളിൽ നേരിട്ടു പരാതിപ്പെടാൻ ആളുകൾ മടിച്ചു. എ. എസ്. പിക്കു ഒരു ഊമക്കത്താണു കിട്ടിയതെങ്കിലും, കാര്യം ഗൗരവമുള്ളതാണെന്നു് അദ്ദേഹത്തിനു തോന്നി. ഒരു കേസ്സ് രജിസ്റ്റർ ചെയ്തു. ശവം മാന്തി എടുക്കണം. ശവം കുഴിച്ചു മൂടിയിട്ടു് ദിവസങ്ങൾ തന്നെ ചിലതു കഴിഞ്ഞിരിക്കുന്നു. മാന്തി എടുത്ത ശവശരീരത്തിലേക്കു് നോക്കിയപ്പോൾ തന്നെ അറപ്പുതോന്നി. മാറിടം ഊതിവീർത്തു് ഭീകരമായ രൂപം പൂണ്ടിരുന്നു—പാൽ നിറഞ്ഞു വീർത്തു് നീരുകെട്ടിയ സ്വപ്നയുടെ മാറിടം—

(തുടരും)

—o—

നോവൽ മുപ്പത്തിമൂന്നു്

വിളക്കിനു മാത്രമോ ചുവപ്പ്

അടുത്ത വീട്ടിലെ ഒരു പ്രായം ചെന്ന സ്ത്രീയും ഒരു ലേഡിഡോക്ടറുമാണ് ചേച്ചിയുടെ പ്രസവം എടുക്കാൻ ഉണ്ടായിരുന്നത്.

ഞാൻ എന്നെ വിററ പണം അവർക്ക് അപ്പോൾ ഉപകരിച്ചു.

കുഞ്ഞിനെ ഒന്നു കാണാൻ ചേട്ടൻ വേവലാതിപ്പെട്ടു.

തിരുപ്പതിയും കണ്ണനും എന്നെയും മാണിക്കത്തെയുമാണ് ആകാംഷയോടെ നോക്കിനിന്നത്.

ചേച്ചി വീണ്ടും കുഴപ്പങ്ങളിൽ ചെന്നു ചാടുകയാണോ എന്ന ഭയം അവർക്ക്.

എന്റെ ഇതുവരെയുള്ള ജീവിതത്തിൽ എപ്പോഴാണ് കുഴപ്പങ്ങളും പ്രശ്നങ്ങളും ഇല്ലാതിരുന്നിട്ടുള്ളത്?

എന്തു പ്രശ്നവും നേരിടുവാനും സഹിക്കുവാനും തയ്യാറെടുത്തു നിൽക്കുന്നവർ. പുതിയ പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ വിഷമിച്ചിട്ട് കാര്യമില്ലല്ലോ.

ചേച്ചി ഏറെ അവശയായിരുന്നു.

ഒരു ഔൺസ് ബ്രാണ്ടി കൊടുത്താൽ നന്നായിരിക്കുമെന്ന് ആരോ പറഞ്ഞു.

കൊടുക്കുന്നതിൽ തകരാറില്ല. ഇനി അതാരെങ്കിലും കണ്ടുവന്ന് ചേച്ചിയേ അറസ്റ്റു ചെയ്യാലോ?

ഞാനിക്കാര്യം സൂചിപ്പിച്ചപ്പോൾ മാണിക്കം ചിരിച്ചു.

ഭാഗ്യത്തിന് മാണിക്കത്തിന്റെ കൈവശം അല്പം ബ്രാണ്ടിയുണ്ടായിരുന്നു. അതദ്ദേഹം ഒഴിച്ചുകൊടുത്തു.

“ഈ നിലയിൽ എങ്ങിനെ പോകും?”–മാണിക്കം ആരാഞ്ഞു.

ഞാൻ തിരുപ്പതിയേ നോക്കി: “കഥ മുഴുവൻ ചേട്ടൻ നിനക്ക് പറഞ്ഞു തരും. നമുക്കെല്ലാവർക്കും കൂടി എങ്ങോട്ടെങ്കിലും പോകാമെന്നു കരുതിയാണ് ഞങ്ങൾ വന്നത്. ഈ നിലയിൽ ഇനി പററില്ല. ഞങ്ങൾ രണ്ടുപേരും കൂടി കുറച്ചു ദിവസം എവിടെയെങ്കിലും പോയി താമസിക്കാം. അടിക്കടി ഞാൻ വന്ന് നിങ്ങളെക്കാണും. ചേച്ചിയേ ഭദ്രമായി നോക്കിക്കൊള്ളണം”–ഞാൻ പറഞ്ഞു.

തന്റെ ബാഗിനുള്ളിൽ നിന്നും രണ്ടായിരം രൂപയെടുത്ത് മാണിക്കം ചേട്ടനെ ഏല്പിച്ചു.

ഇപ്പോൾ മാണിക്കത്തിൽ നിന്നും പണം വാങ്ങാൻ ചേട്ടൻ സങ്കോചപ്പെട്ടില്ല.

ചുട്ടുപൊള്ളുന്ന മണലിൽ ആദ്യം കാൽ വയ്ക്കുമ്പോൾ വിഷമിക്കും, പോകപ്പോക അതുമായി നാം ഇണങ്ങിച്ചേരും.

ഓരോ ദിവസവും ഒരു തരത്തിലല്ലെങ്കിൽ മററൊരു തരത്തിൽ ഞങ്ങൾ ബുദ്ധിമുട്ടിക്കൊണ്ടിരുന്നു. ഞങ്ങളെല്ലാവരും തന്നെ കേവലം ജഡങ്ങളായിരുന്നു. മരിക്കണമെങ്കിൽ മരിക്കട്ടെ എന്നൊരു ചിന്ത, ധൈര്യം എല്ലാവർക്കും ഉണ്ടായിരുന്നു—

ഹോട്ടലിൽ നിന്നു വന്ന ടാക്സിയിൽ തന്നെ ഞങ്ങൾ മടങ്ങിപ്പോയി.

ഇപ്പോൾ, കുടുംബം പോററുന്ന ഒരു ത്യാഗിനിമാത്രമല്ല, അനുരാഗരസത്തിൽ സ്വയം മറന്നവൾകൂടിയാണ്; ഞാൻ,

ഞങ്ങൾ പല്ലാമരം ന്യൂ എക്സ്ററൻഷനിലേക്കാണ് പോയത്. അവിടെ വളരെ വേണ്ടപ്പെട്ട ഒരാളുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

കവിഞ്ജർ കണ്ണദാസൻ

നേരം പുലരുന്നതേയുള്ളു,

ഞങ്ങൾ പല്ലാമരത്തേക്ക് യാത്രയായി.

തികച്ചും ഏകാന്തമായ ഒരു സ്ഥലത്തായിരുന്നു ആ വീട്.

ഞങ്ങൾ ചെല്ലുമ്പോൾ അവിടത്തെ ഗൃഹനാഥൻ ബാലസുന്ദരം ഒരു ബനിയനും അണ്ടർവെയറും മാത്രം ധരിച്ചുകൊണ്ട് വീട്ടിനു ചുററും അതിവേഗത്തിൽ നടക്കുകയായിരുന്നു. രാവിലെ വ്യായാമം ചെയ്യുന്നതാണ്.

അയാൾക്ക് ഷുഗർകമ്പ്ളയിൻറ് ഉണ്ടെന്ന് മാണിക്കം പറഞ്ഞു.

ബാലസുന്ദരവും ഭാര്യ മരകതവും ഞങ്ങളെ സന്തോഷത്തോടെ സ്വീകരിച്ചു.

മാണിക്കത്തോട് ബാലസുന്ദരം ഒന്നും ചോദിച്ചില്ല. എന്നെക്കുറിച്ചൊക്കെ അയാൾക്ക് നേരത്തേ അറിയാമത്രേ!

എന്നെ അയാൾ ഒന്നുഴിഞ്ഞുനോക്കി.

“മുകളിലത്തെ മുറിയിൽ പോയിരിക്കു.” എന്നിട്ടയാൾ പറഞ്ഞു.

മരകത വല്ലിയമ്മ ഞങ്ങൾക്ക് കാപ്പി കൊണ്ടുതന്നു.

കാപ്പികുടിച്ചു.

“വരണം ഞാൻ കുളിപ്പിക്കാം” മാണിക്കത്തെ ഞാൻ ക്ഷണിച്ചു.

നല്ല സൗകര്യമുള്ള ബാത്ത്റൂം.

അദ്ദേഹത്തെ ഞാൻ ഒരു സ്റ്റൂളിൽ ഇരുത്തി, ഷവർ തുറന്ന്, ശരീരം നന്നായി തേച്ച് കുളിപ്പിച്ചു.

“തലയിൽ കൂടുതൽ വെള്ളം വീണാൽ മദ്യലഹരി മാറും? — മാണിക്കം പറഞ്ഞു.

ഒരു ഭർത്താവ് തന്റെ ഭാര്യയിൽ എന്നും കേവലം ലൈംഗികസുഖംമാത്രമല്ല ഇച്ഛിക്കുന്നത്. ഇത്തരം പരിചരണങ്ങളും ആഗ്രഹിക്കുന്നുണ്ടാവും.!

തലേരാത്രി അനുഭവിച്ച സുഖത്തേക്കാളെത്രയോ അധികം സുഖം ആ ബാത്ത്റൂമിൽവച്ച് ഞാനനുഭവിച്ചു.

സാധാരണ ഒരു പുരുഷൻ കുളിക്കാനെടുക്കുന്ന സമയം ഏറിയാൽ പത്തുമിനിട്ടാണ്, പക്ഷേ, ഭാര്യ കുളിപ്പിക്കുമ്പോഴോ കുളിച്ചുകൊണ്ടേയിരിക്കാൻ ഇഷ്ടപ്പെടുന്നു.

ഞാൻ അദ്ദേഹത്തിന്റെ തലയും ശരീരവും തുടച്ചു: വസ്ത്രങ്ങളണിയിച്ചു, കണ്ണാടിക്കുമുന്നിലിരുത്തി തലചീകി.

ഈശ്വരാ! ആയുസ്സുമുഴുവൻ ഇങ്ങിനെയായിരുന്നെങ്കിൽ!

മരകതം അമ്മ പലഹാരം കൊണ്ടുവന്നു.

ഞാൻതന്നെ അദ്ദേഹത്തെ ഊട്ടി.

പിന്നീടദ്ദേഹം പതുക്കെ കതകടച്ചു.

“അയ്യയ്യോ. എന്താണിത്?” — ഞാൻ ചോദിച്ചു.

“ശബ്ദമുണ്ടാക്കാതെ? എന്നു പറഞ്ഞിട്ടദ്ദേഹം എന്റെ സമീപത്തു വന്നിരുന്നു.

പക്ഷികളെപ്പോലെ, സമയമോ സന്ദർഭമോ നോക്കാതെ ഞങ്ങൾ കെട്ടിപ്പിടിച്ചു, ചുംബിച്ചു, ഇണചേർന്നു.

എന്തൊരനുഭൂതിയായിരുന്നു.

ഏകദേശം പതിനൊന്നുമണിയായിക്കാണും.

ഞങ്ങൾ പരസ്പരം പുണർന്നുകൊണ്ട് ഉറങ്ങാനായികിടന്നു. കണ്ണടച്ചില്ല.

പുറത്ത് നാലഞ്ച് കാറുകൾ വന്നുനില്ക്കുന്ന ശബ്ദം. അദ്ദേഹം ചാടിപ്പിടഞ്ഞെണീററു. അദ്ദേഹത്തിന്റെ സംശയം അസ്ഥാനത്തായില്ല.

അച്ഛനയച്ച ആളുകളായിരുന്നു ആ കാറുകളിൽ വന്നിറങ്ങിയത്.

സ്നേഹിതനായഭിനയിച്ച ബാലസുന്ദരം തന്റെ പിതാവിന്റെ അനുസരണയുള്ള നായാണെന്നകാര്യം മാണിക്കം മറന്നുപോയിരുന്നു.

ഞങ്ങളെ കാറിൽ വന്നിറങ്ങിയ കശ്മലന്മാർ പിടിച്ചുവലിച്ച് കാറിൽ കയററി.

എന്റെ സാവിത്രിച്ചേച്ചിയുടെ ചാരിത്രം കശാപ്പുചെയ്യാൻ ശ്രമിച്ച അതേ ബംഗ്ളാവിൽതന്നെയാണ് ഞങ്ങളെ കൊണ്ടുപോയത്.

അദ്ദേഹത്തിനെ പിടിച്ചുവലിച്ച് മുകളിലത്തെ നിലയിലേക്ക് കൊണ്ടുപോകുന്നത് ഞാൻ കണ്ടു.

എന്നെ ഒരു പ്രത്യേക മുറിയിൽ ഇട്ടു പൂട്ടി.

മദിരാശിനഗരത്തിൽ ഇത്തരം ചില ബംഗ്ളാവുകളുണ്ടെന്നകാര്യം അങ്ങയ്ക്കറിയാമോ സാർ?

താങ്കളുടെ നിയമപുസ്തകത്തിന്റെ താളുകൾക്കു് നൽകിയിരിക്കുന്ന നമ്പരുകൾക്കു പോലും ഈ കെട്ടിടത്തിനുള്ളിൽ കടക്കാനാവില്ല. അതു് അധികാരിവർഗ്ഗത്തിന്റെ ആനന്ദമാളികയാണു്. ലോകത്തെ തന്നെ മറന്നു് ചിലർ എന്തും ചെയ്യുന്നതു് ഇവിടെവച്ചാണു്. അപ്രതീക്ഷിതമായ പലതും നടക്കുന്ന കളിയരങ്ങും. അബലകളെ ബലാൽക്കാരത്തിനു് ഇരയാക്കുന്ന മന്ദമാളിക.

ഇതൊക്കെ നീ എങ്ങിനെ മനസ്സിലാക്കിയെന്നു് എന്നോടു് ചോദിക്കാൻ തോന്നുന്നുണ്ടോ?...

മാണിക്കത്തെ എവിടെയാണു് കൊണ്ടുപോയതെന്നു് എനിക്കറിയില്ല. എന്നാൽ എന്നെ കൊണ്ടിട്ടു് പൂട്ടിയ മുറി, "ഇരിക്കുമ്പോൾ തുള്ളിച്ചാടുന്ന" ഡൺലപ്പ്മെത്ത വിരിച്ചതായിരുന്നു. മുറിയുടെ ചുവരുകളിൽ നിറയെ നാനാചിത്രങ്ങൾ പതിച്ചിരുന്നു.

അതുവരെ ആ ചിത്രങ്ങൾ മാത്രമേ നഗ്നമായിരുന്നുള്ളുവെങ്കിൽ, ചില നിമിഷങ്ങൾക്കുള്ളിൽ ഞാനും നഗ്നയാക്കപ്പെട്ടു.

രണ്ടു് മുരടന്മാർ മുറിക്കുള്ളിലേക്കു് വന്നാണു് എന്നെ വസ്ത്രാക്ഷേപം ചെയ്തതു്.

ഞാൻ ആവോളം തടുത്തു; ശബ്ദമുണ്ടാക്കി.

എന്റെ ശക്തി അവരുടെ മുന്നിൽ വെറും തൃണം. എന്റെ ശബ്ദം ആരുടേയും കാതിൽ പെട്ടില്ല.

സാരിയും മറ്റും അവിടെ വച്ചിരുന്നാൽ ഞാൻ കെട്ടിത്തൂങ്ങി ചത്തുകളയുമെന്നു ഭയന്നിട്ടാകണം അതുകൂടി അവർ കൊണ്ടുപോയി.

ശരി. എന്റെ കഥ ഇവിടെ അവസാനിക്കുന്നു— ഞാൻ കരുതി.

ഈ സമയത്തു് ഒരു മൃഗം അകത്തേക്കു് കയറിവന്നു. ഏതാണെന്നോ ആ മൃഗം? എന്റെ അമ്മാവൻ. മണിക്കത്തിന്റെ പിതാവു്.

അമ്മാവൻ മരുമകളെ തൊടാമോ? പ്രാപിക്കാമോ?

ഓ. അതു് അയാൾക്കു് പഴക്കമുള്ള കാര്യം.

ഹിന്ദുസമുദായത്തിൽ അമ്മാവൻ മരുമകളുടെ മുഖത്തുപോലും നോക്കുകയില്ല. ഇവിടെ ബന്ധങ്ങൾക്കു് എന്തുപ്രസക്തി? സ്ത്രീ മാംസളമായ ഒരു ശരീരം. അതു് ആരുടേതായിരുന്നാലെന്തു്?

അങ്ങിനെ ഒരു പുത്രൻ! ഇങ്ങിനെ ഒരു പിതാവു്!

ആദ്യദിവസം രാത്രി; മാണിക്കം തന്റെ പിതാവിനെക്കുറിച്ചു പറഞ്ഞ ഒരു വാചകം അപ്പോൾ ഞാൻ ഓർത്തുപോയി.

"ഞാൻ അങ്ങേരുടെ മകനായിരിക്കില്ല—" എന്നു്.

അച്ഛനോടുണ്ടായ വെറുപ്പുമൂലം അമ്മയുടെ പാതിവ്രത്യം പോലും ആ മകൻ ചോദ്യം ചെയ്തിരിക്കുന്നു.

—അയാൾ എന്നെ സമീപിച്ചു.

"ഞാൻ നിങ്ങളുടെ മകന്റെ ഭാര്യയാണു്."

"അവനു് മാത്രമോ" —അയാളുടെ ചോദ്യം.

"ദൈവമേ!"–ഞാൻ അറിയാതെ വിളിച്ചു.

"ദൈവത്തെ കിട്ടിയാലും നീ വിടില്ലല്ലോ." എന്നു പറഞ്ഞുകൊണ്ടു് എന്റെ തോളിൽ ബലമായി പിടിച്ചുകൊണ്ടയാൾ എന്നെ കട്ടിലിലേക്കു് ആഞ്ഞുതള്ളി.

പെട്ടെന്നായിരുന്നു അതു് സംഭവിച്ചതു്. റിവോൾവറിൽ വെടിപൊട്ടുന്ന ശബ്ദം. ഒറ്റവെടിയിൽ ഞാൻ നിന്നിരുന്ന കതകു് തുറന്നു, മാണിക്കം അകത്തു കടന്നു.

എന്നെപ്പറ്റി ആ മുഖം എന്തൊക്കെയാണോ മോശമായിപ്പറഞ്ഞതു് അതെല്ലാം മാണിക്കം അയാളെപ്പറഞ്ഞു.

"മനുഷ്യനാണോടോ താൻ?" മാണിക്കത്തിന്റെ ചോദ്യം. വിട്ടില്ല. "നാണവും മാനവും ഇല്ലാത്ത മൃഗമേ."

റിവോൾവർ ചൂണ്ടിക്കൊണ്ടുതന്നെ പുറത്തു കിടന്ന വസ്ത്രങ്ങൾ എടുത്തു് എനിക്കു തന്നു, ഞാനതു് ധരിച്ചു.

ഞങ്ങൾ പുറത്തിറങ്ങി.

"ആരെങ്കിലും അടുത്താൽ അവന്റെ മരണമാണു് ഫലം"—മാണിക്കം അലറി.

എന്നെ അടച്ചിരുന്ന മുറിയിൽ നിന്നും മാണിക്കത്തിന്റെ പിതാവു് പുറത്തുവന്നില്ല,

പുറത്തുനിന്നിരുന്ന വിലയേറിയ കാറുകളിലൊന്നിൽ എന്നെ കയറ്റി.

ഡ്രൈവറെ ഭീഷണിപ്പെടുത്തി കാറിന്റെ താക്കോൽ വാങ്ങി.

"ഇനി ഞാൻ ഒരുത്തനെയും വിശ്വസിക്കില്ല." മാണിക്കം ആരോടെന്നില്ലാതെ പറഞ്ഞു.

മാണിക്കം കാർ സ്റ്റാർട്ടു് ചെയ്തു. സ്റ്റാർട്ടാകാൻ അല്പം ശ്രമം വേണ്ടിവന്നു. ഒടുവിൽ സ്റ്റാർട്ടായപ്പോൾ പിൻഭാഗത്തെ ഡോർ തുറന്നടയുന്ന ശബ്ദം കേട്ടു.

ഞാൻ തിരിഞ്ഞുനോക്കി.

പിൻസീറ്റിൽ മാണിക്കത്തിന്റെ ഭാര്യ ജാനകി ഇരിക്കുന്നു.

(തുടരും)

"ദുബായ്-ഒരു മലയാളിയുടെ കാഴ്ചപ്പാടിലൂടെ"

പി. ഉണ്ണിമേനോൻ

(കഴിഞ്ഞ ലക്കത്തിൽനിന്നും തുടർച്ച)

ഡിഫെൻസിലെ ഡോക്ടർമേനോൻ വെല്ലൂരിലെ ഡോക്ടർ ജയരാജിന്ന് നിർദ്ദേശങ്ങൾ നല്കിയിരുന്നു. ശസ്ത്രക്രിയ വിജയകരമായിരുന്നു. എല്ലാം സുഖപ്പെട്ട് സിദ്ധിഖ് ഇപ്പോൾ ഇവിടെ ഉണ്ട്. അതുപോലെ എന്റെ ചിരകാലസുഹൃത്തായ ജയൻ, ഹൃദ്രോഗശങ്ക തോന്നിപ്പോയതു് അമേരിക്കയിൽ ഹൂസ്ററണിലേയ്ക്കാണ്. ഓയിൽ സപ്ളെ ഫീൽഡിലെ ആ ചീഫ് എക്കൌണ്ടൻട് ഭാഗ്യവാനാണ്. ആസ്പത്രിയിൽ ഒരാഴ്ചയെങ്കിലും താമസിക്കാൻ ആരും മോഹിച്ചുപോവും. നക്ഷത്രങ്ങളുള്ള ഒരു മേലേക്കിട ഹോട്ടൽ മുറിയുടെ പ്രതീതി!

ഒരു റൂമിന്ന് ദിവസത്തിൽ മുന്നൂറും നാനൂറും ദിർഹം വാടകയുള്ള കൂററൻ ഹോട്ടലുകൾഉണ്ട്. നല്ലനിലവാരമുള്ള ഒരു ഉടുപ്പിഹോട്ടൽ ഇവിടെഉള്ളതു് വലിയൊരനുഗ്രഹംതന്നെ. ഇടത്തരക്കാരായ മലയാളികൾ വൈകുന്നേരങ്ങളിൽ നാട്ടിലെ കോഫീഹൌസിൽ [illegible] കൂടാറുള്ളതുപോലെ ഒത്തുചേരുന്ന ഒരുപാട് ഹോട്ടലുകളുണ്ട്. അതിൽ എടുത്തുപറയാവുന്ന ഒന്നാണ് ലോഡ്സ് റെസ്റേറാറണ്ട്. ചാവക്കാട്ടുകാരായ മുഹസ്സിനും അബുബക്കറും കൂടി നടത്തുന്ന ഈ ലോഡ്സ് റെസ്റ്റോറൻട് ഇന്നു പല മലയാളി സുഹൃത്തുക്കളുടേയും ഒരു സങ്കേതസ്ഥാനമായി മാറിയിരിക്കയല്ലേ എന്ന് ഞാൻ സംശയിക്കുന്നു.

ചിട്ടയോടെ അന്തസ്സായ രീതിയിൽ വൃത്തിയായി നടത്തുന്ന വിശാലമായ ചന്തയിൽ ഏതു വലിയ കൊലക്കൊമ്പനും ബാഗ് തൂക്കിപ്പിടിച്ചുനടക്കുന്നതു് കാണാം. കേരളത്തിൽ കിട്ടുന്ന മിക്കതും ഇവിടേയും കിട്ടുന്നു. പച്ചക്കറിക്ക് അല്പം വിലകൂടുതലാണെന്നു മാത്രം. വില കൂടിയാലും സാധനം കിട്ടുന്നുണ്ടല്ലേ. അതുതന്നെ ഒരു വലിയ കാര്യമല്ലേ.

ദുബായ് നഗരത്തിന്റെ ജീവനാഡിയാണ് ഇവിടത്തെ CREEK. പ്രശാന്തരമണീയമായ ഒരു കൊച്ചുകടൽതന്നെ. സ്വിമ്മിങ്ങ് പൂളിലേതു പോലത്തെ സ്ഫടികസദൃശമായ ഇളം നീലനിറമുള്ള ജലം. ധാരാളം ലോഞ്ചുകളും കപ്പലുകളും സദാനേരവും ഉണ്ടായിരിക്കും. മീതെ പാലമുണ്ട്. വെള്ളത്തിന്നടിയിലൂടെയും റോഡുണ്ട്. ഇത്തരം ടണൽറോഡ് ഒരത്ഭുതപ്രതിഭാസമാണ്! ഈ രണ്ട് ഉപാധിക്കും പുറമെ ആളുകൾ ചെറിയ ബോട്ടുകളിൽ ഇരുപത്തഞ്ചു ഫിൽസ് കൊടുത്തു് മറുകരയിലേക്കു പോകുന്നു. നയനാനന്ദകരമായ കവിത ഓളം തല്ലുന്ന ഒരു മോഹനദൃശ്യമാണതു്. പേരുകേട്ട പല ബീച്ചുകൾക്കും ഇല്ലാത്ത ഒരു പ്രത്യേകമിഴിവ് ഈ കാഴ്ചയ്ക്കുണ്ട് എന്ന് ആരും സമ്മതിച്ചുപോകും.

കടലിൽ അനുമതിയും കാത്ത് അറുപതും എഴുപതും കപ്പലുകൾ എപ്പോഴും കാണാം. ആകാശത്തുകൂടെ തലങ്ങും വിലങ്ങും വിമാനങ്ങൾ, ഹെലികോപ്ടറുകൾ. റോഡിൽ കാറുകളുടെ നോട്ടമെത്താത്ത ഘോഷയാത്ര. മായാജാലം കൊണ്ടെന്ന പോലെ ഉയർന്നുകൊണ്ടിരിക്കുന്ന കൂററൻ കെട്ടിടങ്ങൾ. കണ്ണുകൾ എങ്ങും സജീവമായ രംഗങ്ങൾക്കു മാത്രം സാക്ഷ്യം വഹിക്കുന്നു.

രാത്രികളിൽ എല്ലായിടത്തും വെളിച്ചം തന്നെ. സയ്യാറ (കാറ്) നിർത്തി ഷോപ്പിങ്ങിനുപോകുന്ന അറബികൾ പലരും എഞ്ചിൻസ്വിച്ച് ഓഫ് ചെയ്യാറില്ല! അവശിഷ്ടപദാർത്ഥങ്ങൾ ദിവസേന നീക്കം ചെയ്യുന്നു. ആവശ്യത്തിൽക്കവിഞ്ഞ ഭക്ഷണപദാർത്ഥങ്ങൾ കുന്നുകൂടിക്കിടക്കുന്നതു് മുനിസിപ്പാലിററി ജോലിക്കാർ കത്തിച്ചുകളയാൻ കൊണ്ടുപോവുന്ന കാഴ്ച, ഞാൻ അമ്പരപ്പോടെനിന്നു നോക്കിയിട്ടുണ്ട്. അപകടത്തിന്നിരയായ തകർന്ന കാറുകൾ നേരെയാക്കുന്ന പ്രശ്നമില്ല. അവ ഉപേക്ഷിക്കപ്പെടുന്നു! പഴയ കെട്ടിടങ്ങൾ ഒന്നുരണ്ടു ദിവസംകൊണ്ട് നിരപ്പാക്കി മാററുന്ന വിദ്യ രസകരമാണ്. രണ്ടുമൂന്നുമാസത്തിനുള്ളിൽ തൽസ്ഥാനത്തു് ഒരുവലിയകെട്ടിടം ഉയർന്നുകഴിഞ്ഞിട്ടുണ്ടാകും. നമ്മുടെ നാട്ടിൽ ഇതുമാതിരി ഒരു ബിൽഡിങ്ങ് പൊളിക്കാനും പണിയാനും രണ്ടുകൊല്ലം സമയമെടുക്കുമെന്ന് തോന്നുന്നു. ഏററവും നവീനമായ യന്ത്രങ്ങൾകൊണ്ട് കാണിക്കുന്ന ഇന്ദ്രജാലപ്രവർത്തനങ്ങൾ എന്നല്ലാതെ എന്തുപറയാനാണ്.

കുറെമാസങ്ങളായി ക്രീക്കിൽ "ബോൺ വൈവാന്ത്"" എന്ന പടുകൂററൻ കപ്പൽ വന്നുകിടക്കുന്നുണ്ട്. കടലിൽ ഹോട്ടൽ പണിയുന്നതിന് എളുപ്പമാർഗ്ഗം കണ്ടുപിടിച്ചതാണ്; ഒരു വലിയ കപ്പൽ. അതു് ഒരു ഉഗ്രൻ ഹോട്ടൽ ആണ്. അവിടെ എല്ലാ സുഖഭോഗങ്ങളും ഉണ്ട്. അറബികളുടെ പണം വന്നുവീഴാൻ വല്ല വിഷമവുമുണ്ടോ? ഏതായാലും ആ കപ്പൽ നിർമ്മിച്ച് പ്രതിഭാശാലി, വാഴ്ത്തപ്പെടേണ്ടവൻതന്നെ.

കാറ്, ടെലിവിഷൻ, ക്യാമറ, വാച്ച്, റേഡിയോ തുണിത്തരങ്ങൾ എന്നിങ്ങിനെ പറയാൻ തുടങ്ങിയാൽ ആ പട്ടിക വളരെ നീണ്ടുപോകും. എല്ലാം സുലഭമായ കടകൾ സർവ്വത്ര കാണാം. രണ്ടുലക്ഷം രൂപ വിലയുള്ള വാച്ചും മുപ്പതിനായിരം രൂപ വിലമതിപ്പുള്ള സിഗരററ്ലൈററും അഞ്ഞൂറുരൂപ വിലവരുന്ന സോപ്പും ഇവിടത്തെ അങ്ങാടിയിലുണ്ട്. നാട്ടിൽ പോകുന്നവർ അബുദാബിയിൽനിന്നുപോലും ദുബായിലേയ്ക്ക് വരും, സാധനങ്ങൾ വാങ്ങാൻ. കേരളീയരുടെ പ്രിയങ്കരങ്ങളായ പല പീടികകളുണ്ട്. കോടിക്കണക്കിന്നു രൂപ വിലപിടിപ്പുള്ള വിദേശസാമഗ്രികൾ ഉണ്ടവിടങ്ങളിൽ. മുമ്പുകാലത്ത് വന്ന മലയാളികൾ സ്ഥാപിച്ചവയാണിവ. തഹാനിസ്റ്റോർസ്, അൽഹഫ്സർ ടെക്സ്റ്റോറിയം എന്നിങ്ങനെയുള്ള ഒട്ടേറെ ഷോപ്പുകളിലെ സാധനങ്ങളാണ് നാട്ടിൽ കസ്റ്റംസിൽനിന്നും രക്ഷപ്പെട്ട് നിങ്ങളുടെ അടുത്തു് എത്തുന്നവയിൽ അധികവും. ഷോപ്പുടമകളായ അബൂബക്കറും അലി സാബിരിയും ഹാജിയും ഒക്കെ ഇവിടെ "പെരിയ സ്വാമിക"ളാണ്, സുപരിചിതരും. സ്വർണ്ണക്കടകളുള്ള ഒരു പ്രത്യേക തെരുവുതന്നെ ഉണ്ട്; സോനാബജാർ. മിക്കരാജ്യങ്ങളിലേയും കറൻസിനോട്ടുകൾ കിട്ടുന്ന Money exchangeകൾ തെരുവുകളിൽ ഉണ്ട്. കേരളത്തിലെ പട്ടണങ്ങളിലെ എണ്ണിയാലൊടുങ്ങാത്ത പെട്ടിക്കടകൾപോലെ അത്ര എണ്ണക്കൂടുതലാണ് തുന്നൽക്കടകൾ. ഒരു നല്ല ടെയ്ലർ ആദരണീയനും സമ്പന്നനുമായിരിക്കും. ടെയിലർ ജോലിക്ക് അത്ര ഡിമാഡ് ആണ്. ടെയ്ലർ, വെൽഡർ, എലക്ട്രീഷ്യൻ, ഡ്രൈവർ, കുക്ക്, ചായക്കടക്കാരൻ എന്നൊക്കെ കേൾക്കുമ്പോൾ കേരളീയക്ക് നെററിചുളിയും. അവിടത്തെ ഗവർണ്ണറും ഹൈക്കോടതിജഡ്ജിയും കലക്ടറുമൊക്കെ വാങ്ങുന്ന ശമ്പളത്തെക്കാൾ എത്രയോ കൂടുതൽ വാങ്ങി ജീവിതം സുഖമായി നയിക്കുന്നവരാണ് മേല്പറഞ്ഞവർ എന്നറിയുമ്പോഴോ? കണ്ണുകൾ വികസിക്കുന്നില്ലെ ഇതാണ് ഗൾഫ്. ലോകത്തിൽ വെച്ച് ഏററവും കൂടുതൽ ശമ്പളവും വരുമാനവും കിട്ടുന്ന സ്ഥലവും ഗൾഫ്രാജ്യങ്ങളത്രെ.

ദുബായ്ലെ (അബുധാബിയോട്ട താരതമ്യപ്പെടുത്തുമ്പോൾ നിസ്സാരമാണ്) താമസപ്രശ്നം ഒരു കീറാമുട്ടിയാണ്. വളരെ കനത്ത വാടകയാണ് വസൂലാക്കുന്നതു്. ഒരു കൊല്ലത്തേയോ ആറുമാസത്തേയോ ഒന്നിച്ചുകൊടുക്കേണ്ടിവരുന്നു. ഇടത്തട്ടുകാരുടെ ശല്യം വേറെയും. ഒരു മിനിയേച്ചർ ബോമ്പെടൈപ്പ്ആയി വരുന്നോ എന്ന് ഞാൻ ശങ്കിക്കുന്നു. എല്ലാ ഫ്ളാററുകളിലും ആളുകൾ തിങ്ങിപ്പാർക്കുന്നു. ബന്ധുക്കൾ, സുഹൃത്തുക്കൾ, ആശ്രിതർ,

സന്ദർശകർഇവരെയെല്ലാംഅവഗണിക്കാനാവാതെ ഇവിടത്തെ മലയാളി ഞെരുങ്ങുകയാണ്. ആകയാൽ, Accomadation ന്റെ കാര്യമൊഴിച്ച് മററുസഹായത്തിനും ഇവിടെ ഉള്ളവർ തയ്യാറാവും. ദുബായിൽത്തന്നെ പല സ്ഥലങ്ങളുമുണ്ട്. ഡെയ്‌റ, മനാമ, മുറൂർ, റഷീദിയാ, ജുമെയ്‌റ, കിസ്സിസ്സ്, ജബലാലി, ഫ്രിജ്മൊറാർ, സത്‌വ, ഹോർലാഡ്സ് എന്നിങ്ങനെ ഈ പലസ്ഥലങ്ങളിലായി ആളുകൾ താമസിക്കുന്നു. സമ്പന്നവർഗ്ഗത്തിന്റെ ആസ്ഥാനമാണ് ജുമെയ്‌റ എന്നു പറയാം. കുട്ടികൾക്ക് പഠിക്കാൻ സൌകര്യങ്ങളുണ്ട്. ഇന്ത്യൻ ഹൈസ്കൂൾ, കേരളീയനായ മിസ്റ്റർ വക്കി സ്ഥാപിച്ച our own school എന്നിവ ഇവിടത്തെ ഇന്ത്യക്കാക്ക് വളരെ ഉപകാരപ്രദമാണ്. ക്രൈസ്തവപള്ളികൾ വരെ ഉണ്ടിവിടെ. ഷെയ്ക്കിന്റെ മതസഹിഷ്ണുതക്ക് ഇതില്പരം ദൃഷ്ടാന്തം വേണോ?

കലാ-സാംസ്കാരികരംഗങ്ങളിൽ ഇവിടത്തെ മലയാളിയുവാക്കൾ ഉത്സുകരാണ്. കഴിഞ്ഞയാണ്ടിൽ രൂപീകൃതമായ കൈരളി കലാകേന്ദ്രം ഈ രംഗത്ത് സജീവമാണെന്നറിയുന്നു. കായികരംഗത്തും മലയാളിയുണ്ട്. അബ്ദുൾസലാം ഈയിടെ ഈ മേഖലയിൽ കാര്യമായ കാൽവെപ്പുകൾ നടത്തുകയുണ്ടായി. നാടകമത്സരങ്ങൾ, ഗാനമേളകൾ, സാഹിത്യ ചർച്ചകൾ എല്ലാമെല്ലാമുണ്ട്. അടുത്തു നടന്നേക്കാവുന്ന ഒരു വലിയ പരിപാടി ഉദ്ഘാടനം ചെയ്യാൻ രാമു കാര്യാട്ട് എത്തുമെന്ന് പ്രതീക്ഷിക്കുന്നു. ഇവിടത്തെ പരിപാടികൾക്കൊന്നിനും ഒരു Perfection വന്നുകാണുന്നില്ല. അതിന് ആരെയും കുററംപറഞ്ഞിട്ട് കാര്യമില്ലതാനും. പരിമിതമായ വളരെ പരിമിതമായ സമയപരിധികളിൽനിന്നുകൊണ്ടുള്ള കളിയേ ഇവിടെ നടത്താനൊക്കൂ. സാമ്പത്തികമായി ധാരാളിത്തംകാട്ടാനും വയ്യ. നാട്ടിലെ ഗ്രാമത്തിലെ ചെറിയ വീട്ടിനുള്ളിൽ ഒതുങ്ങിക്കൂടുന്ന കുടുംബം കൺമുന്നിൽ കാണുമ്പോൾ പണം ദുർവ്യയം ചെയ്യാൻ ആർക്കും മനസ്സുവരില്ല എന്നതാണ് പരമാർത്ഥം. ആണ്ടിലൊരിക്കൽ സ്വദേശത്തുവന്ന് പണവും പകിട്ടും പരിമളവുമായി പരിലസിക്കുന്ന "പേർഷ്യക്കാരൻ," ഇവിടെ അദ്ധ്വാനിച്ച് അടങ്ങിഒതുങ്ങി കഴിയുന്നവനാണ് എന്നോർക്കണം. മലയാളസിനിമാലോകത്തെ പ്രസിദ്ധരായ ശോഭന പരമേശ്വരൻനായർ, പ്രേംനവാസ്, ശങ്കരൻനായർ, എൻ. പി. മുഹമ്മദ് എന്നിവർചേർന്ന് നിർമ്മിക്കുന്ന "വെള്ളത്തകുതിര" യു. എ. ഇയിൽ ചിത്രീകരണം ചെയ്യാനുള്ള ശ്രമങ്ങൾ ഇവിടെ ഏതാണ്ട് പൂർത്തിയായിക്കഴിഞ്ഞു. അവിടത്തെ തയ്യാറെടുപ്പുകൾ ചില സാങ്കേതികത്തകരാറുകളുടെ നൂലാമാലകളിൽനിന്നും തലയൂരിക്കിട്ടുകയേ വേണ്ടൂ. ശ്രമം വിജയിച്ചാൽ ഇവിടെയും നാട്ടിലും അതൊരു "സംഭവ"മായിരിക്കും, സംശയമില്ല.

തഹാനിസ്റ്റോഴ്സ് — ഫോറിൻ സാധനങ്ങൾ ഇവിടെ നിന്ന് യാത്ര ആരംഭിക്കുന്നു



നേരേ കാണുന്നതു് ബ്രിട്ടീഷ് ബാങ്ക് ഓഫ് ദി മിഡിൽ ഈസ്റ്റ്.
വലതു് ഫിനീഷ്യാഹോട്ടൽ. നടുവിൽ അൽനാസർ പാർക്ക്.

ഇന്നാട്ടുകാരായ അറബികൾ നല്ലവരാണ്. ദുബായ് ഭരണാധിപനായ ഷെയ്ക്ക് റഷീദ് വിശാലഹൃദയനും സ്നേഹസമ്പന്നനും ഭരണനിപുണനുമാണ്. ഇന്ത്യക്കാരോട്ട് അദ്ദേഹത്തിനുള്ള മമത സുവിദിതമാണ്. ജബലാലി എന്ന സ്ഥലത്ത് ഒരു ആധുനികനഗരത്തിന് ജന്മം നൽകിവരുന്നതിൽ ഷെയ്ക്ക് ബദ്ധശ്രദ്ധനായിക്കാണുന്നു. പട്ടക്കുററൻ വിമാനത്താവളം തുറമുഖം, കച്ചവടകേന്ദ്രങ്ങൾ, ബാങ്കുകൾ തുടങ്ങി പലതും രൂപംകൊണ്ടുവരികയാണ്. 1980 ൽ പണി പൂർത്തിയാവുമെന്നാണ് പ്രതീക്ഷ. വൃത്തിയും വെടിപ്പുമുള്ള തെരുവീഥികൾക്കു നടുവിൽ ചോലമരങ്ങളും പുല്ലുടർപ്പും ചെടികളുമുണ്ട്. മനോഹരമായ പാർക്കുകൾ, മ്യൂസിയം എന്നിവ നഗരത്തിന് മാററുകൂട്ടുന്നു. റോഡപകടങ്ങൾ സാധാരണമാണ്; ടെലിവിഷൻ ക്യാമറകളും വയർലെസ്സ് സജ്ജീകരണങ്ങളും കരുതി ജാഗരൂകരായ പോലീസ്സുകാർ ഉണ്ടായിട്ടുകൂടി. എന്നാലും ദുബായ് പോലീസ്സിന്റെ കാര്യക്ഷമമായ പ്രവർത്തനം മാതൃകാപരമായിട്ടാണ് എനിക്ക് തോന്നിയിട്ടുള്ളത്. പോസ്റ്റൽഡിപ്പാർട്ടുമെന്റ് ഇനിയും പുരോഗമിക്കേണ്ടിയിരിക്കുന്നു. വളരെ മുമ്പേ അന്താരാഷ്ട്രകച്ചവടകേന്ദ്രമായി മാറിയ ദുബായ്, അഭിവൃദ്ധിയിലൂടെ



ദുബായിലെ ടവ്വർക്ലോക്ക്

മുന്നോട്ടുള്ള ത്വരിതമായ പ്രയാണം തുടരുകയാണു്.

ദുബായ് എന്ന കാരുണ്യമയിയായ ദേവിക്ക് കാളീസദൃശമായ നിണദാഹിയായ മറെറാരു മുഖമുണ്ടു്. ജയിൽശിക്ഷ അനുഭവിക്കുന്നവർ, കുതന്ത്രങ്ങളിൽ ഏർപ്പെടുന്നവർ, ശരിയായ രേഖകളില്ലാതെ ഇവിടെ എത്തിപ്പെട്ടവർ, ജോലിയില്ലാത്തവർ എന്നിവരുടെ ദൃഷ്ടിയിൽ ദുബായ് ഭയാനകമായിരിക്കും. സഹതാപമർഹിക്കുന്ന വേറൊരു വർഗ്ഗമുണ്ടു്. contracting company കളുടെ ലേബലിൽ ഗ്രൂപ്പ് എൻ. ഓ. സി യുടെ കാന്തവലയത്തിലകപ്പെട്ടു് ബോംബെയിൽനിന്നിവിടെ എത്തുന്നവർ. തുച്ഛശമ്പളം കഠിനമായ ജോലി, ടെൻറുകളിൽ താമസം, സ്വാതന്ത്ര്യമില്ലായ്മ എന്നീ ചുററുപാടിൽ ജീവിക്കാൻ ദയനീയമാംവിധം നിർബ്ബന്ധിതരാകുന്ന ആയിരക്കണക്കിനു് ഇന്ത്യക്കാർ (അവരിൽ നല്ലൊരുശതമാനം കേരളീയരാണു്) ഉണ്ടിവിടെ. അവർക്കിവിടം നരകമാണു്. എങ്ങിനെയെങ്കിലും നാട്ടിലൊന്നെത്തിക്കിട്ടിയാൽ മതി എന്ന ഒരൊററ ആശയേ അവരിൽ അവശേഷിപ്പുള്ളൂ. അദ്ധ്വാനത്തിൻെറ മുഖമുദ്രകളുമായി ചില ഒഴിവുദിവസസായാഹ്നങ്ങളിൽ പാർക്കിലൂടെ ശുദ്ധവായു അന്വേഷിച്ചലയുന്ന ഇവരെ കണ്ടാൽ പെട്ടെന്നു് തിരിച്ചറിയും. അറബികൾ ഇവരെ നോക്കി സ്വയം പറയുന്നതു് കേൾക്കാം! "ഷൂഹാദാ! കുല്ലു ഹിന്ദി മിസ്കിൻ" (എന്താ ഇതു്, മുഴുവനും പാവങ്ങളായ ഇന്ത്യക്കാർ) ഇതിനകംതന്നെ നാട്ടിൽ കുപ്രസിദ്ധി കിട്ടിക്കഴിഞ്ഞ എൻ. ഓ. സി. കെണിയിൽപ്പെട്ടു് ഹതാശരായ ചെറുപ്പക്കാർ, ഏതുവിധമെങ്കിലും ദുബായിൽ എത്തിയാൽ മതിയെന്നു കരുതുന്നു. Agreement N. O. C യിൽ അകപ്പെടുന്നു. അമിതലാഭമോഹികളായ ചില കമ്പനികൾ ബോംബെയിൽനിന്നു് എഗ്രിമെൻറു്വഴി ഡ്രൈവർമാരെ കൊണ്ടുവരും. സുമാർ ആയിരം രൂപ ശമ്പളം കൊടുത്താലായി, അത്രതന്നെ അതേ സ്ഥാനത്തു് ഒരു ഡ്രൈവർക്കിവിടെ കിട്ടുന്ന അർഹവും ആകർഷണീയവുമായ വരുമാനം നേരത്തെ പറഞ്ഞിട്ടുണ്ടല്ലോ.

മസ്ക്കട്ടിൽനിന്നും കരവഴി ആയിരം ദിർഹം കൈക്കൂലികൊടുത്തു് അതിർത്തികടന്നു് മലകളും മരുപ്പരപ്പും താണ്ടി ഇവിടെ എത്തുന്നവരും ഉണ്ടു്. ദുബായ് എന്ന സ്വർഗ്ഗഭൂമിയെ സ്വപ്നംകണ്ടു് ചെയ്യുന്ന സാഹസങ്ങൾ! പ്രിയപ്പെട്ട ചെറുപ്പക്കാരേ, നിങ്ങൾ ഗൾഫിലേക്കു് വരുന്നുണ്ടെങ്കിൽ വളരെ വിശ്വസ്തരായ ബന്ധുക്കളുമായി ബന്ധപ്പെട്ടതിനുശേഷം അവരുടെ നിർദ്ദേശാനുസരണം നിയമാനുസൃതമായ രീതിയിൽ മാത്രം വരിക കള്ളലോഞ്ച് ഏജൻറുമാരുടേയും കൃത്രിമ എൻ ഓ സി കച്ചവടക്കാരുടേയും വലയിൽ കുടുങ്ങല്ലേ. യാതനാപൂർണ്ണമായ കടൽയാത്ര, ഭാഗ്യംമൂലം വിജയിച്ചാൽത്തന്നെയും, ഖോർഫക്കാൻ കുന്നുകളുടെ അടിവാരത്തിലാവും നിങ്ങൾ നിക്ഷേപിക്കപ്പെടുക. ഒരു മനുഷ്യജീവിയെ കാണുന്ന സ്ഥലത്തെത്താൻ ഭാഗ്യമുണ്ടാവുമെന്നു് യാതൊരുറപ്പും കരുതരുതു്. കാവൽപോലീസുകാരുടെ തോക്കിന്നിരയായ ശവങ്ങൾ ആ തീരപ്രദേശങ്ങളിൽ പൊന്തിക്കിടന്നതായ റിപ്പോർട്ടുകൾ വിസ്മരിക്കാനുള്ളതല്ല. നാട്ടിൽ സാമാന്യം തെററില്ലാത്ത രീതിയിൽ കഴിയാമെങ്കിൽ, പിന്നെ, എന്തിനീ വിദേശത്തേയ്ക്കു വരാൻ കൊതിക്കുന്നു? ചില പ്രത്യേക സാഹചര്യങ്ങളുടെ സമ്മർദ്ദം സഹിക്കാനാവാതെ നാടുവിടുന്നവരാണധികവും. അതു് മനസ്സിലാക്കാം. "നിങ്ങൾ പിന്നെ എന്തിനുപോന്നു?" എന്ന എന്നോടുള്ള ചോദ്യം. ഞാൻ കേൾക്കുന്നുണ്ടു്.

— എന്നോടൊത്തു് ഒരേ ബെഞ്ചിലിരുന്നു് നിയമം പഠിച്ചവർ എം. എൽ. ഏയും എം പി യും എന്തിനു് മന്ത്രിവരെ ഉണ്ടു് നാട്ടിൽ. സുഹൃത്തുക്കളായ മുതലാളിമാരും മാനേജിങ്ങ് ഡയറക്ടർമാരുമുണ്ടു്. അവിടെ. അർഹതയും യോഗ്യതയും പരിചയവും ഉണ്ടായിട്ടുകൂടി ഒരു ഉദ്യോഗം എനിക്കു് നൽകാൻ ഇവർക്കാർക്കും കഴിഞ്ഞില്ല. അങ്ങിനെ ആത്മഹത്യയേക്കാൾ ഭേദം അദ്ധ്വാനമാണെന്നു് തീരുമാനിച്ചു് നാടുവിട്ടതാണു്, ഞാൻ. നാളെ നാട്ടിൽ വരുമ്പോഴെങ്കിലും. നിങ്ങൾ ഒരു ജോലി എനിക്കു് ശരിപ്പെടുത്തിത്തരണേ എന്നു് ആത്മാർത്ഥമായി അപേക്ഷിക്കുകയാണു്,

അൽനാസ്സിനാത് എന്ന അറബി നാടോടിനൃത്തം



ഭരണാധികാരികളുടെ ആസ്ഥാനകേന്ദ്രം

ഞാൻ. ഒന്നും തരപ്പെട്ടില്ലെങ്കിൽ, വളർന്നു വരുന്ന എന്റെ കുട്ടികൾക്കെങ്കിലും ഉപകാരം ചെയ്താൽ ഞാൻ സംതൃപ്തനായിരിക്കും. ഇതു് എന്റെമാത്രം അനുഭവമല്ല, ആയിരങ്ങളുടെ കഥയാണു്. "യാത്രയ്ക്കിടയിൽ" എം. ടി. പറഞ്ഞതുപോലെ ഇവിടെ "ഞാൻ" വന്നതു്, അനേകങ്ങളിൽ നേരിട്ടനുഭവമുള്ള ഒരു ഉദാഹരണമായി സൂചിപ്പിക്കാൻ മാത്രമാണു്. ദയവായി ക്ഷമിക്കുക.

ദിബാ എന്ന അറബിവാക്കിൽ നിന്നും ആണു് ദുബായ് ഉണ്ടായതു്. 18-ാം നൂററാണ്ടോടുകൂടി ഇതിന്റെ ചരിത്രം ആരംഭിക്കുന്നുവെങ്കിലും ബി. സി. നാലാം നൂററാണ്ടിൽത്തന്നെ അലക്സാണ്ടറുടെ പട്ടാളമേധാവികൾ ഇവിടം കൈയടക്കിയിരുന്നു. പോർച്ചുഗീസും പേർഷ്യയും ഇവിടങ്ങളിൽ ഉണ്ടായിരുന്നെങ്കിലും അധീശത്വം സ്ഥാപിക്കാൻ അവർക്കു കഴിയാതെ പോയി. റാസൽഖൈമ ആസ്ഥാനമായി കഴിഞ്ഞിരുന്ന ക്വാസിമിഷെയ്ക്കിന്റെ സ്വാധീനമായിരുന്നു ഏററവും ശക്തം. അതാകട്ടെ 1747 ൽ നാദിർഷായുടെ മരണത്തോടുകൂടിയായിരുന്നുതാനും. ബെനിയാസ് എന്ന വംശം ഉൾപ്രദേശങ്ങളിൽ നിന്നും ക്രമേണ തീരപ്രാന്തങ്ങളിലെത്തി 18-ാം നൂററാണ്ടിന്റെ അവസാനഘട്ടത്തിൽ ആധിപത്യം നേടി. ആ സ്ഥലങ്ങളാണു് ഇന്നു് അബുദാബി, ദുബായ് എന്നീ പേരുകളിൽ അറിയപ്പെടുന്നതു്. കിഴക്കുനിന്നും പടിഞ്ഞാറുനിന്നും വരുന്ന കപ്പലുകൾ ആർത്തിയോടെ ലക്ഷ്യമാക്കി അവർ കഴിഞ്ഞുകൂടി. 1820 ഓടെ ബ്രിട്ടീഷുകാർ പ്രാദേശികവംശജരുമായി സന്ധിയിലെത്തിയതോടെ ക്വാസിമിവംശം ദുർബ്ബലമായിത്തുടങ്ങി ബ്രിട്ടീഷ് സഹായം ആരംഭിച്ചു. 1836 ൽ ഷെയ്ക് മക്തൂം വന്നതോടെ ധീരമായ നേതൃത്വം കൈവന്നു. 1912 ൽ ഇപ്പോഴത്തെ ഷെയ്ക്കിന്റെ പിതാവായ ഷെയ്ക് സായിദ് ഭരണമേറെറടുത്തു. സംഭവബഹുലവും പ്രശംസനീയവുമായിരുന്നു, അദ്ദേഹത്തിന്റെ വാഴ്ചക്കാലം. ഇന്നത്തെ ദുബായുടെ വളർച്ചയ്ക്കും ഔന്നത്യത്തിനും അസ്തിവാരമിട്ടതു് ഷെയ്ക് സായിദ് ആയിരുന്നു. 1958 ൽ ഷെയ്ക് റാഷീദ് സ്ഥാനാരോഹണം ചെയ്തു. മുൻഗാമിയെപ്പോലും അതിശയിക്കുന്ന ഭരണസാമർത്ഥ്യമാണു് ഷെയ്ക് റാഷീദ് പ്രദർശിപ്പിച്ചതു്. പിന്നീടു് കാണുന്നതു് വെച്ചടിവെച്ചുള്ള കയററമാണു്. 1966 ജൂൺ 6-ാം തീയതിയാണു് മുന്തിയതരം എണ്ണ കണ്ടെത്തിയതു്. എണ്ണയില്ലെങ്കിൽത്തന്നെയും ദുബായ്ക്കു് ഒരു കുഴപ്പവും വരാനില്ല. അതിനു മുമ്പെതന്നെ ശക്തമായ കെട്ടുറപ്പുള്ള സമ്പദ്‌വ്യവസ്ഥ സ്ഥാപിതമായിക്കഴിഞ്ഞിരുന്നു. വ്യാപാരവിദ്യയുടെ വെമ്പാലമൂർഖന്മാർ ഉണ്ടിവിടെ. നാട്ടിൽ മുഴത്തിന്നു് മുഴത്തിനു് കാണുന്ന ചായക്കടകളെപ്പോലെ അത്ര അധികം ബാങ്കുകൾ (അതീവ മോഹനമായ സൌധങ്ങളാണിവ) ഉണ്ടു് ഇപ്പോൾ. ഒരിന്ത്യൻ ബാങ്കും മരുന്നിനുണ്ടു്, ബാങ്ക് ഓഫ് ബറോഡ.

ദുരുദ്ദേശം വെച്ചു് അടുക്കുന്നവനെ നിഷ്കരുണം വകവരുത്താനും, സ്നേഹവായ്പോടെ ഉദ്ദേശശുദ്ധിയോടെ വരുന്നവനെ താലോലിക്കാനും സന്തുഷ്ടനാക്കാനും തന്റേടമുള്ള ബായിയെ, ഞാൻ, സുന്ദരി എന്നു വിളിച്ചോട്ടെ. കാമുകിയും ഭാര്യയും അമ്മയും ഒക്കെയായ പ്രൌഢയായ സ്ത്രീ. ഭാരതീയ സംസ്കാരം രക്തത്തിൽ ഉള്ള ദുബായ് നിവാസിയായ ഒരു ഇന്ത്യൻപൌരൻ, സ്നേഹാദരങ്ങളോടെ അവരെ അനുസ്മരിച്ചാൽ, അതിൽ ഔചിത്യഭംഗിയുണ്ടെന്നും, ഞാൻ വിശ്വസിക്കുന്നു.

(അവസാനിച്ചു)

നിത്യജീവസന്ദായകമായ അപ്പം

"ഞാനാകുന്നു സ്വർഗ്ഗത്തിൽനിന്നിറങ്ങിയ ജീവന്റെ അപ്പം. എന്റെ പക്കൽ വരുന്നവനു് വിശക്കയില്ല. എന്നിൽ വിശ്വസിക്കുന്നവനു് ദാഹിക്കയുമില്ല. ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ നൽകുന്ന അപ്പം എന്റെ ശരീരംതന്നെയാണു്. എന്റെ ശരീരം ഭക്ഷിക്കുകയും രക്തം പാനംചെയ്യുന്നവനു് നിത്യജീവിതമുണ്ടു്. അന്ത്യനാളിൽ ഞാനവനെ ഉയിർപ്പിക്കും. എന്റെ മാംസം ഭുജിക്കയും രക്തം പാനംചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കും.

— യേശുക്രിസ്തു

ഒൻപതു്

കൊളാബാവാല

റഡ് ഏരിയയ്ക്കു വെളിയിലുള്ള ഒരു പോഷ് ഹോട്ടലിൽ ഞങ്ങളെത്തിച്ചേർന്നു. മനോഹാരിയായ ഒരു പെൺകുട്ടി വാതിൽ തുറന്നു. പോളിഷുചെയ്ത ഇടനാഴിയിലൂടെ അവൾ ഞങ്ങളെ ഒരു വലിയ മുറിയിലേക്കു നയിച്ചു. എന്നാൽ മുറിയിലേക്കു കടക്കുന്നതിനുമുമ്പ് ഏകദേശം മുപ്പത്തിയഞ്ചുവയസ്സുതോന്നിക്കുന്ന മാഡത്തെ (madam) ഞങ്ങൾ കണ്ടുമുട്ടി— ആകർഷണീയയും ഏററവും നന്നായി വസ്ത്രധാരണം ചെയ്തവളുമായ ഒരുവൾ.

അവളുടെ പേരു്?

അതു നിങ്ങൾക്കറിയണമെന്നുണ്ടോ?

അവളെ നമുക്കു "മാഡംമുംതാസ്" എന്നുവിളിക്കാം. ഇതവളുടെ ശരിയായ പേരാവാം; അല്ലായിരിക്കാം. ഞാനതിവിടെ പറയുന്നില്ല.

ബോംബെയിലെ ചുവന്നതെരുവിലെ കഠിനഹൃദയരായ പ്രായംചെന്ന ഘർവാലികളെപ്പോലെയല്ല മാഡംമുംതാസ്. അവൾ ഇപ്പോഴും പുരുഷന്മാരെ മോഹിപ്പിക്കാൻ കഴിവുള്ളവളാണു്. എല്ലായ്പ്പോഴും അവളുടെ മുഖത്തു് രാജകീയമായ ഒരു പുഞ്ചിരി പൊട്ടിവിടർന്നിരുന്നു. അവളെ കണ്ടാൽ ഉന്നതകുലജാതയാണെന്നു തോന്നും. അതിനാൽ ആരുമവളെ ബഹുമാനിച്ചുപോകും. ആകർഷണീയയും ഉദാര

മതിയുമായ ഒരു പ്രൗഢ. മറ്റുള്ളവരുടെ കൈകളിൽ വൃത്തികെട്ട ഒന്നായിത്തീരാവുന്ന ഒരു ബിസ്സിനസ്സിൽ സന്മനോഭാവത്തിന്റെ അന്തരീക്ഷവും രീതിയും കൊണ്ടുവരാൻ കഴിഞ്ഞവൾ.

മാഡം മുംതാസിന്റെ കേളീഗൃഹത്തെപ്പറ്റിയുള്ള (fun flat) എന്റെ ആദ്യപ്രതികരണം അത്തരത്തിലൊന്ന് ഇന്ത്യയിലെ എല്ലാപട്ടണങ്ങളിലും, — അല്ല, ലോകത്തിലെ എല്ലാപട്ടണങ്ങളിലും— ഉണ്ടായിരുന്നെങ്കിലെന്ന് ആശിച്ചുപോവലായിരുന്നു. ഇപ്പോൾ ഞാൻ വിചാരിക്കുന്നത് എല്ലാ ഇന്ത്യൻ പട്ടണങ്ങളിലും ഒരു മാഡംമുംതാസിനെ സൃഷ്ടിക്കാൻ കഴിയാത്തത് ഇന്ത്യൻപുരുഷന്മാരെ സംബന്ധിച്ചിടത്തോളം അനുകമ്പാർഹമായ ഒരു കാര്യമാണെന്നുള്ളതാണ്. ഇതെന്റെ ഭാവനയോ മാഡംമുംതാസിന്റെ ഇടപാടുകാർ വിശ്വസിക്കുന്നതുപോലെ ഒരു യാഥാർത്ഥ്യമോ എന്നെനിക്കറിഞ്ഞുകൂടാ. എന്നാൽ ഒരു കാര്യം സത്യമാണ്. മാഡംമുംതാസിന്റെ കേളീഗൃഹത്തിൽ ചെല്ലുമ്പോൾ തൊട്ടുനോക്കാവുന്ന ഒരു വസ്തുവെപ്പോലെ വായുവിൽപ്പോലും സെക്സ് അലിഞ്ഞുചേന്നിരിക്കുന്നതായി അനുഭവപ്പെടും. ഇതു മനസ്സിലാക്കാവുന്നതേയുള്ളൂ. മാഡംമുതാസിന്റെ കേളീഗൃഹം ഉയർന്ന ക്ലാസ്സിൽപെടുന്നു— വളരെവളരെ ഉയർന്ന ക്ലാസ്സിൽ.

പരിചയപ്പെടുത്തലിൽക്കൂടി മാത്രമേ ഇവിടെ പ്രവേശനം അനുവദിക്കാറുള്ളൂ. ആവശ്യമായ പരിചയപ്പെടുത്തൽ എനിക്കുണ്ടായിരുന്നു. ഓരോരുത്തക്കുമുള്ള പ്രവേശനഫീസ്— ആയിരം രൂപവീതം— കൊടുത്തതിനുശേഷം ഞങ്ങൾക്കു പ്രവേശനം അനുവദിക്കപ്പെട്ടു. ആയിരംരൂപ വളരെ കൂടുതലാണെന്നു നിങ്ങൾ കരുതിയേക്കാം. എന്നാൽ അതു വളരെക്കുറവായിട്ടാണു ബോംബെയിൽ കരുതപ്പെടുന്നത്. ആയിരത്തിയിരുന്നൂറും അതിലധികവും കൊടുക്കുന്നവരുണ്ടെന്നും പറഞ്ഞുകേട്ടിട്ടുണ്ട്. ഒരുപക്ഷേ, എന്റെ സുഹൃത്തുക്കൾ വിദേശനാണയത്തിൽത്തന്നെ പണം കൊടുത്തതുകൊണ്ടാവാം ഞങ്ങൾക്കു ഡിസ്ക്കൗണ്ട് അനുവദിച്ചത്.

ഇന്ത്യയിലെ— ഒരുപക്ഷേ ഏഷ്യയിലെതന്നെ— ഏറ്റവും ചെലവുകൂടിയതും മനോഹരവുമായ ബൂദ്വാ [boudoir = അന്തഃപുരം] എന്ന ബഹുമതി മാഡംമുംതാസിന്റെ കേളീഗൃഹത്തിനാണുള്ളത്.

പോഷ് പെ—എൻ—പ്ലെ—പാർലറിലേക്കു (Posh—play—n—play—parlour) നമുക്കൊന്നു ചെല്ലാം. അവിടത്തെ ചില കച്ചവടരഹസ്യങ്ങൾ നമുക്കു മനസ്സിലാക്കാം. ചില മിത്തുകൾ (myths) കള്ളമാണെന്നു തെളിയിക്കാം. ഒരു യാഥാർത്ഥ്യംകൂടി ബോദ്ധ്യപ്പെടാം—ആധുനികകേളീഗൃഹങ്ങൾ കുപ്രശസ്തങ്ങളോ പാപഗ്രസ്തങ്ങളോ അല്ല, പ്രത്യുത ആനന്ദകേന്ദ്രങ്ങളാണെന്നു യാഥാർത്ഥ്യം.

നമുക്ക് ഉള്ളിലേക്കു കടക്കാം. ഇപ്പോൾ എപ്പാർട്ടുമെന്റു തികച്ചും മനോജ്ഞമാണ്—തികച്ചും സ്വർഗ്ഗീയം. കയറിച്ചെല്ലുന്നത് മനോഹരമായ ഫോയറിയിലേക്കാണ്. (Foyer - കാണികൾക്കു ഇടവേളയിൽ വിശ്രമിക്കാനുള്ള സ്ഥലം) സ്വർണ്ണനിറത്തിലുള്ള വെൽവറ്റ് കർട്ടൻ നാലുവശവും തൂക്കിയിരിക്കുന്നു. പ്രധാനഹാൾ വളരെവലുതാണ്. ആധുനികരീതിയിലുള്ള രണ്ടുഫ്ലാറ്റുകളുടെ വലിപ്പം. മാർബിൾ തറയോടുകൾ, വളരെ കനമുള്ള കംബളങ്ങൾ, അതിഗംഭീരമായ ഷാൻഡെലീയർ Chandelier = മച്ചിൽ തൂക്കിയിട്ടിരിക്കുന്ന ബഹുമുഖമായ വിളക്കുതട്ടം). ഭിത്തിയിൽ നിറയെ കണ്ണാടി, എല്ലാം അനേകമടങ്ങായി കാണത്തക്കവിധമാണ് അതിന്റെ സംവിധാനം.

ഫർണിഷിംഗ് ഏറ്റവും അധുനാതനമാണ്. വിലയേറിയ സിൽക്കുകർട്ടൻ ജനാലകളിലും ബഡ്റൂമിലേക്കു നയിക്കുന്ന വാതിലുകളിലും തൂക്കിയിട്ടിരിക്കുന്നു.

“നമുക്കു ബഡ്റൂമിലേക്കു പോകാം!”

ഹേ, സുഹൃത്തേ. ഇത്ര ധൃതിവച്ചാലോ നിൽക്കൂ. ആഭിജാത്യവും അന്തസ്സും പുലർത്തൂ, നിർമ്മലവസ്ത്രം ധരിച്ച പെൺകിടാങ്ങളോടു സംസാരിക്കൂ. അവർ അന്തസ്സായി സംഭാഷണം നടത്തുന്നവരാണ്. തങ്ങളുടെ തൊഴിൽ സസൂക്ഷ്മം കൈകാര്യം ചെയ്യുന്നവരാണ്; ഒരു വെറും വേശ്യാഗൃഹമെന്നതിനേക്കാൾ ഉന്നതമായ ഒരു മോഡൽ ഏജൻസിയായി ഇത്തരമൊരു പ്ലഷർപാർലർ തോന്നിക്കുന്നതിൽ അത്ഭുതപ്പെടാനില്ല.

ഇത്തരം സ്ഥാപനങ്ങളിൽ പ്രവൃത്തിയെടുക്കുന്ന പെൺകുട്ടികൾ വസ്ത്രധാരണത്തിന്റെ കാര്യത്തിൽ വീട്ടുനിയമങ്ങൾ പാലിക്കണമെന്നാണ് വ്യവസ്ഥ. മുലകൾ തള്ളിച്ച് അദ്ധനഗ്നാംഗികളായി പ്രത്യക്ഷപ്പെടുന്ന ഒരുകൂട്ടം പെൺകുട്ടികളാണ് വേശ്യാലയത്തിലുള്ളതെന്ന ധാരണവെറും പഴഞ്ചനായിത്തീന്നു കഴിഞ്ഞു ഉയർന്ന ഗണത്തിൽപ്പെടുന്നഒരു വേശ്യാലയത്തിൽ ഇതു നിന്ദ്യമായി കണക്കാക്കപ്പെടുന്നു.

എത്ര വേഷങ്ങൾ എത്ര ഭാവങ്ങൾ ആരുടെ ഭാവത്തിനാണാവോ മുൻഗണന ലഭിക്കുക
ബോംബെയിലെ ചുകന്ന തെരുവിലെ ഒരു ദൃശ്യം

സാധാരണയായി പെൺകുട്ടികൾ സ്വയം തങ്ങൾക്കുള്ള വസ്ത്രങ്ങൾ തെരഞ്ഞെടുക്കുന്നു. അവനവന്റെ ആകാരഭംഗി വദ്ധിപ്പിക്കുവാനുതകുന്ന വസ്ത്രങ്ങൾ കണ്ടുപിടിക്കാൻ ഓരോരുത്തരും ശ്രദ്ധിക്കുന്നു. സാരി വേണ്ടവർക്ക് അതുധരിക്കാം. സൽവാറും കമ്മീസുമാണ് ഒരാൾക്കിഷ്ടമെങ്കിൽ അതുധരിക്കാം മനോഹരമായ തുടകളുള്ള യുവതികൾക്ക് ആവശ്യമുണ്ടെങ്കിൽ ഹോട്ട് പാന്റ്സ് ധരിക്കാം. ഹോട്ട് പാന്റ്സ് പുരുഷന്മാരെ ചൂടുപിടിപ്പിക്കുന്നു. കാരണം, നഗ്നമായ തുടകളുടെ പ്രദർശനം തന്നെ. അതിശയകരമായ ഒരു വസ്തുത, കാമപൂരണത്തിനു വേണ്ടി ചെല്ലുന്ന പുരുഷന്മാർ പെൺകുട്ടികളുടെ മുഖസൗന്ദര്യം ശ്രദ്ധിക്കാറില്ലെന്നുള്ളതാണ്. എന്നാൽ മുറിമൂക്കിയേയും കോങ്കണ്ണിയേയും പുരുഷൻ ഇഷ്ടപ്പെടുന്നുവെന്നല്ല ഇതിന്റെയർത്ഥം. അയാളെ സംബന്ധിച്ചിടത്തോളം മനോഹരസ്തനങ്ങളും ഉന്നതനിതംബങ്ങളും വഴപ്പിണ്ടിപോലുള്ള തുടകളും—ഈ ക്രമത്തിലാവണമെന്നില്ല—ആണ് കൂടുതൽ പ്രധാനം.

തന്റെ കിടക്കറ സഖിയുടെ പ്രായം ഇടപാടുകാരൻ പ്രത്യേകം ശ്രദ്ധിക്കുന്ന ഒരു കാര്യമാണ്. പത്തൊമ്പതിനും ഇരുപത്തിരണ്ടിനുമിടയ്ക്കുള്ള പെൺകുട്ടികളെയാണ് മിക്ക പുരുഷന്മാരും ഇഷ്ടപ്പെടുന്നത്. ഈ പ്രായപരിധി കഴിഞ്ഞവർക്ക് രണ്ടോ മൂന്നോ കൊല്ലംകൂടി പുരുഷന്മാരെ പറഞ്ഞു പറ്റിക്കാം. എന്നാൽ ഇരുപത്തിയെട്ടിലെത്തിയ ഒരുത്തിക്ക് ഒരിക്കലും ഇ



സ്ത്രീപുരുഷബന്ധത്തിനാധാരമായ ലൈംഗികവാസന ജന്മ
സിദ്ധമായതും മനുഷ്യന്റെ സകല സർഗശക്തികൾക്കും നി
ദാനമായ ആ വാസനയെപ്പററി സാമാന്യജനങ്ങളെ ബോധ
വാന്മാരാക്കുകയെന്ന ഉദ്ദേശത്തോടെ, വെല്ലൂർ ക്രിസ്ത്യൻ മെഡി
ക്കൽ കോളേജിലെ മനശ്ശാസ്ത്രവിഭാഗം കൈകാര്യം ചെയ്തി
രുന്ന **ശ്രീ. പി. എം. മാത്യു, വെല്ലൂർ** രചിച്ച
വിഖ്യാതങ്ങളായ 'അച്ഛാ ഞാൻ എവിടെനിന്നു വന്നു? 'കുമാരി
കുമാരന്മാരുടെ പ്രശ്നങ്ങൾ' 'കുടുംബജീവിതം' എന്നീ കൃതികൾ
സമാഹരിച്ച്, മനുഷ്യജീവിതത്തിലെ അതിപ്രധാനമായ
പ്രശ്നങ്ങൾക്ക് നാൽപതിൽപരം ആധികാരിക ഗ്രന്ഥങ്ങളുടേ
യും, അനവധി മനോരോഗ കേസ് ഡയറികളുടേയും വെളിച്ച
ത്തിൽ മനഃശാസ്ത്രജ്ഞനായ ലേഖകൻ നൽകുന്ന സമർത്ഥ
മായ മറുപടിയും വിശദീകരണങ്ങളും ഉൾക്കൊള്ളിച്ച പ്രസിദ്ധ
പ്പെടുത്തുന്ന മലയാളത്തിലെ ആദ്യത്തെ സമ്പൂർണ്ണഗ്രന്ഥം.

വില 30 രൂപ
ഓഫ്സെററ് അച്ചടിയിൽ
മനോഹരമായ
കളർ ചിത്രങ്ങളോടെ
1977 സെപ്ററംബർ 30 ന്
പ്രസിദ്ധപ്പെടുത്തുന്നു.

ബാല്യം
കൗമാരം
യൗവനം
വാർദ്ധക്യം

ഡമ്മി ⅛ സൈസ് മുഴ കാലിക്കോ ബയൻറിംഗ്.

പ്രീപബ്ളിക്കേഷൻ
സൗജന്യവില 18 രൂപ

തവണകളായി
20 രൂപ

പത്തുരൂപയോ, 18രൂപയോ അടച്ച് നിങ്ങളുടെ
കോപ്പികൾ ഉറപ്പുവരുത്തുക.

പ്രഭാത് ബുക്ക് ഹൗസ്
കേന്ദ്ര ഓഫീസ് തിരുവനന്തപുരം 695024
തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാ
ഏലൂർ, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്

രുപതുകാരിയാണു താനെന്നവകാശപ്പെടാൻ സാദ്ധ്യമല്ല. ആ വിദ്യ ഫലിക്കുകയുമില്ല

മുപ്പതുകളുടെ മദ്ധ്യം കഴിഞ്ഞവരും നാല്പതുകളിൽ കാലുകുത്തി നിൽക്കുന്നവരും അല്പം പ്രായം കൂടിയ പെൺകുട്ടികളാണെങ്കിലും കാര്യമാക്കാറില്ല. നല്ല വ്യക്തിത്വവും സൗന്ദര്യവുമുള്ളവരാണെങ്കിൽ മുപ്പത്തു കഴിഞ്ഞവരേയും അത്തരക്കാർ ഇഷ്ടപ്പെടുന്നു.

പലർക്കും പലവിധത്തിലുള്ള സുഖസൗകര്യങ്ങളാണ് ഒരു പോഷ്—പ്ലേ—പാർലർ പ്രദാനം ചെയ്യേണ്ടതു്. അതിനു കാരണങ്ങളും പലതാണ്. അതെന്തായിരിക്കണമെന്നു പലർക്കും വ്യക്തമായ ധാരണ തന്നെയുണ്ട്. ചിലർ സന്തുഷ്ടമായി സമയം ചെലവഴിക്കാൻ വരുന്നു; മററു ചിലർ വിശ്രമിക്കാൻ വരുന്നു. വേറെ ചിലർ തങ്ങളുടെ ഭാര്യമ രിൽനിന്നും ഗേൾഫ്രണ്ട്സിൽ നിന്നും മറച്ചുവയ്ക്കുന്ന ലൈംഗികാഭിരുചികൾ പ്രദർശിപ്പിച്ച് ആത്മസുഖം നേടാനാണ് വിവേകമുള്ള വേശ്യാപ്രാപ്തി സാധിക്കുന്നതു്.

അവിവാഹിതരായ ചെറുപ്പക്കാർ മിക്കവാറും അർദ്ധരാത്രി കഴിഞ്ഞാണു വരുന്നതു്. തന്റെ കൂടെ വീഞ്ഞു കുടിക്കുകയും നൃത്തം ചെയ്യുകയും ചെയ്തിട്ടുള്ള പെൺകുട്ടി കിടക്കറയിലെ യുദ്ധത്തിനു തയ്യാറാവാതെ വരുന്നതാണ് ഇതിനു കാരണം. അയാൾക്ക് അവളോടുള്ള അഭിനിവേശം കുറയുന്നെങ്കിലും ലൈംഗികാഭിനിവേശം വദ്ധിക്കുന്നതേയുള്ളു. അതിനാൽ യാതൊരു തടസ്സവും പറയാത്ത, ഹിതാനുവത്തികളായ, സൗന്ദര്യധാമങ്ങളുള്ള, വേശ്യാലയങ്ങളിലേക്ക് അവർ പോകുന്നു.

വൻ വേശ്യാലയങ്ങളിലെ ഭൂരിഭാഗം സന്ദർശകരും സമ്പന്ന കുടുംബങ്ങളിൽനിന്നും വരുന്ന വിവാഹിതരായ പുരുഷന്മാരാണ്. പലവിധ കാരണങ്ങൾകൊണ്ടാണ് അവർ വേശ്യാലയങ്ങൾ പൂകുന്നതു്. ചിലർ ബിസിനസ്സുകാര്യങ്ങൾക്കായി വീടുവിട്ടിട്ടു ദിവസങ്ങൾ കഴിഞ്ഞവർ, മററു ചിലർ ഒരു മാററത്തിനുവേണ്ടി കൊതിക്കുന്നവർ. ഒരു ശവത്തെപ്പോലെ കിടക്കയിൽ ശയിക്കുന്ന വികാരരഹിതരായ ഭാര്യമാരിൽ നിന്നും മോചനം നേടാൻ കൊതിക്കുന്നവർ.

കാരണമെന്തായാലും ശരി, ഉന്നത ഗണത്തിൽപ്പെട്ട ഒരു വേശ്യാലയം നിങ്ങളുടെ ഏതു വിധത്തിലുള്ള അഭിരുചിയേയും തൃപ്തിപ്പെടുത്തുമെന്നു തീർച്ച.

തങ്ങളെ രാജാക്കന്മാരാണെന്നു മററുള്ളവർ കരുതണമെന്നാണു ചിലരുടെ മോഹം. പണത്തിനുവേണ്ടി ആലിംഗനചുംബനാദികൾ നടത്തുന്ന അംഗനമാർ അത്തരക്കാരെ അല്പനേരത്തേക്കെങ്കിലും യഥാർത്ഥ രാജാക്കന്മാരെപ്പോലെ പരിചരിക്കുന്നു. ചിലർ ഒരു ശിശുവാകാനാണിഷ്ടപ്പെടുക, പരിചയസമ്പന്നയായ ഒരു ഗണികയ്ക്കു് ഒരു പുരുഷനെ ശിശുവായി കണക്കാക്കാൻ ഒരു പ്രയാസവുമില്ല. എങ്കിലും മിക്ക പുരുഷന്മാരും വിശ്രമിക്കാനും ശ്രദ്ധിക്കപ്പെടാനുമാണ് വേശ്യാഗൃഹം പൂകുന്നതു്. അക്കാരണത്താൽ പുരുഷൻ കിടക്കയിൽ മലർന്നു കിടക്കുന്നു. എല്ലാവിധ ജോലികളും ചെയ്യേണ്ടതു് പെൺകുട്ടിയാണ്. പുരുഷൻ ആസ്വദിക്കുന്നു. അത്രമാത്രം.

ഏതുതരത്തിലുള്ള സെക്സാണ് പുരുഷന്മാർ ഇഷ്ടപ്പെടുന്നതെന്നറിയേണ്ടേ? നീണ്ടുനിവർന്നു കിടക്കുന്നതാണ് കൂടുതൽ പേരും ഇഷ്ടപ്പെടുന്നതു്—മുകളിൽ പുരുഷനായാലും ശരി, സ്ത്രീയായാലും ശരി. ഫ്രഞ്ചിംഗ്, ബ്ലോ-അപ്പ്, ഫെല്ലാഷ്യോ എന്നീ പേരുകളിലറിയപ്പെടുന്ന കേളിയാണ് തൊട്ടടുത്തുനിൽക്കുന്നതു്.

ചില അവിദഗ്ദ്ധകളായ പെൺകുട്ടികൾ ആദ്യം ഫ്രഞ്ചിംഗ് പഠിക്കുന്നതു് ഏത്തക്കായിലോ വെള്ളരിക്കായിലോ ആണെന്നു പറയപ്പെടുന്നു. കൊടുക്കാനും വാങ്ങാനും അറിയാവുന്നവരാണ് ആധുനികവേശ്യകൾ. പുരുഷന്മാരുടെ പ്രിയപ്പെട്ട ഭാര്യമാർ കിടക്കയിൽവച്ചു രതികർമ്മം എങ്ങിനെയെങ്കിലും ഒന്നു തീർന്നു കിട്ടണമെന്നു മാത്രം ആഗ്രഹിക്കുന്നവരാണ്. അഭിസാരികമാർ തങ്ങളുടെ തൊഴിൽ ഒരു കലയാക്കി മാററുകയും പുരുഷന്മാരെ നാനാവിധത്തിൽ രസിപ്പിക്കുകയും ചെയ്യുന്നു.

(തുടരും)

—o—

മലകയറാൻ മടിക്കുന്ന പെൺകുട്ടികൾ

ഇതു് ഏഴാമതു തവണയാണ് സീതയേയുംകൂട്ടി ഈ മലയടിവാരത്തിലെത്തുന്നതു്, ഒരു തവണയെങ്കിലും അവളീ മലകയറാൻ കൂട്ടാക്കുന്നില്ല. ഓരോപ്രാവശ്യവും ഇവിടെ വന്നിട്ടുള്ളപ്പോഴൊക്കെ ഒരു പത്തുചുവടു കയറുമ്പോഴേക്കും സീത പറയാൻ തുടങ്ങും:

“എനിക്കു വയ്യ ദേവേട്ടാ എന്റെ കൈയ്യും കാലും കഴയ്ക്കുന്നു.”

ഒരിക്കൽ സീതയങ്ങനെ പറഞ്ഞപ്പോൾ ദേവരാജൻ സമാശ്വസിപ്പിച്ചു:

“സാരമില്ല സീതേ, ഒരല്പംകൂടി കയറിയാൽ പിന്നെ യാതൊരു വിഷമവുമില്ല. നല്ല രസമാണ്.”

“എന്നാലും എനിക്കു വയ്യ. ദേവേട്ടൻ നോക്കൂ, എന്റെ കാൽപൊട്ടി ചോരയൊലിക്കുന്നതു്.”

അവളുടെ മൃദുവായ പാദങ്ങളിലേക്കു നോക്കിയപ്പോൾ വിഷമം തോന്നി. ചുവന്നുതുടുത്ത കാലടികളിൽ അവിടവിടെയായി രക്തം പൊടിഞ്ഞിരിക്കുന്നു. അസഹ്യമായ വേദനയോടെ കാൽ തടവിക്കൊണ്ട് അവൾ മുഖത്തേക്കു നോക്കിയപ്പോൾ അയാൾക്കു പറയാതിരിക്കാൻ കഴിഞ്ഞില്ല

“ശരി. എങ്കിൽ വേണ്ട. നമുക്ക് ഇനിയൊരിക്കൽ വരാം.”

അവർ താഴേക്കിറങ്ങി റോഡിലെത്തി. അയാൾ സ്കൂട്ടർ സ്റ്റാർട്ടാക്കി. സാരി ഒതുക്കിപ്പിടിച്ചുകൊണ്ട് അവൾ പിൻസീററിൽ കയറിയിരുന്നു.

ഇതേ പ്രവൃത്തി കഴിഞ്ഞ ആറുപ്രാവശ്യവും ആവർത്തിച്ചതാണ്. എന്തായാലും ഇപ്രാവശ്യം ബലംപ്രയോഗിച്ചാണെങ്കിലും സീതയെ മലമുകളിൽ കൊണ്ടുപോവുകതന്നെ ചെയ്യും. ദേവരാജൻ നിശ്ചയിച്ചു.

നഗരത്തിൽനിന്നുള്ള വീതികുറഞ്ഞ പാത അവസാനിക്കുന്നിടത്ത് തപസ്സിരിക്കുന്ന മല. മലയുടെ നെറുകയിൽ പൂത്തുനില്ക്കുന്ന കാട്ടുചെമ്പകം. അതിനുചുവട്ടിൽ ദേവിയുടെ കറുത്ത അമ്പലം. അമ്പലത്തിലേക്കു കയറിപ്പോകാൻ കല്ലും പുല്ലും നിറഞ്ഞ ഒററയടിപ്പാത. അതങ്ങു താഴ്‌വരയിൽനിന്നേ ആരംഭിക്കുന്നു. പാതയുടെ ഇരുവശത്തും കടും ചുവപ്പുനിറമുള്ള വലിയ പൂക്കൾ പേറുന്ന കാട്ടുചെടികൾ. അവയ്ക്കിടയിൽ ആ പ്രദേശമാകെ ശബ്ദമുഖരിതമാക്കിക്കൊണ്ട് പറന്നുകളിക്കുന്ന കുരുവികൾ.

മലയെക്കുറിച്ചും, മലയുടെ നെറുകയിലുള്ള ദേവീക്ഷേത്രത്തെക്കുറിച്ചും ആലോചിക്കുമ്പോഴൊക്കെ ദേവരാജന്റെ സിരാപടലങ്ങളിൽ ഒരു പ്രത്യേകാനുഭൂതിയുടെ വിദ്യുത്പ്രവാഹം ഉണ്ടാവുന്നു. അതിന്റെ ആലക്തിക ലഹരി അയാളുടെ രോമകൂപങ്ങളിൽ നിർവൃതിയുടെ പൂമഴ ചൊരിയുന്നു.

വിവാഹത്തിനുമുൻപ് മൂന്നുപ്രാവശ്യം താനീ മലകയറിയിട്ടുള്ളതാണ്; ദേവരാജൻ ഓർത്തു. ആദ്യത്തെപ്രാവശ്യം പവിത്രയെന്ന പൊക്കംകൂടിയ പെൺകുട്ടിയായിരുന്നു കൂടെ. അയാൾ പരിചയപ്പെട്ടമ്പോൾ അവൾ ഏതോ വിദേശസർവ്വകലാശാലയിൽ സൂര്യകാന്തിപ്പൂക്കളുടെ പരാഗണസമ്പ്രദായത്തെക്കുറിച്ചൊരു തീസീസ് സമർപ്പിക്കുവാൻ റിസർച്ചു ചെയ്യുകയായിരുന്നു.

പബ്ളിക് ലൈബ്രറിയിലെ ഇരുളടഞ്ഞ ഇടനാഴികളിലൊന്നിൽവെച്ച് ഒരു നാളവളെ അവിചാരിതമായി പരിചയപ്പെട്ടു. അന്ന് അതൊരു വലിയ ബന്ധമായി പരിണമിക്കുമെന്ന് അയാൾ കരുതിയിരുന്നില്ല. പക്ഷെ സംഭവിച്ചതതാണ്.

എന്നിട്ട്, ഒരൊഴിവുദിവസം പവിത്രയെ മ്യൂസിയത്തിനുമുമ്പിലുള്ള തിരക്കൊഴിഞ്ഞ ബസ്‌സ്റ്റോപ്പിൽവെച്ചു കണ്ടുമുട്ടിയപ്പോൾ ദേവരാജൻ ചോദിച്ചു:

“പവിത്ര എന്നോടൊപ്പം വരുന്നോ?”

“എങ്ങോട്ട്?”

അവളുടെ വലിയ കണ്ണുകളിൽ ജിജ്ഞാസയുടെ പൂക്കൾ. അതിന്റെ ഭംഗി ആസ്വദിച്ചുകൊണ്ട് അയാൾ പറഞ്ഞു:

“മല കയറാൻ.”

“മലയോ? എവിടെ?”

കഥ

പെരുന്ന എൻ. ആർ.

“അകലെ. പവിത്രക്കറിയില്ലേ, ഈ പാതയവസാനിക്കുന്നിടത്ത്.”

പവിത്രയുടെ മുഖത്ത് ആഹ്ളാദത്തിന്റെ വലിയ മലരികൾ പൊട്ടി. അവയിൽ നീന്തിനടക്കുന്ന കരിമീനുകൾപോലെ അവളുടെ വലിയ കണ്ണുകൾ. തെല്ലുവിടർന്ന ആ ചെറിയ അധരങ്ങളിൽ ഒന്നു ചുംബിക്കുവാനായെങ്കിൽ എന്നയാൾ പരിസരബോധം മറന്ന് ആഗ്രഹിച്ചു.

“വരാം.” പവിത്ര പറഞ്ഞു. “മലകയറാൻ എനിക്കും വളരെ ഇഷ്ടമാണ്.”

അവളുടെ ശബ്ദം അയാൾക്കു പരിസരബോധമുണ്ടാക്കി. അയാൾ പറഞ്ഞു:

“ശരി. എങ്കിൽ അടുത്ത ഞായറാഴ്ച ഞാൻ ഹോസ്റ്റലിൽ വരാം. പവിത്ര കാത്തുനിന്നോളൂ.”

ഞായറാഴ്ച രാവിലെ പവിത്രയേയും പിന്നിലിരുത്തി, നഗരത്തിൽനിന്നുള്ള ചെറിയ പാതയിലൂടെ സ്കൂട്ടർ ഓടിക്കു



ബോൾ ദേവരാജന് ഒരു വലിയ സാമ്രാജ്യം വെട്ടിപ്പിടിച്ച ആഹ്ലാദമാണുണ്ടായിരുന്നത്. മലയെക്കുറിച്ചും ദേവിക്ഷേത്രത്തെക്കുറിച്ചും കേട്ടിട്ടുള്ളപ്പോഴൊക്കെ ആഗ്രഹിച്ചതാണ് എന്നെങ്കിലും ഒരുദിവസം അങ്ങോട്ടു പോകണമെന്ന്. എന്നിട്ടിതാ ഇന്ന് തന്റെ ആഗ്രഹം സഫലമായിരിക്കുന്നു. അയാളൊരു തമിഴ് പാട്ടിന്റെ ട്യൂൺ ചൂളംകുത്തി.

താഴ്‌വാരത്തിൽ തണൽപരത്തിനില്ക്കുന്ന അശോകമരത്തിന്റെ ചുവട്ടിൽ സ്കൂട്ടർ നിറുത്തി. പവിത്ര താഴെയിറങ്ങി. ചുററും നോക്കി. എന്നിട്ടു ചോദിച്ചു:

“ഇതാണോ ദേവരാജൻപറഞ്ഞ മല?”

കാററിൽപ്പറന്ന മുടിയിഴകൾ ഒതുക്കിവെക്കാൻ അവൾ കൈകളുയർത്തിയപ്പോൾ സ്ഥാനംതെററിയ സാരിക്കിടയിലൂടെ അവളുടെ ചെറിയ വയറയാൾ കണ്ടു. അതിലൊരു ഭംഗിയുള്ള മുത്തുപതിച്ചതുപോലെ അവളുടെ പൊക്കിൾക്കുഴി. അതിൽനിന്നുമൂറുന്ന മദജലംപോലെ ചെമ്പിച്ചനിറമുള്ള രോമം താഴേയ്ക്കു് നേർരേഖ സൃഷ്ടിക്കുന്നു.

സ്വയം നിയന്ത്രിച്ച് അയാൾ പറഞ്ഞു.

“വരൂ, നമുക്കു കയറാം.”

അവളൊരു കുസൃതിച്ചിരിയോടെ ചോദിച്ചു.

“വഴിയിൽ കല്ലും മുള്ളുമുണ്ടാവില്ലേ ദേവരാജൻ?”

“ഉണ്ടാവും. അതിനല്ലേ ഞാനീ ഷൂ ധരിച്ചിരിക്കുന്നത്?”

“അപ്പോൾ ഞാനോ?”

“പവിത്രയുടെ ഹൈഹീൽഡു ചെരിപ്പു തന്നെ ധാരാളം. നിലത്തുനിന്നും മൂന്നടി പൊക്കമില്ലേ?”

അവൾ ചിരിച്ചു. എന്നിട്ടയാളുടെ കൈയിൽപ്പിടിച്ചുകൊണ്ട് മുകളിലേക്കു നടന്നു

കുറെ കയറിക്കഴിഞ്ഞപ്പോഴേക്കും പവിത്ര വല്ലാതെ കിതച്ചുതുടങ്ങി. അവളുടെ നീണ്ട നാസികയുടെ തുമ്പിൽ വിയർപ്പുകണങ്ങൾ പൊടിഞ്ഞു. ദേവരാജന്റെ തോളിൽത്തൂങ്ങിക്കൊണ്ടവൾ കൊഞ്ചി:

“ദേവരാജൻ, മതി. ഇനിയൊരല്പം വിശ്രമിച്ചിട്ടുപോകാം.”

“ശരി.”

അയാളവളോടൊപ്പം നിലത്തിരുന്നു. എന്നിട്ട് പാൻറ്സിന്റെ പോക്കററിൽനിന്നും സിഗററ്റുകെയ്സെടുത്തു തുറന്നു. ഒരു സിഗററെറടുത്തു ചുണ്ടിൽ വെയ്ക്കുമ്പോൾ ലൈററർ തട്ടിപ്പറിച്ചു കൈക്കലാക്കിയിട്ട് പവിത്ര പറഞ്ഞു:

“ഞാൻ കത്തിച്ചുതരാം.”

അവളയാളുടെ സിഗററ്റിനു തീ പിടിപ്പിച്ചു. ആദ്യത്തെ കവിൾപ്പുക അവളുടെ മുഖത്തേക്കയാൾ ഊതിവിട്ടു. സുഖകരമായ ആ ഗന്ധം തികച്ചും ആസ്വദിക്കാനെന്നോണം അവളുടെ നാസിക വിടർന്നു.

ദേവരാജൻ അവളുടെ തുടയിൽ കൈവെച്ചു പതുക്കെ അമർത്തിക്കൊണ്ടു ചോദിച്ചു:

“പവിത്ര ഇതിനുമുൻപ് മലകയറിയിട്ടുണ്ടോ?”

“ഒന്നു രണ്ടു പ്രാവശ്യം.”

“ആരുടെ കൂടെ?”

അവളുടെ വലിയ കണ്ണുകളിലെ തിളക്കം വർദ്ധിച്ചതുപോലെ തോന്നി. വികാരജനകമായ ഏതോ പൂർവ്വസ്മരണ അയവിറക്കുന്നതുപോലെ അവൾ തെല്ലുനേരം മിണ്ടാതിരുന്നു. അയാളവളുടെ തുടയിലൂടെ വെറുതെ വിരലോടിച്ചു. കിക്കിളികൊണ്ടു പുളഞ്ഞ് അവൾ പൊട്ടിച്ചിരിച്ചു. അവളുടെ മാറിൽനിന്നും സാരി ഊർന്നലഞ്ഞു മടിയിൽവീണു. ഇറക്കിവെട്ടിയ ബ്ലൗസിനുള്ളിൽ ശ്വാസംമുട്ടിപ്പിടയുന്ന വലിയ മുലകൾ.

“പറയൂ പവിത്രേ, ആരുടെ കൂടെയാണ് മുൻപ് മലകയറിയിട്ടുള്ളത്.”

“എന്റെ ഒരു കസിൻ ബ്രദറിന്റെ കൂടെ. പക്ഷെ ഇഷ്ടനിത്ര സ്മാർട്ടല്ല.”

അവളയാളുടെ കവിളിൽ നുള്ളി. അയാളവളെ അരികിലേക്കു ചേർത്തുപിടിച്ചു. അപ്പോഴവളുടെ വലിയ മുലകൾ അയാളുടെ മാറിൽ ഞെരിഞ്ഞമർന്നു. അവളുടെ നേർത്ത അധരങ്ങൾ വിടർന്നു. അയാളതിൽ ഉദ്ദവാവി ചുംബിച്ചു.

“മതി. വരൂ, നമുക്കിനി നടക്കാം.”

അവളയാളെ തള്ളിമാററിക്കൊണ്ടെഴുന്നേററു.

“പവിത്രയുടെ ക്ഷീണമൊക്കെ മാറിയോ?”

“ഉം.”

അയാളും എഴുന്നേററ് അവളോടൊപ്പം നടന്നു.

മലമുകളിലെത്തുമ്പോഴേക്കും ഇരുവരും നന്നെ തളർന്നുകഴിഞ്ഞിരുന്നു. അയാളുടെ കിതപ്പുകേട്ട് പവിത്ര ചിരിച്ചു.

മണലാരണ്യത്തിലൂടെ ഒരൊട്ടകം

പി. ടി. അബ്ദുറഹിമാൻ

അകലങ്ങളിൽപൊട്ടി-
യൊഴുകിക്കുതിച്ചെത്തു-
മുറവെൻ തോൽസഞ്ചിയ്ക്കു
മെനിക്കും കുളിർ നൽകെ,
മുതുകെല്ലൊടിയ്ക്കുന്ന
ഭാരമല്ലിതെന്നെന്റെ
നിനവിൻ മരുക്കപ്പ-
ലിടറിപ്പറഞ്ഞുവോ?
പദങ്ങൾക്കറിയാത്ത
ഭാഷയിൽ; ഭാവത്തിന്റെ
തനിമയ്ക്കുയിരിട്ടൊ-
രഴകിൽ എന്തെന്തെല്ലാം
പറയാം! —അത്രത്തോളം
മൊഴിയാൻ. മനസ്സിന്റെ
കനം താങ്ങുവാൻ കൊച്ചു
വാക്കിന്റെ ധ്വനിയ്ക്കാമോ?
പിന്നെയും കാതങ്ങളെ
കാൽകളാൽ പിന്നോട്ടാക്കി-
ക്കൊണ്ടുനീങ്ങിടുന്നൊരീ-
യൊട്ടകമുരച്ചുവോ?

ഒരിടത്തങ്ങെങ്കിലു-
മുറന്നില്ലെങ്കിൽ ജീവ-
ജലമിത്തോൽസഞ്ചിയി-
ലറിവായ് നിറയുമോ?

ദേവീക്ഷേത്രത്തിന്റെ മുമ്പിൽ ചിതറിവീണു കിടന്നിരുന്ന ചെമ്പകപ്പൂക്കൾ കൈകളിൽ വാരി, പവിത്രകോവിലിനുള്ളിലേക്കെറിഞ്ഞു. അതുപോലെ അയാളും ആവർത്തിച്ചു. അദമ്യമായ ആഹ്ലാദംകൊണ്ടു സഹികെട്ടിട്ടെന്നോണം അവളുറക്കെ ചിരിച്ചുകൊണ്ടിരുന്നു. അവസാനം കുറെ നേരം ചെമ്പകത്തിനു ചുവട്ടിലുള്ള ഒതുക്കുകല്ലിൽ ഇരുന്നു വിശ്രമിച്ചതിനുശേഷം അവർ താഴേക്കിറങ്ങി. അപ്പോൾ ജീവിതത്തിലിതുവരെ അനുഭവിച്ചിട്ടില്ലാത്ത സംതൃപ്തിയാണിരുവർക്കുമുണ്ടായിരുന്നത്.

പിന്നീട് ദേവരാജൻ രണ്ടുപ്രാവശ്യം കൂടി ആ മലമുകളിൽ കയറിയിട്ടുണ്ട്. ഒരിക്കൽ ഡാലിയ എന്ന പേരിൽ പെർഫ്യൂം നിർമ്മിക്കുന്ന കമ്പനിയിൽ റിസപ്ഷനിസ്റ്റായി ജോലി നോക്കുന്ന മിസ്സിസ്സ് ആരതി വിശ്വനാഥൻ എന്ന മധ്യവയസ്കയായിരുന്നു കൂടെ. തന്റെ ക്ലാസ്മേററായിരുന്ന തോമസ് ഏബ്രഹാം എന്ന സെയിൽസ് എക്സിക്യൂട്ടീവ് മുഖേനയാണ് അവരെ പരിചയപ്പെട്ടത്. മിസ്റ്റർ വിശ്വനാഥന്റെ ആത്മസുഹൃത്തായിരുന്നു തോമസ് ഏബ്രഹാം. ഇനിയൊരിക്കൽ നാട്ടിൽ നിന്നും ഇൻറർവ്യൂവിനായി നഗരത്തിലെത്തിയ റോസിലിൻ എന്ന പത്തൊൻപതുകാരി പെൺകുട്ടിയോടൊപ്പമാണ് മല കയറിയത്. റോസിലിൻ നാട്ടിൽ തന്റെ അയൽവക്കക്കാരിയായിരുന്നു.

അയാളോർത്തു: പവിത്രക്കും മിസ്സിസ്സ് ആരതി വിശ്വനാഥനും മലകയറാൻ സന്തോഷമേ ഉണ്ടായിരുന്നുള്ളൂ. തമ്മിൽ വലിയ അടുപ്പമില്ലാതിരുന്നിട്ടും റോസിലിനെ മലമുകളിൽ കൊണ്ടുപോകാനെത്ര വേഗം കഴിഞ്ഞു. പക്ഷെ സീതയുടെ മുമ്പിൽ അക്കാര്യത്തിൽ പരാജയം മാത്രമാണു സംഭവിക്കുന്നത്. ആറുപ്രാവശ്യവും അവൾ പറഞ്ഞ “മുട്ടാപ്പോക്കു”കൾ കേട്ട് മലകയറാതെ തിരിച്ചു പോന്നു. മുമ്പൊരിക്കലും അനുഭവപ്പെടാത്ത ഈ പരാജയബോധം ഒരിക്കലും തന്റെ വ്യക്തിത്വത്തിന്റെ തോൽവിയായിക്കൂടാ. ദേവ